# UNIVERSITY OF KERALA

***(Re-accredited by NAAC with 'A++' Grade)***

## MINUTES OF THE SPECIAL MEETING (BUDGET SESSION) OF THE SENATE HELD ON 26TH MARCH, 2025

| | | |
|---|---|---|
| ***Time*** | : | ***10.00 AM*** |
| ***Place of Meeting*** | : | ***Senate Chamber, University Buildings, Thiruvananthapuram*** |

**Members Present**

1. Shri. Rajendra Vishwanath Arlekar
   Hon'ble Chancellor (In the Chair)
2. Dr. Mohanan Kunnummal
   Vice-Chancellor
3. Smt. Kala S V
   Special Secretary, Finance Department, Govt. of Kerala
4. Dr. Prasad J
   Chairman, State Advisory Board of Education
5. Dr. L Darwin
6. Dr. D. Muhammed Noorul Mubarak
7. Dr. Bindu T V
8. Dr. E. A Siril
9. Dr. Sindhu Thulaseedharan
10. Dr. R. Vasanthagopal
11. Dr. Sumesh Divakaran
12. Dr. Meena T Pillai
13. Prof. Manoj V
14. Prof. (Dr.) Prakash K C
15. Dr. Ajimol P G
16. Dr. B Rajendran
17. Smt. O S Ambika MLA
18. Sri. M S Arun Kumar MLA
19. Sri. D K Murali MLA

20. Dr. Sujith Vijayan Pillai MLA
21. Dr. Manju S Nair
22. Dr. Nazeeb S
23. Dr. Sam Solomon
24. Sri. Vinod K Joseph
25. Dr. Rahim K
26. Dr. B Asok
27. Dr. Aji P.L
28. Sri. Santhoshkumar S
29. Dr. Vishnu Gopan
30. Dr. Bijukumar K
31. Dr. Suboj Babykutty
32. Dr. Soju S
33. Dr. Hashim M
34. Dr. Ajesh S.R
35. Sri. Firos Khan
36. Dr. Biju A
37. Dr. Pramod N
38. Dr. Nithya U S
39. Sri. Adheesh U
40. Dr. Sivaprasad A
41. Dr. T R Manoj
42. Smt. Priya Priyadarsanan
43. Dr. Jyolsna S
44. Dr. M Lenin Lal
45. Smt. Priji Sasidharan
46. Sri. Praveen G Panicker
47. Adv. R.B Rajeev Kumar
48. Smt. S Pushpalatha
49. Adv. Gopukrishnan C G
50. Sri. Ajay D.N
51. Sri. Binukumar K
52. Sri. Ahamed Fazil Y
53. Sri. Osbon Y
54. Sri. P S Gopakumar
55. Dr. S Mini Venugopal
56. Dr. Vinodkumar T G Nair
57. Sri. S N Raghuchandran Nair
58. Sri. M S Faisal Khan
59. Dr. Sree Prasad R
60. Sri. Sreekumar P
61. Adv. Manju V K

62. Dr. Divya S R
63. Dr. Paulraj R
64. Ms. Deviaparna J S
65. Ms. Krishnapriya R
66. Ms. G R Nandana
67. Adv. Muralidharan Pillai G
68. Dr. Shijukhan J S
69. Prof.(Dr.) P.M Radhamany
70. Dr. S Jayan
71. Sri. R Rajesh
72. Dr. K. G Gopchandran

***The Hon'ble Vice-Chancellor welcomed the House.***

**Vice-Chancellor**

**'നമസ്തേ'**

Most respected Chancellor and Hon'ble Governor of Kerala Sri. Rajendra Vishwanath Arlekar, the Registrar of the University Prof.(Dr.) K.S Anil Kumar, respected members of the Senate including MLAs, Syndicate Members, Deans, student members, ladies and gentlemen. I am extremely happy and proud to be here in this historic occasion where the Chancellor of the University is being present and addressing us. University of Kerala is the oldest among the Universities in Kerala, with a great history. It was established in 1937 by the then king of Travancore whose statue can be seen installed at the entrance to this campus. At that time it was called University of Travancore and later in 1957 it became University of Kerala. It was the only University in the state of Kerala at the time. Subsequently other Universities came into existence in Kerala. But still the first University in Kerala remains the best and foremost University in Kerala, because of its ranking. We have been ranked $9^{th}$ best state University in the country and NAAC A++with 3.67 score and so we are at the top. We have 195 colleges affiliated to this great institution and the University campus has got 43 Departments. All our Departments are doing excellent academic and research work. We are proud to announce that we are the First University in Kerala that implemented the National Education Policy 2020 by commencing the Four year UG Programme. Subsequently all other Universities in Kerala followed us. In the research front I can proudly say that we are producing approximately 500 Ph.Ds every year, probably the largest number in the state and also these Ph.Ds are world class and they are accepted as excellent in the entire globe.

Now let me come to my present duty of welcoming our most respected Hon'ble Chancellor to this great University of Kerala. Respected Hon'ble Chancellor Sri. Rajendra Vishwanath Arlekar, within days of him assuming power, showed that he is a powerful and a visionary leader. His Excellency has already visited and addressed the Senate meetings of University of Calicut as well as Mahatma Gandhi University and also has presented himself as

the Chief guest in Kerala University of Health Sciences, during its Convocation Programme. His Excellency the Hon'ble Chancellor has launched a huge programme in the entire state, to fight against narcotics. We all know that narcotics is a bad, dangerous and threatening business and it affects the entire youth of the country, especially the youth within the Universities. His Excellency has issued a clarion call and has launched a big programme against narcotics and now it has spread like a wild fire in the entire state. The Government, the Police, the Excise, all social media, and the media itself is fighting this war, a war that we cannot loose. We definitely will win and the Hon'ble Chancellor will be leading this war.

I Thank your Excellency for doing this great job and I welcome our most respected Hon'ble Chancellor to this Senate Meeting of the University of Kerala and I request you to address us.

Thank You.

***The Hon'ble Chancellor Shri. Rajendra Vishwanath Arlekar addressed the august House.***

**Address by the Hon'ble Chancellor**

Let me introduce myself, I was a politician and as a politician I always preferred to talk and interact with people, rather than address. My greetings to all, I am really very honoured to be here with you all people and members of the Senate.I always considered the members of the Senate as *Vidwath Jana, y*ou are all Vidwans and this is *Vidwath Sabha.* I welcome all present here, all the Senate members, Syndicate members, our MLAs who are also present and are part of this House.

I had a practice of attending all Senate meetings and when I was in Bihar I presided the Senate meetings of the Universities there and the first University that I presided was Jayaprakash Narayan University in Chapra, Bihar. It was again a budget meeting, as we have today and I attended the full meeting. There has never been any history of Chancellor/Governor attending the business of the meetings of the Senate in Bihar. It has always been assigned to the Vice Chancellor to preside over the meetings, as if the Chancellor/Governor has no business to do with the University or its Senate. I find that the Chancellor has a very vital role in the development of the educationalsystem of the State and its Universities. So when I started presiding the Senate meetings, it came as a surprise to the people of Bihar.

In fact the Legislative Assembly of Bihar passed a congratulatory motion in favour of my initiative in having attended the Senate meetings of the Universities in Bihar.

That was in fact a different thing there, but coming to Kerala, we are all well educated having a very high literacy rate. Whenever I travel to other parts of the country they say that Kerala has very high level of education. So we always respected it and today I am honoured to be among you because of that matter. Our University is one of the very few old

Universities in the country having a very big canvas of ester years with immense contributions. I have come to know that our former president of India Sri. K R Narayanan was a student of our University.

I always prefer an interactive mode of conveying my thoughts rather than reading out what I intend to convey. The Senate meetings are to be conducted on a regular basis as I consider it as crucial for the upliftment of the University. I am of the opinion that even though there are other Statutory bodies such as the Academic Council, Executive Council etc. the Senate of the University is the Supreme body which is decisive on all important issues. The Senate is the crucial body that can guide the University on important aspects concerning the University, though we have administrative system supported by academicians.

I don't wish to know, how you became members of the Senate and who favoured you in this respect, but I only want to emphasise that you are here to do something for the University in general and to the Education system of the state. As members of the Senate, you are sitting here for the benefit of the people and the next generation of students. So I urge each Senate member to bear in mind that you are not a member just for a day or two but for 365 days. Every Senate member must have the thought of contributing to the University by monitoring academically and intellectually through discussions. I always believe that by sitting together and discussing issues with the authorities of the University would solve half of the problems and create more ideas. Today before I came here I have read News paper reports with observations made by some experts regarding students going outside our state for higher education. This struck my mind and I thought why do they go and what was the reason, as we have a fantastic educational system inside our state. Even when I was in Bihar, I came to know that everyone in Patna was aware of our University, in having excellent infrastructure that includes buildings, sports grounds and academic infrastructure. Why our students go outside of the State. Why do they go to Bangalore? why do they go to Chennai? Why do they go to Mumbai, Delhi? We have all the facilities here and what is the reason? This is the question that I ask to myself and all of us here have to collectively think of the reasons behind it and the Senate has the most important responsibility. The same thing was happening in Bihar where students after completion of their plus two went outside Bihar for higher studies. I think they are also coming to Kerala when that state had such big heritage of educational institutions that we are proud of, such as Nalanda, Vikramshila and also other Universities. We have to find out the reason why our students go elsewhere, when we have such great educational institutions of higher learning. We have to change this in the coming years and inspire our students to undergo their higher studies within our state and stop this tendency of leaving our state. I consider the New Educational Policy 2020 as providing valuable insight into this problem and I have discussed the matter with the people here in Kerala and also outside Kerala. I have conducted some seminars in Bihar for this particular policy and I find substance in the New Education Policy 2020.

The Kasturirangan Committee, chaired by Dr. K. Kasturirangan, was instrumental in drafting the National Education Policy (NEP) 2020 in India. Dr. K. Kasturirangan is known

to all of us and it is he and other educationists of our country that submitted the proposal with a time frame for its implementation. Fortunately we in Kerala have introduced the Four Year Degree programme in our Universities. If we go through the New Education Policy 2020 we will find that the same is student centric and hence we have to do everything possible for the students in that direction. We have to identify the courses that are demanding and introduce them in our education system. This can attract students and their parents to our Universities and colleges. I happened to be in Madurai Kamaraj University. There also I found that students were studying in that University from outside states. The New Education Policy 2020 answers to all questions related to our Educational system. All these years we were following the Education Policy which was not a policy suited to our country but which was imposed upon us by the Britishers through Lord Macaulay and look at the damage it has brought to our Educational system and society. Today we have this Education Policy which has been implemented seriously more than ever before and it decolonizes our educational system. Our Educational system which was colonized by the Britishers was more suited for them to propagate their agenda, policies and propagandas. But now this new education policy 2020 which has been drafted, circulated and adopted is being implemented more seriously than earlier. It is for us to adopt measures suited to our Indian ethos and Indian soil that gives us different activities which we exactly require. The Britishers through their Educational System aimed to create slaves rather than masters. Through the new Education policy we are creating masters and not mere job seekers, as was done previously. In the earlier system that prevailed, a student after his graduation applies for a job and in the process he may approach an MLA or MP or Minister or a person who is influential, seeking a job based on his academic achievements. We should create a younger generation who are job givers rather than job seekers. Today we are changing and there are many sectors both under the Central Government as well as at the State Government level that support start up schemes. Now it is for all of us who are present here to decide upon the state of our next generation of students at the University level aimed at creating masters who provide job. We should focus on creating masters who rule our country and create their own business. The Universities should have incubation centers that supports early stage businesses and entrepreneurship, by providing resources, guidance and supportive environments to help them grow and develop. The University of Kerala should play a lead role in this direction as the Universities are the backbone of our system for creating a younger generation that are job givers rather than job seekers. As a Senate Member it is your responsibility to ensure that you do your best for the benefit of the future generation, without leaving any question that may arise in future.

Before I conclude I would like to bring to your attention a major issue pointed out by our Vice Chancellor related to the menace of drug abuse in our campuses which destroys our future generation. This is not a problem that prevails only in Kerala but all over the country and I have witnessed this menace of drug abuse in Himachal Pradesh, Bihar and Goa. As the speaker of the Goa Assembly, I once visited Goa University and the Vice Chancellor took me around the University and showed me a young girl who was lying in the hostel after

consuming some drugs. I noticed that the girl was lying in the hostel totally unaware of her surroundings. The problems created by this menace of drugs are limitless and so it is for the University of Kerala to take the leadership against this menace and propagate Anti-Drug Campaign. As parents we are responsible in preventing our children from becoming addicted to drugs and have to take possible measures by monitoring and guiding them at home, even when we give them freedom in the name of freedom of expression. This has to be done through parental affection rather than imposing upon them as a law maker in the family. At the University level you have an important role to take the leadership in this campaign against drugs. A few days back I had a discussion with the Hon'ble Vice Chancellor on the matter and I requested him to prepare a note on the subject matter, I should say that he has furnished a fantastic note outlining the reasons and solutions. I suggest that we should dedicate one day in a month in our Universities, affiliated colleges and other educational institutions as anti-drug day and do some campaign against drugs, leaving all other classroom activities. On this particular anti drug day we should strive to create awareness against the menace of drugs. I have noticed that general public some times cite the nexus between the System, administration and drug peddlers and I don't deny that. It is for us to act like watch dogs and stand up against all these venoms and tell the society that no body shall be allowed drug peddling and consumption. Let all of us who have gathered here vow to take a stand against this drug menace and people will follow us. I am not going into the budget provisions currently placed and I will go through them afterwards. All I have to say is that the budgetary provisions should be properly utilised in the interest of the student centric educational system we have.

I am thankful to you for having invited me to this Senate meeting and I wish I could come some other day to have more interaction with you. I would like to remind you once again to be more serious on all the issues that we discussed today, especially with regard to our student community who are our future generation. Before I conclude let me also add that if any one wishes to address me on any matter regarding the education sector or on any matter related to its implementation you are welcome to seek an appointment at Kerala Raj Bhavan personally in my phone number. We will have a cup of tea or coffee and discuss the matter. I personally love having a good relationship with you all.

Thank You

***The Hon'ble Vice-Chancellor presented an official momento of the University and a copy of the whole set of Hortus Malabaricus to the Hon'ble Chancellor.***

***The Hon'ble Chancellor greated all the members once again and made his exit at 10.45 am.***

***The Vice-Chancellor announced a break of 15 minutes.***

***The House reassembled at 11.00 am for the continuation of the House, chaired by the Hon'ble Vice-Chancellor***

## (II) Business brought forward by the Vice-Chancellor and the Syndicate.

**01. Award of Degrees, Diplomas, Titles, and Certificates. (C.E/D.D)**

*The Following resolution moved by Dr. Rahim K, Member, Syndicate and Convenor, Standing Committee of the Syndicate on Examinations and seconded by Dr. Gopchandran K G , Member, Syndicate was unanimously adopted by the House.*

"*That, all candidates who have passed the various examinations under the different Faculties and also those who carried on research under the prescribed conditions and who have been adjudged worthy, to be awarded the Research Degrees under the various faculties and whom the Syndicate during the period from 12th November, 2024 to 25th March, 2025 on the report of the examiners, has certified to be qualified to receive the respective Titles, Diploma, Certificates and Degrees and those students of Autonomous Colleges who have successfully completed their course of study and are duly recommended by the Governing Council of the respective Autonomous Colleges during the aforesaid period for award of Degrees be admitted to those Titles, Diplomas, Certificates and Degrees and in token thereof they may be presented with the respective Titles, Diplomas, Certificates and Degrees.''*

==========================================================================

**02. Report on the Audit of Accounts of the University of Kerala for the year 2022-23- Consideration of– reg. (OAD 3)**

As per Section 50(4) under Chapter VII of the Kerala University Act 1974 (Act 17 of 1974) and in pursuance of Section 13 of the Kerala Local Fund Audit Act, 1994 and Rule 18 of the Kerala Local Fund Audit Rules 1996, the Joint Director, Kerala State Audit Department, Kerala University Audit has submitted the Audit Report of the University of Kerala for the year 2022-23.

Statute 10(4), Chapter VI of the Kerala University First Statutes 1977 stipulates that the Syndicate shall publish the Accounts when audited, together with the Audit Report in the Government Gazette and forward copies of the Accounts and Audit Report to the Senate and to the Government.

Accordingly, the Audit Report 2022-23 was placed before the Syndicate held on 05.11.2024 & 11.11.2024 for consideration. The Syndicate, vide item no. 15.13, considered and approved the report on the audit of accounts for the year 2022-2023 and recommended to place the same before the Senate for consideration.

As per Statute 93, Chapter V of the Kerala University First Statutes 1977, the Senate may consider the Audit Report at its ordinary meeting. In accordance with the Syndicate resolution, the report on the audit of accounts of the University of Kerala for the year 2022-2023 is submitted for consideration of the Senate.

**The House considered and approved the Audit Report for the Year 2022-23.**

==========================================================================

**03. Annual Accounts for the financial year 2023-2024- Approval-reg.**
**(Accounts-II)**

As per Para 10, Chapter 6 of the Kerala University First Statutes 1977, the Syndicate shall consider the Annual Accounts of the University and place it before the Senate for approval at its Annual Meeting. Annual Accounts approved by the Senate is to be submitted to the Government for placing before the State Legislative Assembly.

The Syndicate at its meeting held on 09.09.2024 vide item no: 14.06.01 approved the draft of the Annual Accounts for the financial year 2023-24. As per the orders of the Vice-Chancellor, Annual Accounts for the Financial Year 2023-24 is placed before the Senate for consideration and approval.

**The House considered and approved the Annual Accounts for the financial year 2023-24.**

==========================================================================

The Vice-Chancellor announced that next item is the presentation of the Budget and invited Adv. G. Muralidharan Pillai, Convenor, Standing Committee of the Syndicate on Finance to present the Budget.

**04. Preliminary Budget Estimates 2025-26– Considering of – reg. (Finance II)**

The Preliminary Annual Financial Estimates of the University is to be placed before the Senate, for approval, as per section 47(1) and (2) of Chapter VII of the Kerala University Act, 1974 and Statute 10(1) under Chapter 6 of the Kerala University First Statutes 1977.

Accordingly, the Preliminary Budget Estimates 2025-26 along with the Explanatory Memorandum is placed before the annual meeting of the Senate for consideration and approval.

Adv. Muralidharan Pillai G, Member Syndicate and Convener, Standing Committee of the Syndicate on Finance presented the Financial Estimates of the University for the year 2025-2026 together with the explanatory memorandum thereon in pursuance of the provisions contained in Section 47(1) and (2) of Chapter VII of the Kerala University Act, 1974 and Statute 10(1) under Chapter 6 of the Kerala University First Statutes, 1977.

***ആദരണീയനായ സഭാദ്ധ്യക്ഷൻ,***
***ബഹുമാന്യരായ സഭാംഗങ്ങളേ,***

സർവ്വകലാശാലകളിൽ ജനകീയ ബുദ്ധിജീവികളാണ് സൃഷ്ടിക്കപ്പെടേണ്ടത്. 'ഗ്രാംഷി' പറയുന്നത് ജൈവബുദ്ധിജീവികളുടെ പിറവി സാധ്യമാകണമെന്നാണ്. പുതിയകാലത്തെ തള്ളിത്തുറന്ന് വാഗ്ദത്തഭൂമിതേടി പ്രതീക്ഷയോടെയാണ് പുതിയതലമുറകൾ യാത്രതുടരുന്നത്. ഒറ്റ കുതിപ്പിൽ എത്തിച്ചേരാവുന്ന ഇടമല്ലതെന്ന് മാർക്സ് വ്യക്തമാക്കിയിട്ടുണ്ട്. അക്ഷീണമായ പ്രയത്നം ആവശ്യമുണ്ട്. 'കർമ്മണി വ്യജ്യതേ പ്രജ്ഞ' കേരള സർവ്വകലാശാലയുടെ ആത്മചൈതന്യമാണ്. അത് കേര

ളത്തിന്റെ ഹൃദയത്തിൽ നാട്ടിയിരിക്കുന്ന, ജ്ഞാനാന്വേഷണങ്ങളുടെ വിളക്കുകാലാണ്. നമ്മുടെയൊക്കെ സാമൂഹിക സാംസ്കാരിക ജീവിതത്തിൽ അത് പരത്തുന്ന വെളിച്ചത്തിന് എന്തൊരു വെളിച്ചമാണ്.

കേരളമാകെ പടരുന്ന മാനവികതയുടെ വെളിച്ചവും സുഗന്ധവും ഒരു സുപ്രഭാതത്തിന്റെ സമ്മാനമല്ല. കർമ്മകാണ്ഡങ്ങളുടെ, പോരാട്ടത്തിന്റെ, ജീവത്യാഗത്തിന്റെ, സമർപ്പണത്തിന്റെ, ശാന്തിഗാനങ്ങളുടെ ചേർച്ചയാണിതിന്റെ ചരിത്രവഴി. ആനന്ദഭൈരവി രാഗത്തിന്റെ ലിറിക്കൽ മെലഡിയും കാരിരുമ്പിന്റെ കരുത്തും സഹനത്തിന്റെ ഊർജ്ജപ്രവാഹവും ആ മാറ്റത്തിലുണ്ട്. കവി ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'മനുഷ്യന്റെ കൈകൾ' എന്ന കവിതാഭാഗം ശ്രദ്ധിക്കുമല്ലോ......

"മഹാസൗധമെല്ലാം പടുക്കുന്ന കൈകൾ
ചരിത്രങ്ങളെല്ലാം പടയ്ക്കുന്ന കൈകൾ
പെരുങ്കാലചക്രം തിരിക്കുന്ന കൈകൾ
ഇരുട്ടത്ത് പന്തംപിടിക്കുന്ന കൈകൾ"

മനുഷ്യ കരങ്ങളുടെ മഹാപ്രയത്നത്തിന്റെ ഉജ്ജ്വലപഥങ്ങൾ പിന്നിട്ടാണ് ഇന്നത്തെ കേരളത്തിലേക്ക് നമ്മൾ എത്തിച്ചേർന്നത്. ചെറിയ മാറ്റമല്ല നമ്മുടേത്; മാറ്റത്തിന്റെ സൂര്യതിളക്കത്തിലാണ് കേരളം. അതിന്റെ ഓരോ അടരും താലത്തിൽ വെച്ചുനീട്ടിയതല്ല, പോരാടി നേടിയതാണ്. അസാധാരണമായ സാമൂഹ്യാനുഭവങ്ങളുടെ കറുത്ത വീണയിൽനിന്നുമുയരുന്ന ശ്യാമരാഗമായി ചരിത്രമതിനെ അടയാളപ്പെടുത്തിയിട്ടുണ്ട്. മറന്നുപോകേണ്ട ഏടുകളല്ല ചരിത്രം; മുന്നോട്ടുപോകാനുള്ള കരുത്തിന്റെ രാസത്വരകമാണത്.

ഇന്നലകളിലെ അനുഭവങ്ങളുടെ ഊർജ്ജംപേറി, വർത്തമാനകാലത്തിന്റെ ശില്പശാലയിൽ, ഭാവിക്ക് സൂക്ഷിക്കാനാകുന്ന രൂപഭാവങ്ങളാണ് സർവ്വകലാശാലകൾ സൃഷ്ടിക്കുന്നത്. മനുഷ്യവംശത്തിന്റെ നിലനില്പിനെ സ്പർശിക്കുന്ന സമസ്ത മണ്ഡലങ്ങളും സർവ്വകലാശാലകളുടെ വിഷയമാണ്. ആരോഗ്യമേഖല, കാർഷികമേഖല, വ്യവസായ – വാണിജ്യമേഖല, ശാസ്ത്രസാങ്കേതികമേഖല, ഗതാഗത വാർത്താവിനിമയ മേഖല, ബാങ്കിംഗ്, ഐ.ടി., ആർട്ടിഫിഷൽ ഇന്റലിജൻസ് ഇങ്ങനെയുള്ള സമസ്ത മേഖലകളെയും സ്പർശിച്ചുണർത്താനും, പരിപാലിക്കാനും, ഗവേഷണോന്മുഖമാക്കാനും പര്യാപ്തമായ മനുഷ്യവിഭവശേഷിയുടെ പ്രഭവകേന്ദ്രമാണ് സർവ്വകലാശാലകൾ. മനുഷ്യജീവിതത്തെ പ്രകാശപൂരിതമാക്കുന്ന, സാഹിത്യം, കല, തത്ത്വചിന്ത, സിനിമ, സംഗീതം എന്നിങ്ങനെ എല്ലാ സർഗ്ഗസപര്യകളുടെയും വളർപന്തലുകളും മഹത്തായ സർവ്വകലാശാലകളാണ്.

ഇരുണ്ട കാലങ്ങളെ തലമുറകൾ മുറിച്ചുകടന്നത് സർവ്വകലാശാലകളും വിദ്യാഭ്യാസ കേന്ദ്രങ്ങളും പകർന്ന വെളിച്ചം ഏറ്റുവാങ്ങിയാണ്. വിജ്ഞാനം നേടുന്നതിനുള്ള വിവേചനങ്ങൾ കിടന്നിരമ്പിയത് അതിവിദൂരങ്ങളിലായിരുന്നില്ല എന്നത് മറന്നുപോകരുത്. അത്തരം കെട്ടകാലങ്ങളിൽനിന്നാണ് ശരിയായ പൗരസങ്കല്പങ്ങളിലേക്ക്, ജനാധിപത്യത്തിലേക്ക്, മതനിരപേക്ഷതയിലേക്ക്, സ്വാതന്ത്ര്യത്തിലേക്ക് നമ്മുടെ നാട് പോരാടിനീങ്ങിയത്. അതുകൊണ്ടുതന്നെ നവോത്ഥാനമൂല്യങ്ങളെ സംരക്ഷിക്കാനും, ഇരുണ്ടകാലത്തെ തിരിച്ചുവരാനാകാത്ത തരത്തിൽ അകറ്റിനിർത്താനും സർവ്വകലാശാലകൾ ജാഗ്രത പാലിക്കണം. ശ്രീനാരായണഗുരുവിന്റെ, ചട്ടമ്പിസ്വാമികളുടെ, അയ്യൻകാളിയുടെ, വി.ടി യുടെ, പി. കൃഷ്ണപിള്ളയുടെ, കേളപ്പന്റെ, എ.കെ.ജിയുടെ, വക്കം മൗലവിയുടെ, കുര്യാക്കോസ് ഏലിയാസ് ചാവറയുടെ, വൈകുണ്ഠസ്വാമികളുടെ അങ്ങനെ നിരവധിയായ മനുഷ്യസ്നേഹികളുടെ മാനവികതയിലുറച്ച മുന്നേറ്റത്തിന്റെ സഞ്ചിതസമ്മാനമാണ് നമ്മുടെ സമൂഹോന്നതിയുടെ രസതന്ത്രം. കൃഷ്ണമണിപോലെ അതിനെ കാത്തു സൂക്ഷിക്കപ്പെടണം. ചവിട്ടിനില്ക്കുന്ന മണ്ണിന്റെ ചൂരുംചൂടും കൂടി നമ്മുടെ പഠന, ഗവേഷണങ്ങളുടെ ഭാഗമാകണമെന്ന നിർബന്ധം സർവ്വകലാശാല സൂക്ഷിക്കുന്നത് അതുകൊണ്ടുതന്നെയാണ്.

വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയിലേക്ക് കേരളം കുതിക്കുന്നത് സാമ്പ്രദായിക ചട്ടക്കൂടിന്റെ പരിമിതികളെ അതിജീവിച്ചുകൊണ്ടാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ച സാങ്കേതിക മാനദണ്ഡങ്ങൾ സൂക്ഷിച്ചും വരുമാനത്തെ സംബന്ധിച്ച ഭ്രാന്തൻ ഭാവനകൾ സൃഷ്ടിക്കുന്നവരുടെ കാഴ്ചകൾ ഒഴിവാക്കിയും ഈ കുതിപ്പ് സാധ്യമാക്കിയത് കേരളത്തിന്റെ സവിശേഷതയാണ്. സാമ്പത്തിക പിന്നോക്കാവസ്ഥകളിലും വിദ്യാഭ്യാസത്തേയും ആരോഗ്യസംരക്ഷണത്തേയും വ്യാവസായിക വിക

സനത്തേയും ചേർത്തുപിടിച്ചുകൊണ്ട്, പ്രത്യേകതകളോടെ, സമാനതകളില്ലാത്ത മുന്നേറ്റത്തിന്റെ ഭാഗമാകുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് കേരളവികസന മാതൃകാ ലോകം ചർച്ചചെയ്യുന്നതും ജനങ്ങൾ അത് സ്വീകരിക്കുന്നതും.

ഇത്തരത്തിൽ ജനപക്ഷത്തുനിന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്ത് രൂപപ്പെടുന്ന വൈദഗ്ദ്ധ്യത്തെ, ഉല്പാദനത്തിലും മൂലധനരൂപീകരണത്തിലും ക്രിയാത്മകമാക്കി മാറ്റുന്നതിനു നമ്മുടെ സർവ്വകലാശാലകളിലും അവസരമൊരുക്കുന്നുണ്ട്. വൈജ്ഞാനിക മൂലധനത്തിനാവശ്യമായ പുതിയ ജ്ഞാനസാമഗ്രികകൾ സൃഷ്ടിക്കപ്പെടുകയും അവയ്ക്കാവശ്യമായ പേറ്റന്റുകൾക്ക് ഇവിടെ സംവിധാനമുണ്ടാവുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസവും അക്കാദമിക ഗവേഷണങ്ങളും അദ്ധ്വാന ശക്തിയുടെ വികാസമാണെന്ന പൊതുധാരണയിൽ തന്നെയാണ് ഈ ക്രമീകരണങ്ങളും സാധ്യമായിട്ടുള്ളത്. കേരള മാതൃകയെന്ന് അഭിമാനപൂർവ്വം അടയാളപ്പെടുത്തുന്നതിൽ ഇത്തരം നിലപാടുകൾക്ക് ശ്രദ്ധേയമായ പങ്കാളിത്തമുണ്ട്. ശബ്ദമില്ലാത്തവന് ശബ്ദം നൽകുന്നതാണ് വിദ്യാഭ്യാസത്തിന്റ മൗലിക ലക്ഷ്യമെന്ന ചിന്തയുടെ ആന്തരശ്രുതിയാണ് കേരളം കാലങ്ങളായി പിന്തുടരുന്ന ജനകീയ വിദ്യാഭ്യാസനയം. ഉന്നതമായ ഈ വിദ്യാഭ്യാസ സമീപനത്തിന്റെ സുദൃഢവും അഭിമാനകരവുമായ ഒരു കണ്ണിയാണ് കേരളസർവ്വകലാശാല.

കേരളത്തിന്റെ ജനകീയ സർക്കാർ കേരളസർവ്വകലാശാലയ്ക്കു നല്കിവരുന്ന സഹായ സഹകരണങ്ങൾ വിലപ്പെട്ടതാണ്. അക്കാദമിക വികസന പ്രവർത്തങ്ങൾക്കായി പ്ലാൻഫണ്ടിനത്തിലും സംരക്ഷിത സഹായമായും **അഞ്ച് കോടി എൺപത്തിഏഴ് ലക്ഷത്തി തൊണ്ണൂറ്റിനാലായിരം രൂപ**യാണ് ഇക്കഴിഞ്ഞ വർഷം നല്കിയിട്ടുള്ളത്. നോൺപ്ലാൻ ഫണ്ടിനത്തിലായി കേരള സർക്കാർ നൽകിയത് **284.88 കോടിരൂപ**യാണ്. നാക്ക് അക്രഡിറ്റേഷൻ, NIRF റാങ്കിംഗ്, QS വേൾഡ് റാങ്കിംഗ് ഉൾപ്പെടെയുള്ള ദേശീയ അന്തർദേശീയ റാങ്കിങ്ങുകളിൽ കേരളത്തിൽ ഒന്നാം സ്ഥാനവും ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയമായ സ്ഥാനവും നേടിയ കേരള സർവ്വകലാശാലയ്ക്ക് PM USHA പദ്ധതിപ്രകാരം **100 കോടി രൂപ**യുടെ വികസനപദ്ധതികൾക്കാണ് ഇപ്പോൾ അനുമതി ലഭിച്ചിട്ടുള്ളത്. 60 കോടി രൂപ കേന്ദ്രസർക്കാരും 40 കോടി രൂപ സംസ്ഥാന സർക്കാരുമാണ് ഈ പദ്ധതികൾക്കായി നൽകിയത്. ഇത് സർവ്വകലാശാലയുടെ പഠന, ഗവേഷണ പ്രവർത്തനങ്ങൾക്ക് പുതിയ ഭൂമിയും പുതിയ ആകാശവും സമ്മാനിക്കുമെന്നുറപ്പാണ്. സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതിയുടെ ഭാഗമായി 150 കോടി രൂപയുടെ വികസന പദ്ധതികളാണ് സർവ്വകലാശാലയിൽ നടപ്പാക്കിയത്. ഹോസ്റ്റലുകൾ, അക്കാദമിക്ക് ബ്ലോക്ക്, അത്യന്താധുനിക ഗവേഷണോപകരണങ്ങൾ, ലബോറട്ടറി വികസനം ഇങ്ങനെ നിരവധി പദ്ധതികൾ സർവ്വകലാശാലയെ ശാക്തീകരിക്കുകയാണ്. 5 കോടി രൂപയാണ് ഇക്കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ സർവ്വകലാശാല സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നവീകരണത്തിനായി പ്രഖ്യാപിച്ചത്. കാര്യവട്ടത്തെ സൗത്ത് നോർത്ത് കാമ്പസുകളെ ബന്ധിപ്പിക്കുന്ന പാത നിർമ്മിക്കുമെന്നും കേരള ബഡ്ജറ്റിൽ പറയുന്നുണ്ട്. ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു. ധനകാര്യമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ, ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു എന്നിവരുടെ പിന്തുണ സർവ്വകലാശാല ഈ അവസരത്തിൽ അഭിമാനപൂർവ്വ മാണ് കാണുന്നത്.

നാലുവർഷ ബിരുദ പ്രോഗ്രാമുകൾ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും നടപ്പാക്കുന്നതിന് ശ്രമകരമായ പ്രവർത്തനങ്ങളാണ് സർവ്വകലാശാല ഏറ്റെടുത്തു പൂർത്തീകരിച്ചത്. അതിനൊപ്പംനിന്ന അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിശ്രമരഹിതവും സമർപ്പിതവുമായ സേവനത്തെയും സർവ്വകലാശാല അഭിമാനപൂർവ്വം ഓർക്കുകയാണ്. സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിൽ സെന്റർ ഫോർ അണ്ടർ ഗ്രാജുവേറ്റ് സ്റ്റഡീസ് സ്ഥാപിച്ചുകൊണ്ട് ഗവേഷണതല്പരരായ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങളാണ് ഒരുക്കി നല്കിയത്. കേരളത്തിന് അഭിമാനിക്കാനാകുന്ന നേട്ടങ്ങളൊരുക്കി കൂടുതൽ വിശാലമായ അക്കാദമിക, ഗവേഷണ വഴികളുമായി കേരള സർവ്വകലാശാല മുന്നോട്ട് പോവുകയാണ്. ലോകത്തിലെ ശ്രദ്ധേയമായ സർവ്വകലാശാലകളിലൊന്നാവുകയാണ് ലക്ഷ്യം. വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ വിഭാവന ചെയ്യുന്ന വിജ്ഞാനസമൂഹ നിർമ്മിതിയുടെ അമരക്കാരനാകുകയെന്ന ഉത്തരവാദിത്വം കേരള സർവ്വകലാശാല ഏറ്റെടുക്കണം. കൂടുതൽ ജാഗ്രതയോടെ അതിലേറെ വിനയത്തോടെ ബുദ്ധിജീവികളായ നിപുണരെ സൃഷ്ടിച്ച് നമുക്ക് മുന്നോട്ട് പോകേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ മൗലിക ലക്ഷ്യങ്ങൾ സൂക്ഷിക്കുന്ന, വിദ്യാഭ്യാസ നയങ്ങളാണ് നമുക്ക് വേണ്ടത്. ഫെഡറലിസത്തെ അവയ്ക്ക് സൂക്ഷി

ക്കാനാകണം. സർവ്വകലാശാലകളുടെ ആട്ടോണമി സൂക്ഷിക്കാനാകുന്ന സാഹചര്യങ്ങൾ സംരക്ഷിച്ചേതീരൂ. സർവ്വകലാശാലകൾ, അക്കാദമികമായി സ്വതന്ത്രമാകുമ്പോൾ, സ്വതന്ത്രചിന്തകളുള്ള ജൈവബുദ്ധിജീവികൾ അവിടെനിന്ന് പുറത്തിറങ്ങും. ഉന്നതവിദ്യാഭ്യാസം ഉരുക്കിന്റെയും സിമന്റിന്റേയും ഐകരൂപ്യമല്ല, അതിനെ കേവല ശില്പനിർമ്മാണമായി കാണുന്നത് ഉചിതമല്ല.

കൃത്യമായ ലക്ഷ്യബോധത്തോടെയാണ് വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മുന്നേറ്റമുൾക്കൊണ്ട് കേരള സർവ്വകലാശാല അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നത്. സമൂഹത്തിന്റെ നാനാ മേഖലകളുടെ അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ളതാണ് അവയെല്ലാംതന്നെ. ആഗോളതലത്തിലേക്കുതുറക്കുന്ന അക്കാദമിക ജാലകങ്ങൾ സൃഷ്ടിച്ചും സുതാര്യവും ഉത്തരവാദിത്തബോധത്തോടെയുമുള്ള കർമ്മശൈലി ക്രമപ്പെടുത്തിയും അസന്തുലിതാവസ്ഥകൾ പരമാവധി ഒഴിവാക്കിയും അക്കാദമിക പ്രവാഹമൊരുക്കുകയാണ് സർവ്വകലാശാലയുടെ പഠന ഗവേഷണ വകുപ്പുകളും കോളേജുകളും. ഉയർന്ന ബൗദ്ധികശേഷിയുള്ള ഉല്പന്നങ്ങളെ കാലോചിതമായി രൂപപ്പെടുത്താനും അക്കാദമിക മേഖലകളെ അന്വേഷണ സൗന്ദര്യത്തോടെ കണ്ടെത്താനുമുള്ള ശ്രമങ്ങൾ കേരളത്തിന്റെ വർത്തമാന മനസ്സുകൾക്ക് ആഹ്ലാദവും ആവേശവുമാകുമെന്നുമുറപ്പാണ്. അതിനാവശ്യമായ പിന്തുണ ഒരുക്കുന്ന ഒട്ടേറെ ശ്രമങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. പുതിയ കുതിപ്പിനാവശ്യമായ കൈത്താങ്ങൊരുക്കുകയാണ് രചനാത്മകമായ ഈ ബഡ്ജറ്റ്. കൂട്ടായ്മയാണ് സർവ്വകലാശാലകൾക്ക് അനിവാര്യമാകേണ്ടത്. കാലാതീതമായ ജീവിതയാഥാർത്ഥ്യങ്ങളുടെ സുദൃഢമായ കണ്ണികൾ വിവേചിച്ചറിഞ്ഞ്, സമകാലികതയെ സംരക്ഷിക്കുന്നതിനും ചേർത്തുപിടിക്കുന്നതിനും ഉതകുന്ന ഒട്ടേറെ പദ്ധതികൾക്ക് ഞാൻ ഈ ബഡ്ജറ്റിൽ ഇടംനൽകിയിട്ടുണ്ട്. കേവലമായ കണക്കുകളും വിവരണങ്ങളുമല്ല, ഭാവിയുടെ ഭാവിയ്ക്കുള്ള സ്വപ്നവും ചിന്തയുമാണ് ഇതിലുള്ളതെല്ലാം. നമ്മുടെ സർവ്വകലാശാലയിൽനിന്നു പുറത്തുവരുന്ന പുതുചിന്തകളുടെ പതാകകൾ ലോകമെങ്ങും പാറിക്കളിക്കണം. നമ്മുടെ പ്രതിഭകളുടെ മുന്നേറ്റങ്ങളിലെ അത്ഭുതങ്ങളിലെ അത്ഭുതം ലോകം കാണണം. വരും കാലങ്ങൾക്ക് കാരണമാകുന്ന ചിന്തകളുടെ പൂക്കളും വിത്തും ഞാനിവിടെ നിറച്ചുവയ്ക്കുന്നു. പ്രതിഭാശാലികൾ ഇതിനെ ധന്യമാക്കുമെന്നാണ് പ്രതീക്ഷ. ബഹുമാന്യ അംഗങ്ങളുടെ ശ്രദ്ധയും നിർദ്ദേശങ്ങളും ഇതിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബഡ്ജറ്റ് സംഗ്രഹം**

കഴിഞ്ഞ സാമ്പത്തികവർഷം (2024–25)ൽ, സർവ്വകലാശാലക്ക് **836.48 കോടി രൂപ** വരവും, **836.48 കോടി രൂപ** ചെലവുമുള്ള സന്തുലിത ബഡ്ജറ്റാണ് സെനറ്റ് പാസ്സാക്കിയത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് (2024–25) പ്രകാരം **665.33 കോടി രൂപ**യുടെ വരവും **665.33 കോടി രൂപ**യുടെ ചെലവുമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

അടുത്ത സാമ്പത്തികവർഷം (2025–26) **844.42 കോടി രൂപ** വരവും, അത്രതന്നെ ചെലവും പ്രതീക്ഷിക്കുന്ന സന്തുലിത ബഡ്ജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

**(തുക കോടിയിൽ)**

| **വരവ്** | | **ചെലവ്** | |
|---|---|---|---|
| **നോൺ പ്ലാൻ** | | | |
| ബ്ലോക്ക് ഗ്രാന്റ് | 390.00 | ശമ്പളം, പെൻഷൻ | 454.25 |
| ആഭ്യന്തര വരുമാനം | 205.15 | മറ്റുള്ളവ | 140.90 |
| **ആകെ** | **595.15** | **ആകെ** | **595.15** |
| **പ്ലാൻ** | | | |
| കേരള സർക്കാർ വിഹിതം | 36.30 | ചെലവ് | 36.30 |
| യു.ജി.സി. വിഹിതം | 3.60 | ചെലവ് | 3.60 |
| മറ്റുള്ളവ | 0.90 | മറ്റുള്ളവ | 0.90 |
| **ആകെ** | **40.80** | **ആകെ** | **40.80** |
| ഇയർമാർക്ക്ഡ് ഫണ്ട് | 23.22 | ചെലവ് | 23.22 |
| ഡെബ്റ്റ് ആന്റ് ഡെപ്പോസിറ്റ്സ് | 185.25 | ചെലവ് | 185.25 |

| ആകെ തുക | 844.42 | ആകെ തുക | 844.42 |
|---|---|---|---|

(844.42– 844.42) = 0

**പട്ടിക ഒന്ന് - നോൺ പ്ലാൻ** **(തുക കോടിയിൽ)**മി

| | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2024-25 | റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2024-25 | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-26 |
|---|---|---|---|
| വരവ് | 590.82 | 522.08 | 595.15 |
| ചെലവ് | 590.82 | 522.08 | 595.15 |
| കമ്മി | 0 | 0 | 0 |

**2025–26 വരവ്**

ഈ സാമ്പത്തികവർഷം പദ്ധതിയിതര ഗ്രാന്റിനത്തിൽ **390 കോടിരൂപ**യും ആഭ്യന്തര വരുമാന ഇനത്തിൽ **205.15കോടി രൂപ**യും ചേർത്താണ് ആകെ **595.15 കോടി രൂപ** വരവ് പ്രതീക്ഷിക്കുന്നത്. എന്നാൽ പദ്ധതിയിതരവിഹിതമായി **329.89 കോടി രൂപ**യാണ് സർക്കാർ 2025 – 26 ലേക്ക് അനുവദിച്ചിട്ടുള്ളത്.

**പട്ടിക രണ്ട് - നോൺ പ്ലാൻ വരവ്** **(തുക കോടിയിൽ)**

| വരവ് | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2024-25 | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-26 |
|---|---|---|
| ബ്ലോക്ക് ഗ്രാന്റ് | 348.00 | 390.00 |
| ആഭ്യന്തര വരുമാനം | 174.08 | 205.15 |
| **ആകെ തുക** | **522.08** | **595.15** |

അടുത്ത സാമ്പത്തികവർഷം (2025–26) ഓരോ വിഭാഗത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ആഭ്യന്തരവരുമാനം ചുവടെ ചേർത്തിരിക്കുന്നു.

**പട്ടിക മൂന്ന് - ആഭ്യന്തര വരുമാനം** **(തുക കോടിയിൽ)**

| വരവ് | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2024-25 | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-26 |
|---|---|---|
| പരീക്ഷാഫീസും മറ്റു വരവുകളും | 52.15 | 59.79 |
| യൂണിവേഴ്സിറ്റി പഠനവകുപ്പുകൾ/ സെന്ററുകളിൽ നിന്നും | 3.29 | 4.29 |
| ബി. എഡ്. കേന്ദ്രങ്ങൾ | 4.00 | 6.00 |
| യു.ഐ.ടി. കൾ | 11.00 | 12.00 |
| യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ് | 2.50 | 3.50 |
| യു.ഐ.എമ്മുകൾ | 3.00 | 3.50 |
| വിദൂരവിദ്യാഭ്യാസകേന്ദ്രം (SDE) | 5.00 | 5.00 |
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | 5.00 | 3.00 |
| സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ് | 1.00 | 1.20 |
| യു.ജി. /പി. ജി. ഓൺലൈൻ അഡ്മിഷൻ | 11.00 | 10.00 |
| ലീസ് ഇൻകം | 4.00 | 1.00 |
| മറ്റ് സേവനങ്ങൾ | 9.08 | 14.52 |
| പലിശ | 60 | 80 |
| കോളേജ്/കോഴ്സ് അഫിലിയേഷൻ ഫീസ് | 1.5 | .50 |
| സ്റ്റാഫ് കോർട്ടേഴ്സ് സർവ്വീസ് ചാർജ്ജ് / വാടക | 0.06 | 0.10 |
| മറ്റുള്ളവ | 1.50 | 0.75 |

| ആകെ തുക | 174.08 | 205.15 |
|---|---|---|

**2025 – 26 ചെലവ്**

അടുത്ത സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന പ്രധാന ചെലവുകൾ താഴെ കൊടുത്തിരിക്കുന്ന വിധമാണ്.

**പട്ടിക നാല് – ചെലവ്** **(തുക കോടിയിൽ)**

| പദ്ധതിയിതരം (Non - Plan) | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2024-25 | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-26 |
|---|---|---|
| ശമ്പളവും മറ്റ് അലവൻസുകളും | 196.63 | 228.52 |
| താത്ക്കാലിക /കരാർ ജീവനക്കാർക്കുള്ള വേതനം | 48.70 | 51.63 |
| പെൻഷൻ | 159.10 | 174.10 |
| പരീക്ഷാ ചെലവുകൾ | 23.95 | 25.75 |
| ഗ്രാന്റും സ്കോളർഷിപ്പുകളും | 13.72 | 15.70 |
| നിർമ്മാണപ്രവർത്തനങ്ങൾ | 23.13 | 30.25 |
| പുതിയ വികസനപ്രവർത്തനങ്ങൾ | 6.00 | 8.00 |
| ഓഫീസ് ചെലവുകൾ | 1.61 | 1.73 |
| ഇലക്ട്രിസിറ്റി ചാർജ് | 4.16 | 4.75 |
| വാട്ടർ ചാർജ് | 1.84 | 2.22 |
| ബുക്ക്സ് ആന്റ് ജേർണൽ | 3.27 | 3.92 |
| എക്യുപ്മെന്റ് | 7.07 | 7.95 |
| ഫർണിച്ചർ | 1.07 | 1.20 |
| പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 1.12 | 1.60 |
| പ്രൊവിഷണൽ എംപ്ലോയീസ് പി.എഫ്. (എംപ്ലോയർ കോൺട്രിബ്യൂഷൻ) | 2.66 | 3.16 |
| കോൺട്രിബ്യൂഷൻ ടു ഇ.പി.എഫ്.(യൂണിവേഴ്സിറ്റി സ്കീം) | 0.25 | 0.27 |
| റെന്റ് | 0.51 | 0.48 |
| എമിരറ്റസ് പ്രൊഫസർ /വിസിറ്റിങ് ഫാക്കൽറ്റി | 0.79 | 0.87 |
| കമ്പ്യൂട്ടർ അസ്സസെറീസ് | 0.48 | 0.54 |
| അഡ്വർടൈസ്മെന്റ് ചാർജ്ജ് | 0.85 | 1.02 |
| ലീഗൽ എക്സ്പെൻസസ് | 0.2 | 0.3 |
| പോസ്റ്റേജ് | 0.60 | 0.66 |
| ട്രാവലിംഗ് അലവൻസെസ് | 0.94 | 1.21 |
| പർച്ചേസ്/ഹയറിംഗ്/മെയിന്റനൻസ് ഓഫ് വെഹിക്കിൾ | 0.98 | 1.27 |
| ടെലിഫോൺ/ ഇന്റർനെറ്റ് ചാർജ്ജസ് | 0.26 | 0.29 |
| ഓഡിറ്റ് ചാർജ്ജ് | 1.5 | 2.0 |
| ലാബ് കണ്ടിജൻസിസ് | 0.53 | 0.55 |
| **ടൂർണ്ണമെന്റ്/ചാംപ്യൻഷിപ്പ്സ്** | **1.5** | **1.6** |
| യൂണിയൻ ആക്ടിവിറ്റീസ് | 0.55 | 0.58 |
| എസ്.ജി.പി.എ. ഇൻഷ്വറൻസ് | 0.1 | 0.1 |
| മറ്റുള്ളവ | 17.58 | 22.41 |

| ആകെ തുക | 522.08 | 595.15 |
|---|---|---|

**പെൻഷൻ**

പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും നോൺപ്ലാൻ ചെലവിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ്. നിലവിൽ മൂവായിര ത്തോളം വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്നുണ്ട്. പെൻഷൻ ചെലവിനായി വിനിയോഗിക്കുന്ന തുകയുടെ വിശദാം ശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക അഞ്ച് - പെൻഷൻ** **(തുക കോടിയിൽ)**

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2020–21 | 113.10 |
| 2021–22 | 158.08 |
| 2022–23 | 155.31 |
| 2023–24 | 145.82 |
| 2024–25 (RE) | **159.10** |
| 2025–26 (BE) | **174.10** |

**കഴിഞ്ഞ 5 വർഷങ്ങളിലെ പദ്ധതി-പദ്ധതിയിതര വിഹിതത്തിന്റെ സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു.**

**പദ്ധതിവിഹിതം (Plan)** **(തുക കോടിയിൽ)**

| വർഷം | ലഭിച്ച തുക |
|---|---|
| 2020 – 21 | 7.55 |
| 2021 – 22 | 19.31 |
| 2022 – 23 | 11.31 |
| 2023 – 24 | 6.32 |
| 2024 – 25 | 5.3 |

**പദ്ധതിയിതര വിഹിതം (Non-Plan)** **(തുക കോടിയിൽ)**

| വർഷം | ലഭിച്ച തുക |
|---|---|
| 2020 – 21 | 277.25 |
| 2021 – 22 | 291.11 |
| 2022 – 23 | 290.00 |
| 2023 – 24 | 320.22 |
| 2024 – 25 | 284.88 (2025 ഫെബ്രുവരി വരെ) |

**സ്ഥിതിവിവരങ്ങൾ**
**സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ**

**എ. പഠന/ഗവേഷണ വകുപ്പുകൾ, കേന്ദ്രങ്ങൾ**

വിവിധ പഠന/ഗവേഷണ വകുപ്പുകൾ, അക്കാദമിക സെന്ററുകൾ, സ്വാശ്രയാടിസ്ഥാനത്തിൽ സർവ്വകലാശാല നേരിട്ടുനടത്തുന്ന സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങളിലായി 169 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമനമ്പർ | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1. | സർവ്വകലാശാല പഠന/ഗവേഷണ വകുപ്പുകൾ | 43+1 (Centre for Online & Distance Education) |
| 2. | അക്കാദമിക സെന്ററുകൾ | 68 |
| 3. | കെ.യു.സി.ടി.ഇ. കൾ | 10 |
| 4. | യു. ഐ. ടി. കൾ | 34 |
| 5. | യു. ഐ. എമ്മുകൾ | 7 |
| 6. | യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് കോളേജ് | 1 |
| 7. | യു.ജി.സി. മാളവ്യ മിഷൻ ടീച്ചർ ട്രയിനിങ് സെന്റർ | 1 |
| 8. | മലയാളം ലെക്സിക്കൺ വിഭാഗം | 1 |
| 9. | കേരള യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററുകൾ | 3 |
| | **ആകെ** | **169** |

**ബി. അഫിലിയേറ്റഡ് കോളേജുകൾ**

195 അഫിലിയേറ്റഡ് കോളേജുകളാണ് സർവ്വകലാശാലയ്ക്കു കീഴിൽ പ്രവർത്തിക്കുന്നത്.

| ക്രമനമ്പർ | കോളേജുകൾ | എണ്ണം |
|---|---|---|
| 1. | ആർട്സ് & സയൻസ് കോളേജുകൾ | 116 |
| 2. | ബി.എഡ്./എം.എഡ്. കോളേജുകൾ | 46 |
| 3. | എം.ബി.എ./എം.സി.എ. കോളേജുകൾ | 14 |
| 4. | ലോ കോളേജുകൾ | 10 |
| 5. | ഹോട്ടൽ മാനേജ്മെന്റ് കോളേജുകൾ | 3 |
| 6. | മ്യൂസിക് & ഫൈൻ ആർട്സ് കോളേജുകൾ | 3 |
| 7. | ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ് | 1 |
| 8. | സ്പെഷ്യൽ എഡ്യുക്കേഷൻ കോളേജ് | 1 |
| 9. | ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് | 1 |
| 10 | എഞ്ചിനീയറിംഗ് & ടെക്നോളജി കോളേജ് | 1 |
| | **ആകെ** | **196** |

**സി. സേവനകേന്ദ്രങ്ങൾ**

സർവകലാശാലയോടനുബന്ധിച്ച് വിവിധ സേവനങ്ങൾ നൽകുന്ന 32 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

| ക്രമനമ്പർ | സേവനകേന്ദ്രങ്ങൾ | എണ്ണം |
|---|---|---|
| 1. | ലൈബ്രറി | 2 |
| 2. | ഹെൽത്ത് സെന്റർ | 2 |
| 3. | കമ്പ്യൂട്ടർ സെന്റർ | 1 |

| | | |
|---|---|---|
| 4. | പ്രിന്റിംഗ് പ്രസ്സ് | 1 |
| 5. | Central Laboratory for Instrumentation & Facilitation (CLIF) | 1 |
| 6. | എഞ്ചിനീയറിംഗ് യൂണിറ്റ് | 1 |
| 7. | സ്റ്റുഡന്റ് സർവീസസ് വകുപ്പ് | 1 |
| 8. | ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് | 1 |
| 9. | പ്രകാശനവിഭാഗം | 1 |
| 10 | യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ | 1 |
| 11. | പ്ലേസ്മെന്റ് സെൽ | 1 |
| 12. | ഫിനിഷിങ് സ്കൂൾ | 1 |
| 13. | ഐ.ക്യു.എ.സി. | 1 |
| 14. | ഹോസ്റ്റലുകൾ | 7 |
| 15. | കേരള യൂണിവേഴ്സിറ്റി ബിസിനസ് ഇന്നവേഷൻ & ഇൻക്യുബേഷൻ സെന്റർ | 1 |
| 16. | യൂണിവ്ഴ്സിറ്റി കൺസൾട്ടൻസി സെൽ | 1 |
| 17. | ഇന്റേണൽ കംപ്ലൈൻസ് കമ്മിറ്റി | 1 |
| 18. | Career Counselling & Testing Centre | 1 |
| 19. | നാഷണൽ സർവ്വീസ് സ്കീം | 1 |
| 20. | കേരള യൂണിവ്ഴ്സിറ്റി ജില്ലാതല ഇൻഫർമേഷൻ കേന്ദ്രങ്ങൾ | 3 |
| 21. | ജൻ ശിക്ഷൺ സൻസ്ഥാൻ | 1 |
| 22. | ട്രാൻസ്ളേഷണൽ റിസേർച്ച് ആന്റ് ഇന്നവേഷൻ സെന്റർ | 1 |
| | **ആകെ** | **32** |

2024–25 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിധന സഹായ ഇനത്തിൽ 35.2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും, പിന്നീട് അത് 17.6 കോടിയായി ചുരുക്കിയിരുന്നു. പ്രസ്തുത വർഷം, 5.3 കോടി രൂപയാണ് പ്ലാൻ ഫണ്ടിനത്തിൽ സർവകലാ ശാലയ്ക്ക് റിലീസ് ചെയ്തു കിട്ടിയത്. ഇതുകൂടാതെ, മുൻസാമ്പത്തി കവർഷമൊടുവിൽ തിരിച്ചെടുത്ത തുകയായ 4.14 കോടി രൂപയും ഈ വർഷം റീഫണ്ട് ചെയ്തിരുന്നു.

2025–26 സാമ്പത്തികവർഷം 87,28,77,422/– രൂപയുടെ വാർഷി ക പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡിന് സമർപ്പിച്ചിരുന്നു. ഇത് താഴെ പറയുന്ന പദ്ധതി – ഉപഘടകങ്ങൾക്കായാണ് ആവശ്യപ്പെട്ടിരുന്നത്:

1. Ongoing Civil Works (Continuing works sanctioned under State Plan Grant 2018-19 onward)
2. Ongoing Activities (Continuing Activities sanctioned under State Plan Grant 2018-19 onward)
3. IT Enabled Academic Initiatives
4. Research Projects
5. Infrastructure Development
6. Books and Journals
7. Seminars and Conferences
8. Civil Works/ New Buildings
9. New Centres/ Inter University Centres & Strengthening of Centres/Inter University Centres

2025–26 ലെ സംസ്ഥാന ബജറ്റിൽ, സർവകലാശാലയ്ക്ക് **37.2 കോടി** രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുകയ്ക്ക് നിജപ്പെടുത്തി വാർഷിക പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. **കോളേജുകളിൽ 'സൗഹൃദക്ലബ്ബുകൾ' സ്ഥാപിച്ച് ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിക്കും.**

കേരള സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ വിദ്യാർത്ഥി സൗഹൃദങ്ങൾ പരിപോഷിപ്പിക്കാനും, കൂട്ടായ്മകളിലൂടെ ലഹരിവിരുദ്ധ മനോഭാവങ്ങൾ വളർത്താനും ഉതകുന്ന സൗഹൃദക്ലബ്ബുകൾ സ്ഥാപിക്കും. ഇതിന്റെ പ്രവർത്തന രൂപരേഖ സർവ്വകലാശാല തയ്യാറാക്കി നൽകും. ഘട്ടംഘട്ടമായി എല്ലാ കോളേജുകളിലും സൗഹൃദക്ലബ്ബുകൾ സ്ഥാപിച്ച് ലഹരിക്കും വയലൻസിനും സമൂഹിക അനീതികൾക്കുമെതിരായ പ്രതിരോധം തീർക്കും. അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സർവ്വകലാശാല തലത്തിൽ ഡയറക്ടറേറ്റ് സ്ഥാപിക്കും. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

2. **അൽഷിമേഴ്സിന് പ്രതിരോധമൊരുക്കാൻ ആന്റമാനിലെ 'നിമ ആന്റമാനിക്ക്' വൃക്ഷത്തിന്റെ ഇലകൾ ഫലപ്രദമെന്ന പഠനത്തിന് സഹായം നൽകും.**

നിത്യഹരിതവനങ്ങൾ നിറഞ്ഞ ആന്റമാൻ നിക്കോബാർ ദീപുകളിലെ വംശനാശഭീഷണി നേരിടുന്ന അപൂർവ്വയിനത്തിലുള്ള വൃക്ഷമാണ് 'നിമ ആന്റമാനിക്ക്'. കേരള സർവ്വകലാശാല ജൈവ വൈവിദ്ധ്യ ഗവേഷണകേന്ദ്രം പ്രസ്തുത വൃക്ഷം കാര്യവട്ടത്തെ സസ്യോദ്യാനത്തിൽ വളർത്തുന്നുണ്ട്. ഇതിന്റെ ഇലകൾ അൽഷിമേഴ്സ് രോഗചികിത്സക്ക് ഫലപ്രദമെന്ന അന്വേഷണ പരിശോധനകൾ നമ്മുടെ ജൈവവൈവിധ്യ ഗവേഷണ കേന്ദ്രത്തിൽ നടന്നുവരുന്നു. ഇതിന്റെ വിപുലമായ പഠനഗവേഷണത്തിന് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

3. **സ്കൾപ്ചർ ഗാർഡൻ ഒരുക്കി കാര്യവട്ടം കാമ്പസിനെ അന്താരാഷ്ട്ര നിലവാരത്തിൽ സൗന്ദര്യവൽക്കരിക്കും.**

സർവ്വകലാശാലയുടെ മികവാർന്ന ഗവേഷണ കേന്ദ്രമായ കാര്യവട്ടം ക്യാമ്പസിനെ അന്താരാഷ്ട്ര ഗവേഷണ സ്ഥാപനമാതൃകയിൽ സൗന്ദര്യവത്ക്കരിക്കും. ക്യാമ്പസിനു പുതിയ പ്രവേശന കവാടം നിർമ്മിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. ഇതിനോടൊപ്പം ക്യാമ്പസിനുമുന്നിൽ മനോഹരമായ പുൽത്തകിടിയും ഇരിപ്പിടങ്ങളും സ്കൾപ്ചർ ഗാർഡനും നിർമ്മിക്കും. ലോകപ്രശസ്ത ശാസ്ത്രജ്ഞരായ ആൽബർട്ട് ഐൻസ്റ്റീൻ, സർ ഐസക്ക് ന്യൂട്ടൺ, ചാൾസ് ഡാർവിൻ, മേരിക്യൂറി, സി.വി രാമൻ എന്നീ ശാസ്ത്രജ്ഞരെയും സോക്രട്ടറീസ്, അരിസ്റ്റോട്ടിൽ, കാറൽ മാർക്സ്, ഗാന്ധിജി, ടാഗോർ എന്നീ തത്വചിന്തകരും ഉൾപ്പെടെ 10 മഹാന്മാരുടെ സ്കൾപ്ച്ചറുകളാണ് സ്ഥാപിക്കുന്നത്. സി.ഇ.ടി.യുടെ ആർക്കിടെക്റ്റ് സഹായവും ഫൈനാൻസ് കോളേജിന്റെ അലൂമിനിയുടെ ഭാഗമായ ആർട്ടേജിന്റെ സഹായവും ഉപയോഗിച്ചാണ് സൗന്ദര്യവത്ക്കരണം സാധ്യമാക്കുന്നത്. ഇതിനായി **2 കോടി രൂപ** നീക്കിവയ്ക്കും.

4. **സർവ്വകലാശാലയുടെ കെമിസ്ട്രി പഠനഗവേഷണ വകുപ്പിൽ 'ലാറ്ററൽ ഫ്ളോ അസ്സേ ലബോറട്ടറി' സ്ഥാപിക്കും.**

സർവ്വകലാശാലയുടെ കെമിസ്ട്രി പഠനവിഭാഗത്തിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ സെന്റർ ഫോർ ഹെൽപിങ്ങ് ആന്റ് ഇമേജിങ്ങിൽ, ലാറ്ററൽ ഫ്ളോ അസ്സേ ടെസ്റ്റ് സ്ട്രിപ്പുകൾ നിർമ്മിക്കുന്നതിന് ഉതകുന്നതരത്തിലുള്ള അന്തർദേശീയ ഗവേഷണങ്ങൾ നടന്നു വരുന്നു. അതിന്റെ ഭാഗമായി 2024 അദ്ധ്യയനവർഷം ബയോമാർക്കർ ഡിറ്റക്ഷൻ മേഖലയിൽ മുപ്പത്തിരണ്ട് ഗവേഷണ പ്രബന്ധങ്ങൾ അന്താരാഷ്ട്ര ജേർണലുകളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ലോകനിലവാരത്തിലുള്ള L.F.A ടെസ്റ്റ് കിറ്റ് നിർമ്മിക്കുന്നതിനായി ഒരു ലബോറട്ടറി ഈ സെന്ററിൽ സ്ഥാപിക്കും. ഇമ്യൂണോ ക്രൊമാറ്റോഗ്രാഫി എന്ന നൂതന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ദ്രുതഗതിയിൽ രോഗം നിർണയിക്കാനുള്ള നൂതനമാർഗമാണ് ഈ ലബോറട്ടറിയിൽ നടത്തുന്നത്. ലബോറട്ടറി സ്ഥാപിക്കുന്നതിനായി **40 ലക്ഷം രൂപ** അനുവദിക്കും.

5. **ആധുനികാനന്തര കേരളസാഹിത്യ ചരിത്രം പ്രസിദ്ധീകരിക്കും.**

കഴിഞ്ഞ അമ്പത് വർഷത്തെ മലയാളസാഹിത്യം ഒട്ടേറെ മാറ്റങ്ങൾ അടയാളപ്പെടുത്തുന്നുണ്ട്. ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രത്തിന്റെ മഹാപാരമ്പര്യം എന്നും ഈ സർവകലാശാലയ്ക്ക് അഭിമാനമാണ്. വിജ്ഞാന നിർമ്മിതിയിൽ പ്രതിജ്ഞാബദ്ധമായ നമ്മുടെ സർവ്വകലാശാല ആധുനികാനന്തര കേരളസാഹിത്യചരിത്രം എന്ന പേരിൽ കഴിഞ്ഞ അൻപത് വർഷക്കാലത്തെ മലയാളസാഹിത്യത്തിന്റെ രൂപപരിണാമങ്ങൾ ആധികാരികമായി രേഖപ്പെടുത്തുന്ന പുസ്തകമോ, പുസ്തകപരമ്പ

രയോ തയ്യാറാക്കി പ്രസിദ്ധികരിക്കും. ഈ പദ്ധതിയുടെ നടത്തിപ്പിനായി **15 ലക്ഷം രൂപ** അനുവദിക്കുന്നു.

**6. നാല് വർഷ ബിരുദ കോഴ്സുകൾക്ക് ഓൺ സ്ക്രീൻ വാല്യു വേഷൻ നടപ്പാക്കും.**

കേരള സർവകലാശാലയിൽ SLCM സോഫ്റ്റ്‌വെയറിന്റെ ഭാഗമായുള്ള ഓൺസ്ക്രീൻ വാല്യുവേഷൻ MCA കോഴ്സുകൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ട്. തുടർന്ന് സ്കാനിംഗ് സെന്റർ (ESC- section) പൂർണ്ണമായും സജ്ജമാക്കുകയും അതിലൂടെ പി ജി ന്യൂജെൻ, BPEd, MBA (integrated) MPES തുടങ്ങിയ കോഴ്സുകൾക്കും ഓൺസ്ക്രീൻ വാല്യുവേഷൻ ബാധകമാക്കുകയും അത് പൂർണ്ണ വിജയത്തിലെത്തിക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ നാല് വർഷബിരുദ കോഴ്സുകൾ ഉൾപ്പെടെയുള്ളതിന് ഓൺസ്ക്രീൻ വാല്യുവേഷൻ നടപ്പാക്കും. ഇതിനായി തിരുവനന്തപുരത്തെ സ്കാനിംഗ് സെന്റർ കൂടുതൽ വിപുലീകരിക്കുകയും ആലപ്പുഴ, പന്തളം തുടങ്ങിയ സെന്ററുകളിലും പ്രസ്തുത സ്കാനിംഗ് സെന്റർ സ്ഥാപിക്കുകയും ചെയ്യും. ഇതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**7. കേരള സർവ്വകലാശാലാ പഠനഗവേഷണ കേന്ദ്രം കൊല്ലത്തു സ്ഥാപിക്കും.**

പഠന ഗവേഷണത്തിന് കൂടുതൽ സൗകര്യങ്ങൾ സാധ്യമാകുന്ന തരത്തിലും സർവ്വകലാശാലയുടെ എല്ലാ സേവന സൗകര്യങ്ങളും ലഭ്യമാകുന്ന സെന്റർ എന്ന നിലയിലും കൊല്ലത്ത് കേരള സർവ്വകലാശാല പഠന ഗവേഷണ കേന്ദ്രം തുറക്കും. ഇതിനായി **1 കോടി** രൂപ നീക്കി വയ്ക്കുന്നു.

**8. കടൽഖനനം: പാരിസ്ഥിതിക സാമൂഹ്യ സാമ്പത്തികവശങ്ങളെപ്പറ്റി സമഗ്ര പഠനം നടത്തും.**

കേരള തീരത്ത് കടൽ മണൽ ഖനനം നടത്താനുള്ള പദ്ധതി കേന്ദ്രസർക്കാർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പശ്ചാത്തലത്തിൽ കടൽ മണൽ ഖനനം സമുദ്ര പരിസ്ഥിതി, ജൈവവൈവിധ്യം, മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക സംവിധാനങ്ങളിൽ വരുന്ന മാറ്റം, മണലിന്റെ ഡ്രിഫ്റ്റ് എന്നിവയെപ്പറ്റി സമഗ്രപഠനം നടത്തുന്നത് സർവ്വകലാശാലയുടെ ഗവേഷണരംഗത്ത് സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമാണ്. സർവ്വകാലാശാലയുടെ അക്വാട്ടിക് ബയോളജി & ഫിഷറീസ്, ജിയോളജി, സോഷ്യോളജി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുകളുടെ നേതൃത്വത്തിൽ കൊല്ലം തീരത്തെ നിർദ്ദിഷ്ട കടൽ മണൽ ഖനനത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തും. ഇതിനായി **15 ലക്ഷം** തുക വകയിരുത്തുന്നു.

**9. കേരള സർവ്വകലാശാലയുടെ പഠനവകുപ്പുകളിലും കോളേജുകളിലും പ്രവേശനത്തിന് ലഹരി വിരുദ്ധ സത്യവാങ്മൂലം നല്കണം.**

അടുത്ത അദ്ധ്യയന വർഷംമുതൽ സർവ്വകലാശാലയുടെ എല്ലാ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും സെന്ററുകളിലും പ്രവേശനം നേടുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ ലഹരി വിരുദ്ധ സത്യവാങ്മൂലം നിർബന്ധമായും നൽകണം. ബന്ധപ്പെട്ട സത്യവാങ്മൂലം സ്ഥാപന മേധാവി സൂക്ഷിക്കുകയും, പഠനകാലയളവിൽ വ്യത്യസ്തമായ പെരുമാറ്റമുണ്ടായാൽ സർവ്വകലാശാലയുടെ അനുമതിയോടെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ സർവ്വകലാശാല അടിയന്തിരമായി സ്വീകരിക്കും.

**10. ലോകസമാധാനത്തിന് അന്താരാഷ്ട്ര കോൺക്ലേവ്**

ലോകസമാധാനം കടുത്ത വെല്ലുവിളികൾ നേരിടുകയാണ്, രാഷ്ട്രങ്ങൾ മുഷ്ടിബലപ്രയോഗം തുടരുന്നത് പുതിയ ചേരികൾ രൂപപ്പെടുന്നതിന് വഴിയൊരുക്കുന്നു. വിട്ടുവീഴ്ചകളും സമാധാന നിലപാടുകളും ജലരേഖകളാവുകയാണ്. സമാധാനത്തിന് നേതൃത്വം നൽകാനാകുന്ന രാഷ്ട്രങ്ങൾ മൗനം പാലിക്കുകയാണ്. ഈ സാഹചര്യങ്ങൾ വിലയിരുത്തുന്ന ഒരു അന്താരാഷ്ട്ര കോൺക്ലേവിന് കേരള സർവ്വകലാശാല പൊളിറ്റിക്കൽ സയൻസ് ഗവേഷണവകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**11. പൂർവ്വവിദ്യാർത്ഥി കൊളോക്യം സംഘടിപ്പിക്കും.**

കേരള സർവ്വകലാശാലയുടെ അലുമിനിയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര കൊളോക്യം സംഘടിപ്പിക്കും. സർവ്വകലാശാലയുടെ ഭൗതിക – അക്കാദമിക മേഖലകൾക്ക് മികച്ച സഹകരണവും സാധ്യതകളും ലഭിക്കുന്നതിന് ഇത് സഹായകമാകുമെന്ന് കരുതുന്നു. 'Bridging Generation Building Future' എന്ന പേരിൽ സംഘടിപ്പിക്കാനുദ്ദേശിക്കുന്ന കൊളോക്യത്തിന് **7 ലക്ഷം രൂപ** അനുവദിക്കുന്നു.

12. **'റിസർച്ച് സ്ലാബ് ഏർപ്പെടുത്തും**

ഗവേഷണരംഗത്ത് കൂടുതൽ സാധ്യതകൾ അതിവേഗത്തിൽ ലഭ്യമാക്കാൻ സഹായകമാകുന്ന തരത്തിൽ സർവ്വകലാശാല ഗവേഷണ മേഖലയിൽ രണ്ട് റിസർച്ച് സ്ലാബ് ഏർപ്പെടുത്തും. രണ്ട് സ്ലാബുകളും യു.ജി.സി. റെഗുലേഷൻ പ്രകാരമുള്ള സമയക്രമം പാലിച്ചുകൊണ്ടാണ് നടപ്പാക്കുന്നത്. സ്ലാബ് ഒന്നിൽ മൂന്നുവർഷകാലാവധിയിൽ ഗവേഷണം കൃത്യമായി പൂർത്തീകരിക്കണം. മൂന്നുവർഷത്തേക്ക് പ്രതിമാസം 25000 രൂപ വീതം ഫെലോഷിപ്പ് ലഭ്യമക്കും. രണ്ടാമത്തെ സ്ലാബിൽ അഞ്ചുവർഷമാണ് ഉപയോഗിക്കാവുന്ന പരമാവധി കാലാവധി. പ്രസ്തുത കാലയളവിൽ 15000 രൂപ വീതം പ്രതിമാസം ലഭ്യമാക്കും. പുതിയ രജിസ്ട്രേഷൻ നടത്തുന്ന ഗവേഷകർക്ക് യഥേഷ്ടം പ്ലാനുകൾ നിശ്ചയിക്കാൻ അവസരം ഉണ്ടാകും. രണ്ടു പ്ലാനുകളും സർവ്വകലാശാലയുടെ ഫെലോഷിപ്പ് നിയമങ്ങളും, ചട്ടങ്ങളും പാലിച്ചുകൊണ്ടാവും നടപ്പാക്കുന്നത്. കൂടുതൽ വേഗതയിൽ ഗവേഷണ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗവേഷകർക്ക് ഉചിതമായ ഫെലോഷിപ്പ് ലഭ്യമാക്കുന്നതിനും കൂടുതൽ പിഎച്ച്.ഡികൾ സൃഷ്ടിക്കുന്നതിനും ഇത് സഹായകരമാകുമെന്ന് കരുതുന്നു. ഇതിനാവശ്യമാകുന്ന തരത്തിൽ സർവ്വകലാശാല റിസർച്ച് റെഗുലേഷൻ പരിഷ്കരിക്കും.

13. **സ്റ്റുഡന്റ് പാലീയേറ്റീവ് ക്ലബ്ബ് പ്രവർത്തനങ്ങൾ തുടരും.**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തിവരുന്ന സ്റ്റുഡന്റ് പാലീയേറ്റീവ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്; കുട്ടികളുടെ സാമൂഹിക ബോധത്തേയും വ്യക്തിത്വ രൂപീകരണത്തേയും സ്വാധീനിക്കാനാകുന്ന വ്യത്യസ്ത പരിപാടികളും പാലിയേറ്റീവ് സേവനങ്ങളുമാണ് ക്ലബ്ബ് നടത്തിവരുന്നത്. സർവ്വകലാശാല എൻ.എസ്.എസിനാണ് ഇതിന്റെ നടത്തിപ്പ് ചുമതല. അഫിലിയേറ്റഡ് കോളേജുകളിലെ സ്റ്റുഡന്റ് പാലീയേറ്റീവ് ക്ലബ്ബ് പ്രവർത്തനങ്ങൾക്കായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

14. **M.Sc മൈക്രോബിയൽ ജിനോമിക്സ് & ടെക്നോളജി പ്രോഗ്രാം തുടങ്ങും.**

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫർമാറ്റിക്സിൽ മൈക്രോബയോളജി, മോളിക്യൂലർ ബയോളജി, ബയോ ഇൻഫർമാറ്റിക്സ് എന്നീ നൂതന മേഖലകൾ ഏകീകരിക്കുന്ന M.Sc മൈക്രോബിയൽ ജീനോമിക്സ് & ടെക്നോളജി പ്രോഗ്രാം പുതുതായി തുടങ്ങും. മൈക്രോബിയൽ ജനിതക ശാസ്ത്രത്തെക്കുറിച്ചും മൈക്രോബയോളജിയെക്കുറിച്ചും മൈക്രോബിയൽ സാങ്കേതിക ആപ്ലിക്കേഷനുകളുടെ പ്രയോഗത്തെക്കുറിച്ചും അറിയുന്നതിനും തുടർ ഗവേഷണത്തിനും ഇത് സഹായകരമാകുമെന്ന് കരുതുന്നു. ഇതിന്റെ പ്രാഥമിക ചിലവുകൾക്കായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

15. **ജിയോഗ്രഫി പഠന ഗവേഷണ ഡിപ്പാർട്ട്മെന്റും കായിക പഠന ഗവേഷണ വകുപ്പും പുതുതായി തുടങ്ങും.**

കാലിക പ്രാധാന്യമുള്ള പഠന, ഗവേഷണ മേഖലയാണ് ജിയോഗ്രാഫിയും കായിക മേഖലയും. ഫിസിക്കൽ എഡ്യൂക്കേഷനിൽ പഠന വകുപ്പ് തുടങ്ങാനുള്ള നിർദ്ദേശം കഴിഞ്ഞ ബഡ്ജറ്റിലും ഉൾപ്പെടുത്തിയിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ അതു നടപ്പാക്കാനായില്ല. സർവ്വകലാശാലയുടെ ഇപ്പോൾ പ്രവർത്തിക്കുന്ന ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പെഷ്യൽ ഇൻഫർമേഷൻ സയൻസ് &ടെക്നോളജിയെ ഡിപ്പാർട്ട്മെന്റ് ഓഫ് ജിയോഗ്രഫി പഠന-ഗവേഷണവകുപ്പാക്കി മാറ്റും. ഫിസിക്കൽ എഡ്യൂക്കേഷൻ പഠന, ഗവേഷണ വകുപ്പും ഇത്തവണ തുടങ്ങും. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **10 ലക്ഷംരൂപ** അനുവദിക്കുന്നു.

16. **റീജനറേറ്റീവ് മെഡിസിൻ, ഡ്രഗ് സ്ക്രീനിങ് എന്നിവയ്ക്കായി 3ഡി ബയോപ്രിന്റഡ് ടിഷ്യൂ നിർമ്മാണം സാധ്യമാക്കും.**

ബയോളജിക്കൽ സിസ്റ്റങ്ങളോട് സാമ്യമുള്ള ഫംഗ്ഷണൽ ടിഷ്യു നിർമ്മിക്കാൻ പ്രാപ്തിയുള്ള ഗവേഷണങ്ങൾ കേരള സർവ്വകലാശാലയുടെ അഡ്വാൻസ്ഡ് സെന്റർ ഫോർ റീജനറേറ്റീവ് ബയോളജി & സ്റ്റെം സെൽ റിസർച്ചിൽ നടന്നുവരുന്നു. ഇതിന്റെ ഗവേഷണ പ്രവർത്തനങ്ങൾക്കായി **8 ലക്ഷംരൂപ** അനുവദിക്കുന്നു.

17. **'ഹൈറ്റ്സ് – 2025' ഗവേഷണോത്സവം സംഘടിപ്പിക്കും.**

സർവ്വകലാശാലയുടെ ഗവേഷണ സംവിധാനങ്ങളെയും സംഭാവനകളെയും പരിചയപ്പെടുത്തുകയും പുതിയ തലമുറയ്ക്കും പൊതുസമൂഹത്തിനും സർവ്വകലാശാല പഠന, ഗവേഷണത്തെ സ്പർശിച്ചറിയാനുമുള്ള അവസരമാണ് 'ഹൈറ്റ്സ് – ഗവേഷണോത്സവം. രണ്ടു വർഷത്തിലൊരി

ക്കൽ ഇത് തുടർച്ചയായി സംഘടിപ്പിക്കണമെന്ന് കരുതുന്നു. ഹൈറ്റ്സ് 2025 വിപുലമായി സംഘടിപ്പിക്കുന്നതിനായി **50 ലക്ഷംരൂപ** നീക്കിവയ്ക്കുന്നു.

**18. യംങ്ങ് സയന്റിസ്റ്റ് കോൺക്ലേവ് സംഘടിപ്പിക്കും.**

രാജ്യത്തെ യുവ ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും സംബന്ധിക്കാനാകുന്ന തരത്തിൽ 'യംങ്ങ് സയന്റിസ്റ്റ് കോൺക്ലേവ് സർവ്വകലാശാലയുടെ റിസർച്ച് ഡയറക്ടറേറ്റും IQAC യും സംയുക്തമായി സംഘടിപ്പിക്കും. നമ്മുടെ ഗവേഷകർക്ക് അക്കാദമികമായി ലഭ്യമാകുന്ന ഒരു വലിയ സമ്മാനമാകുമത്. മികച്ച പ്രബന്ധങ്ങൾക്ക് 'കേരള സർവ്വകലാശാല യംങ്ങ് സയന്റിസ്റ്റ് അവാർഡ് നൽകും. ഇതിനായി **25 ലക്ഷംരൂപ** നീക്കിവയ്ക്കുന്നു.

**19. സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസ് 'ഡ്രോൺ'നിരീക്ഷണത്തിൽ സുരക്ഷിതമാക്കും.**

രണ്ടായിരത്തോളം വിദ്യാർത്ഥികൾ പഠനഗവേഷണം നടത്തുന്ന കാര്യവട്ടംകാമ്പസിൽ കൂടുതൽ ശക്തമായസുരക്ഷാ ക്രമീകരണം ആവശ്യമുണ്ട്. ലഹരിയുടെ ഉപയോഗം സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് വിശാലമായ കാര്യവട്ടം കാമ്പസ് കൃത്യമായ സുരക്ഷാ വലയത്തിലാക്കേണ്ട സാഹചര്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കാമ്പസ് സുരക്ഷ 'ഡ്രോൺ' നിരീക്ഷണത്തിലാക്കുന്നത് ഉചിതമാകുമെന്ന് കരുതുന്നു. ഇതിനാവശ്യമായ നിയമനടപടികളും ക്രമീകരണങ്ങളും കാമ്പസ് ഡയറക്ടറും സെക്യൂരിറ്റി വിഭാഗവും അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കും. ആധുനിക സെക്യൂരിറ്റി സംവിധാനങ്ങളും ഏർപ്പെടുത്തും. ഇതിനായി **40 ലക്ഷം രൂപ** വകയിരുത്തുന്നു.

**20. 'ക്വിസ്റ്റ് ഫോർ സ്പോർട്സ് ടാലന്റ് പദ്ധതി നടപ്പാക്കും.**

അന്തർ സർവ്വകലാശാല മത്സരങ്ങളിൽ കേരള സർവ്വകലാശാലയുടെ മെഡൽ സാധ്യത മനസ്സിലാക്കി കായിക ഇനങ്ങളുടെ മുൻഗണന പട്ടിക തയ്യാറാക്കിക്കൊണ്ട് കായിക താരങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതിയാണ് ക്വിസ്റ്റ് ഫോർ സ്പോർട്സ് ടാലന്റ് പദ്ധതി. ഇതിനായി വിജയസാധ്യതയുള്ള അഞ്ച് കായിക ഇനങ്ങളാണ് തിരഞ്ഞെടുക്കുന്നത്. ഇതിന്റെ ചിലവിലേക്കായി **15 ലക്ഷം രൂപ** അനുവദിക്കുന്നു.

**21. 'അയ്യാവൈകുണ്ഠ സ്വാമി പഠന ഗവേഷണ സെന്റർ' ആരംഭിക്കും.**

കേരളത്തിന്റെ സാമൂഹിക മുന്നേറ്റങ്ങളിലും നവോത്ഥാ നപോരാട്ടങ്ങളിലും നായകത്വം വഹിച്ച വ്യക്തികളിൽ ശ്രദ്ധേയനാണ് അയ്യാവൈകുണ്ഠ സ്വാമികൾ. ജനതയുടെ ഭൗതികവും ആത്മീയവുമായ ഉന്നമനത്തിനുവേണ്ടി സമർപ്പിച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. തിരുവിതാംകൂറിൽ നടന്ന ചരിത്രപ്രസിദ്ധമായ തോൾശീലകലാപത്തിന്റെയും മാറുമറയ്ക്കൽ സമരത്തിന്റെയും മുൻനിരയിൽ അദ്ദേഹമുണ്ടായിരുന്നു. 1833–ൽ സ്വാമികൾ നടത്തിയ കണ്ണാടി പ്രതിഷ്ഠ പിൽക്കാല നവോത്ഥാനമുന്നേറ്റത്തിന്റെ ആവേശാനുഭവമായിരുന്നു. പൗരാവകാശങ്ങൾക്കുവേണ്ടി എക്കാലവും നിലകൊണ്ട അദ്ദേഹത്തിന്റെ ദർശനങ്ങളും ചിന്തയും തലമുറയിലേക്ക് പകരേണ്ടതുണ്ട്. അതിനുപര്യാപ്തമാകുന്ന തരത്തിൽ അയ്യാവൈകുണ്ഠസ്വാമി പഠന ഗവേഷണ കേന്ദ്രം കേരള സർവ്വകലാശാലയിൽ തുടങ്ങും. ഇതിനായി **15 ലക്ഷം രൂപ** വകയിരുത്തുന്നു.

**22. ഹിസ്റ്റോപത്തോളജി ലബോറട്ടറി സ്ഥാപിച്ച് 'ബ്രെസ്റ്റ് ക്യാൻസർ' നിർണ്ണയ ഗവേഷണം വിപുലപ്പെടുത്തും.**

ഹ്യൂമൻ ടിഷ്യൂ സാമ്പിളുകളെ അടിസ്ഥാനമാക്കി ഇമ്മ്യൂണോ ഹിസ്റ്റോ കെമിസ്ട്രി അധിഷ്ഠിത പരിശോധനകൾ ഉൾപ്പെടെ ആധുനികമായി വികസിപ്പിക്കാനും ബ്രെസ്റ്റ് ക്യാൻസർ നിർണ്ണയത്തിന് അത് ചികിത്സാമാർഗ്ഗമാക്കാനും സാധ്യമായ ഗവേഷണം ബയോകെമിസ്ട്രി പഠന ഗവേഷണ വകുപ്പിലെ സെന്റർ ഫോർ അഡ്വാൻസ്ഡ് ക്യാൻസർ റിസർച്ചിൽ നടത്തുന്നുണ്ട്. ഇതിനാവശ്യമായ ലബോറട്ടറി സ്ഥാപിക്കുന്നതിനായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**23. കേരളത്തിലെ പരമ്പരാഗത നെല്ലിനങ്ങളുടെ സമഗ്ര ഡാറ്റാബേസ് വികസിപ്പിക്കും.**

സർവ്വകലാശാലയുടെ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിക്സ് & ജീൻടെക്നോളജിയുടെ നേതൃത്വത്തിൽ കേരളത്തിലെ പരമ്പരാഗത നെല്ലിനങ്ങളുടെ വിഷ്വൽ (മോർഫോളജിക്കൽ), മോളിക്യുലാർ (ഡി. എൻ. എ ബാർകോഡ്) മാറ്റങ്ങൾ സമന്വയിപ്പിക്കുന്ന ഒരു സമഗ്ര ഡിജിറ്റൽ ഡാറ്റാബേസ് വികസിപ്പിക്കുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന്റെ

കാർഷിക പാരമ്പര്യം സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും പലതരത്തിൽ സഹായകമാകുന്ന ഈ കാർഷിക പദ്ധതിയ്ക്കായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**24. യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ജ്ഞാനപീഠജേതാക്കളുടെ പ്രത്യേക വിജ്ഞാന കേന്ദ്രം തുറക്കും:**

കേരളത്തിന്റെ അഭിമാനമായ നമ്മുടെ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ജ്ഞാനപീഠ ജേതാക്കളുടെ സമ്പൂർണകൃതികൾ, അവയെ സംബന്ധിച്ച പഠനങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾ എന്നിവയുടെ വിജ്ഞാന കേന്ദ്രം ആധുനിക സൗകര്യങ്ങളോടെ പ്രത്യേകം ഒരുക്കും. ഇതിനായി **10 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**25. കേരള സർവ്വകലാശാലയിൽ ടെക്നോളജി ട്രാൻസ്ഫർ സെൽ സ്ഥാപിക്കും.**

കേരള സർവ്വകലാശാലയുടെ ട്രാൻസിലേഷൻ റിസർച്ച് ആന്റ് ഇന്നോവേഷൻ സെന്ററിലെ ഐ.സി.ആർ. സെല്ലിന്റെ ഗവേഷണ കണ്ടെത്തലുകളുടെ കൈമാറ്റം സുഗമമാക്കുന്നതിന് ഒരു ടെക്നോളജി ട്രാൻസ്ഫർ സെൽ (ടി.ടി.സി) ആവശ്യമുണ്ട്. സർവ്വകലാശാലയുടെ പേറ്റന്റുകളും സാങ്കേതിക വിദ്യകളും ബന്ധപ്പെട്ട മേഖലക്കു കൈമാറാനുള്ള നിയമപരമായ നടപടികൾക്കും പ്രവർത്തനങ്ങൾക്കും ഇത് അനിവാര്യമാണ്. ഇതിന്റെ പ്രഥമിക പ്രവർത്തനങ്ങൾക്കായി **10 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**26. കൗൺസിലിംഗ് സൈക്കോളജിയിൽ പി. ജി. കോഴ്സ് തുടങ്ങും.**

മാറുന്ന കാലത്തിന്റെ ഉപോല്പ്പന്നമാണ് മാനസിക സമ്മർദ്ദവും അനുബന്ധപ്രശ്നങ്ങളും. യോഗ്യരായ കൗൺസിലർമാരുടെ സേവനം ഇക്കാലഘട്ടത്തിൽ അത്യാവശ്യമാകുന്നു, ശാസ്ത്രീയമായി കൗൺസിലിംഗ് നടത്താൻ യോഗ്യരായവരെ സൃഷ്ടിക്കാനാകുന്ന തരത്തിൽ സർവ്വകലാശാലയുടെ സൈക്കോളജി പഠന-ഗവേഷണ വകുപ്പ് കൗൺസിലിംഗ് സൈക്കോളജിയിൽ ഒരു പി.ജി. കോഴ്സ് ആരംഭിക്കും. ഇതിന്റെ പ്രാരംഭ ആവശ്യങ്ങൾക്കായി **5 ലക്ഷം രൂപ** അനുവദിക്കും.

**27. മഹാത്മ അയ്യൻകാളി ഇന്റർനാഷണൽ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്ററിന് സഹായം നൽകും.**

കേരള സർവ്വകലാശാലയുടെ മഹാത്മ അയ്യൻകാളി ഇന്റർനാഷണൽ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്റർ പാർശ്വവൽകൃത വിഭാഗങ്ങൾ ഉൾപ്പടെയുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ഒട്ടേറെ അക്കാദമിക ഗവേഷണ പരിപാടികൾ നടത്തിവരുന്നുണ്ട്. പ്രോജക്ടുകൾ ചെയ്യുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും ദേശീയ അന്തർദേശീയ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ബന്ധപ്പെട്ട മേഖലകളിലെ പുസ്തകശേഖരണം രൂപപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. സെന്ററിന്റെ സുഗമമായ അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**28. ആയുർ ഇൻഫോർമാറ്റിക്സ് ഉപയോഗിച്ച് ബ്രഹ്മരസായനത്തിന്റെ നാഡീവ്യൂഹ സംരക്ഷണ സാധ്യതയിൽ അന്വേഷണ പഠനം.**

ആയുർവേദ ചികിത്സയുടെ ഫലങ്ങൾ ശാസ്ത്രീയമായി കണ്ടെത്താൻ ഉപകരിക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത സാങ്കേതികവിദ്യയാണ് ആയുർ ഇൻഫോർമാറ്റിക്സ്. ബ്രഹ്മരസായനം സാധാരണയായി നാഡീവ്യൂഹത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉപയോഗിക്കുന്ന ഒരു ഔഷധകൂട്ടാണ്. ഇവയുടെ ഔഷധഗുണങ്ങൾ തന്മാത്രാതലത്തിൽ വിവേചിച്ചറിഞ്ഞ് ഔഷധഘടകങ്ങൾ വേർതിരിക്കാനും കൂട്ടിയോജിപ്പിച്ച് അൽഷിമേഴ്സ്, പാർക്കിൻസൻസ് രോഗങ്ങൾക്കുള്ള പ്രതിരോധമാക്കാൻ കഴിയുമോ, എന്ന പഠനഗവേഷണവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി **4 ലക്ഷം രൂപ** വകയിരുത്തുന്നു.

**29. ഹരിതാലയം പദ്ധതി തുടരും.**

കാര്യവട്ടം കാമ്പസിൽ ഹരിതാലയം പദ്ധതിയുടെ ഭാഗമായി ഒട്ടേറെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. വിദ്യാർത്ഥികളിൽ കാർഷികാവബോധം ജനിപ്പിക്കാൻ പര്യാപ്തമായ നിരവധി പരീക്ഷണ പ്രവർത്തനങ്ങൾ ഹരിതാലയത്തിന്റെ ഭാഗമായി നടന്നു. അക്കേഷ്യയുടെ വ്യാപനം തടയാനും പ്രദേശത്തെ കൃഷിയോഗ്യമാക്കാനുമാകുന്ന ഹരിതാലയം പദ്ധതി തുടരും. ഇതിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി **15 ലക്ഷം രൂപ** അനുവദിക്കുന്നു.

**30. ക്ലിനിക്കൽ എംബ്രിയോളജിയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ തുടങ്ങും.**

എംബ്രിയോ സംസ്കരണം, ക്രയോ സംരക്ഷണം, പ്രീ ഇംപ്ലാന്റേഷൻ ജന്യപരീക്ഷണം (PGT) തുടങ്ങിയ മേഖലകളിൽ അറിവും പരിചയവും നല്കുന്നതരത്തിൽ സർവ്വകലാശാലയുടെ

അഡ്വാൻസ്ഡ് സെന്റർ ഫോർ റീജനറേറ്റീവ് ബയോളജി & സ്റ്റെംസെൽ റിസർച്ചിൽ ഒരു പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ പ്രോഗ്രാം തുടങ്ങും. ഒരു വർഷത്തെ കാലാവധിയിലാകും പ്രോഗ്രാം രൂപപ്പെടുത്തുക. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി **3 ലക്ഷംരൂപ** വകയിരുത്തുന്നു.

**31. ഹിന്ദി ദിനാചരണത്തിന് സഹായം നല്കും.**

ഹിന്ദി ദിനാചരണത്തിന്റെ ഭാഗമായി സർവ്വകലാശാലയുടെ ഹിന്ദി, പഠന-ഗവേഷണ വകുപ്പ് വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പ്രസ്തുത പരിപാടികൾ തുടർന്നു സംഘടിപ്പിക്കുന്നതിനും പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നതിനുമായി **3 ലക്ഷംരൂപ** അനുവദിക്കുന്നു.

**32. IQAC യ്ക്ക് പ്രവർത്തനസഹായം നല്കും.**

സർവ്വകലാശാലയുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നല്കുന്ന പ്രവർത്തനങ്ങളാണ് IQAC സംഘടിപ്പിക്കുന്നത്. സർവ്വകലാശാലയുടെ വിവിധ റാങ്കുകൾക്ക് പര്യാപ്തമായ ഡേറ്റബേസ് രൂപപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നത് IQAC യാണ്. IQAC യുടെ വിവിധ പ്രവർത്തനങ്ങൾ ക്കായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**33. അന്താരാഷ്ട്ര ശ്രീനാരായണ ഗുരു പഠന-ഗവേഷണ സെന്ററിനും ശ്രീ ചട്ടമ്പിസ്വാമി ഗവേഷണ സെന്ററിനും സഹായം നല്കും.**

നവോത്ഥാന മൂല്യങ്ങൾ തലമുറയിലേക്ക് പകരാനാവശ്യമായ വ്യത്യസ്ത പരിപാടികളാണ് സർവ്വകലാശാലയുടെ ശ്രീനാരായണഗുരു അന്താരാഷ്ട്ര ഗവേഷണകേന്ദ്രവും ശ്രീ ചട്ടമ്പിസ്വാമി പഠനഗവേഷണകേന്ദ്രവും നടത്തുന്നത്. പ്രസ്തുത സെന്ററുകളുടെ വിവിധ പരിപാടികൾക്കായി **3 ലക്ഷംരൂപ** വീതം അനുവദിക്കുന്നു.

**34. ഡോ. പുതുശ്ശേരി അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും.**

സാഹിത്യകാരനും സർവ്വകലാശാല അദ്ധ്യാപകനും ലോകമലയാള സമ്മേളനത്തിന് സംഘാടകനുമായിരുന്ന പുതുശ്ശേരി രാമചന്ദ്രന്റെ സ്മരണാർത്ഥമുള്ള അന്താരാഷ്ട്ര സെമിനാർ എല്ലാ വർഷവും സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുന്നു. കേരള പഠന വിഭാഗമാണ് സംഘാടകർ. ഈ വർഷത്തേക്ക് **8 ലക്ഷംരൂപ** അനുവദിക്കുന്നു.

**35. സർവ്വകലാശാലയിലെ ഡോക്ടറേറ്റ് ബിരുദധാരികൾക്കും പഠനവകുപ്പുകളിലെ വിദ്യാർത്ഥികൾക്കും കോൺവെക്കേഷൻ സംഘടിപ്പിക്കും.**

കേരള സർവ്വകലാശാല 2025 മുതൽ ഡോക്ടറേറ്റ് ബിരുദം നേടിയവർക്കായി കോൺവെക്കേഷൻ സംഘടിപ്പിക്കും. എല്ലാ ഡിസംബർ മാസത്തിലും ഡോക്ടറേറ്റ് ബിരുദദാന ചടങ്ങ് നടത്തും. വിവിധ പഠനവകുപ്പുകളുടെ കോൺവെക്കേഷൻ സ്കൂളുകളുടെ അടിസ്ഥാനത്തിൽ എല്ലാ വർഷവും തുടർച്ചയായി സംഘടിപ്പിക്കും. ഇതിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾക്കായി **10 ലക്ഷംരൂപ** നീക്കിവയ്ക്കുന്നു. വിദേശ വിദ്യാർത്ഥികളുടെ കോൺവെക്കേഷൻ പ്രത്യേകമായി സി.എസ്.എസ് ന്റെയും ഗ്ലോബൽ അക്കാദമിയുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കും.

**36. പുതിയ ഒരു ഹോസ്റ്റൽ കൂടി നിർമ്മിക്കും.**

കാര്യവട്ടം കാമ്പസിൽ – ആൺകുട്ടികൾക്ക് താമസസൗകര്യത്തിന്റെ അപര്യാപ്തതയുണ്ട്. ഇതു പരിഹരിക്കാനായി 200 ആൺകുട്ടികൾക്ക് താമസിക്കാനാകുന്ന തരത്തിൽ ഡോർമെറ്ററികളുള്ള ഹോസ്റ്റൽ പുതുതായി പണിയും. അലുമിനിയുടെ സഹായവും ഇതിനായി ഉപയോഗിക്കും. ആദ്യഘട്ടത്തിൽ **1 കോടി രൂപ** നീക്കിവയ്ക്കുന്നു.

**37. ആഗോളതലത്തിലെ കണ്ടെത്തലുകളുടെ കേരളസാധ്യത പരിശോധിക്കാനായി വർക്ക്ഷോപ്പ് സംഘടിപ്പിക്കും.**

കേരള സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ആൾട്ടർനേറ്റീവ് എക്കണോമിക്സ്, ആഗോളതലത്തിൽ നടക്കുന്ന ഇന്നോവേഷനുകൾ കേരളത്തിന് എങ്ങനെ ഉപകാരപ്രദമാക്കാമെന്ന വിഷയത്തിൽ ഒരു വർക്ഷോപ്പ് സംഘടിപ്പിക്കും. ഇതിനായി യുണൈറ്റഡ് നേഷൻസിന്റെ നിയമപരമായ പിന്തുണയും തേടും. നമ്മുടെ അക്കാദമികവും ഗവേഷണപരവും തൊഴിൽപരവുമായ സാധ്യതകളെ പുത്തൻ ദിശയിൽ എത്തിക്കു ന്നതിന് പര്യാപ്തമായ ഒരു സംരംഭമായി ഇതുമാറുമെന്നു പ്രതീക്ഷിക്കുന്നു. വിദേശ ഗവേഷകരുൾപ്പെടെ പങ്കെടുക്കുന്ന വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നതിന് **6 ലക്ഷം രൂപ** അനുവദിക്കുന്നു.

**38. കോൺട്രാക്ട് ഫാക്കൽറ്റികൾക്കും പോസ്റ്റുഡോക്ടറൽ ഫെലോകൾക്കും അക്കാദമിക പ്രോജക്ടുകൾക്ക് സഹായം നല്കും.**

അതതു ഡിപ്പാർട്ടുമെൻറ് കൗൺസിലുകളുടെ ശുപാർശ പ്രകാരം സമർപ്പിക്കുന്ന അക്കാദമിക പ്രോജക്ടുകൾ നടപ്പാക്കാൻ പോസ്റ്റുഡോക്ടറൽ ഫെലോകൾക്കും കോൺട്രാക്ട് ഫാക്കൽറ്റി കൾക്കും സഹായം നല്കും. ഇതിനായി **6 ലക്ഷം രൂപ** അനുവദി ക്കുന്നു. സർവ്വകലാശാലയുടെ IQAC യെ ഇതിനായി ചുമതല പ്പെടുത്തുന്നു.

**39. പേപ്പർ രഹിത അഡ്മിനിസ്ട്രേഷൻ നടപ്പാക്കും.**

പരിസ്ഥിതി സംരക്ഷണവും ഭരണപരമായ ചിലവുകുറയ്ക്കലും സാധ്യമാകുന്ന തരത്തിൽ പേപ്പർരഹിത അഡ്മിനിസ്ട്രേഷൻ ഘട്ടംഘട്ടമായി നടപ്പാക്കും. ഇതിന്റെ ഭാഗമായി സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ പ്രവർത്തനങ്ങൾ പരമാവധി പേപ്പർരഹിത മാക്കും. സിൻഡിക്കേറ്റ് അംഗങ്ങൾക്കും, സ്റ്റാറ്റ്യൂട്ടറി ഓഫീസർ മാർക്കും, ജോയിന്റ് രജിസ്ട്രാർമാർക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ടാബുകളും ഇതര ഉപകരണങ്ങളും വാങ്ങും. ഇതിനായി **15 ലക്ഷം രൂപ** അനുവദിക്കുന്നു.

**40. ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കും.**

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരള സർവ്വകലാശാലയുടേത് ഉജ്ജ്വല മുന്നേറ്റമാണ്. നാക്ക് അക്രേഡിറ്റേഷനിൽ ഉന്നത ഗ്രേഡുമായി A++ നേടിയ കേരള സർവ്വകലാശാല യാണ് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ നേട്ടങ്ങൾക്ക് മാതൃകയൊരുക്കിയത്. വിദ്യാഭ്യാസരം ഗത്ത് പൊതുവിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ചും രാജ്യത്തിന് മാതൃകയാവുകയാണ് കേരളമിന്ന്. ലോകോത്തരനിലവാരമാണ് ഇനി നമ്മുടെ ലക്ഷ്യം. അതിനുവഴിതുറക്കുന്നതിനും സർവ്വകലാശാലയുടെ നേട്ടങ്ങളെ അടയാളപ്പെടുത്തുന്നതിനും ഉതകുന്ന ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് പ്രമുഖരെ പങ്കെടുപ്പിച്ച് കേരള സർവ്വകലാശാല സംഘടിപ്പിക്കും. ഇതിനായി **15 ലക്ഷം രൂപ** വകയിരുത്തുന്നു.

**41. ഇംഗ്ലീഷ് പഠന - ഗവേഷണ വകുപ്പിൽ സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങും.**

'സർട്ടിഫിക്കേറ്റ് കോഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് പ്രൊഫിഷൻസി ഫോർ അഡൽറ്റ് ലേണഴ്സ്' സർവ്വകലാശാലയുടെ ഇംഗ്ലീഷ് പഠന - ഗവേഷണ വകുപ്പിൽ പുതുതായി തുടങ്ങും. പ്രസ്തുത കോഴ്സിന്റെ സംഘാടനത്തിനായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**42. സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കായി സി- ആപ്റ്റിൽ പരിശീലനം സംഘടിപ്പിക്കും.**

കേരള സർവ്വകലാശാലയുടെ സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് പ്രത്യേകപരിശീലനം സംഘടിപ്പിക്കും. യുജിസി -മദൻ മാളവ്യ അദ്ധ്യാപക പരിശീലന കേന്ദ്രത്തിനൊപ്പം പ്രവർത്തിച്ചുവരുന്ന സി - ആപ്റ്റിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. സർവ്വകലാശാലയുടെ പൊതുഅക്കാദമിക പ്രവർത്തനങ്ങളുടെ ഏകോപനത്തിന് ഇത്തരം പരിശീലനങ്ങൾ സഹായകരമാകുമെന്ന് കരുതുന്നു. പ്രസ്തുത പരിശീലനങ്ങൾക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**43. 'സ്റ്റാർട്ടപ്പുകൾ' പരിപോഷിപ്പിക്കും.**

സർവ്വകലാശാലകൾ വ്യവസായ ഇടങ്ങൾ കൂടിയാകണമെന്നാണ് പുതിയകാലം ആവശ്യപ്പെടുത്തുന്നത്. പഠന-ഗവേഷണങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കാനായാൽ വലിയമുന്നേറ്റ ഇടങ്ങളായി സർവ്വകലാശാലകൾമാറും. സ്റ്റാർട്ടപ്പുകളെ പരിപോഷിപ്പിച്ചുകൊണ്ട് ആ സാധ്യത സൃഷ്ടിക്കാൻ ശ്രമിക്കും.ഇതിനായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**44. കേരള സർവ്വകലാശാലയിൽ 'ഈക്വൽ ഓപ്പർച്യൂണിറ്റി സെൽ' സ്ഥാപിക്കും.**

ഭിന്നശേഷി സൗഹൃദ സാധ്യതകൾ വിപുലമാക്കുന്നതിനും എല്ലാവരെയും ഉൾക്കൊള്ളുന്ന അക്കാദമിക-ഗവേഷണ അന്ത രീക്ഷം സർവ്വകലാശാലയിൽ സൃഷ്ടിക്കുന്നതിനും പര്യാപ്തമായ 'ഈക്വൽ ഓപ്പർച്യൂണിറ്റി സെൽ' സ്ഥാപിക്കും. ഇതിന്റെ പ്രവർത്തനങ്ങൾക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**45. ജിയോളജി പഠന ഗവേഷണവകുപ്പിൽ 'ലെയ്സർ രാമൻ സ്പെക്ട്രോസ്കോപ്പി' വാങ്ങും.**

ഉൽക്കകളുടെയും ധാതുക്കളുടെയും ഗവേഷണപഠനത്തിന് അനിവാര്യമായ ഉപകരണമാണ് 'ലെയ്സർ രാമൻ സ്പെക്ട്രോസ്കോപ്പി' ജിയോളജി വകുപ്പിന്റെ ഗവേഷണത്തിന് ഇത് അനിവാര്യ മാണ്. 1 കോടി 18 ലക്ഷം രൂപയാണ് ഇതിനാവശ്യമുള്ളത്. 1 കോടി രൂപ ഡിപ്പാർട്ട്മെന്റ് ഓഫ്

സയൻസ് ആന്റ് ടെക്നോളജി ഇതിനായി നൽകിയിട്ടുണ്ട്. ബാക്കി തുകയായ **18 ലക്ഷം രൂപ** സർവ്വ കലാശാല അനുവദിക്കും.

**46. രാജ്നാരായണൻ മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റിന് സഹായം നൽകും.**

സർവ്വകലാശാല സർവ്വീസിലിരിക്കെ അകാലത്തിൽ മരണപ്പെട്ട ജോയിന്റ് രജിസ്ട്രാറായിരുന്ന ശ്രീ. രാജ്നാരായണന്റെ സ്മരണാർത്ഥം കാര്യവട്ടം കാമ്പസിൽ ഒരു ക്രിക്കറ്റ് ടൂർണമെന്റ് നടന്നുവ രുന്നുണ്ട്. പ്രസ്തുത ടൂർണമെന്റിന്റെ നടത്തിപ്പിനായി കാമ്പസ് അസോസിയേഷന് **അര ലക്ഷം രൂപ** അനുവദിക്കുന്നു.

**47. വിവിധ മത്സര പരീക്ഷകൾക്ക് സി - ആപ്റ്റ് പരിശീലനം സംഘടിപ്പിക്കും.**

കേരള സർവ്വകലാശാലയുടെ യുജിസി–മദൻ മാളവ്യ അദ്ധ്യാപക പരിശീലന കേന്ദ്രത്തിനൊപ്പം പ്രവർത്തിച്ചുവരുന്ന സി - ആപ്റ്റിൽ, സർവ്വകലാശാല വിദ്യാർത്ഥികൾക്ക് പങ്കെടുക്കാനാകുന്ന തരത്തിൽ വിവിധ മത്സരപരീക്ഷകൾക്കായുള്ള പരിശീലനം സംഘ ടിപ്പിക്കും. വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യതയ്ക്ക് സഹായകരമാകുന്ന വിവിധ പരിശീലനങ്ങൾക്കായി **4 ലക്ഷം രൂപ** വക യിരുത്തുന്നു.

**48. ജർമ്മൻ സ്റ്റഡീസ് ഇൻ ഇൻഡ്യ: ഇന്റോ ജർമ്മൻ ജേർണൽ ഡിജിറ്റൈസ് ചെയ്യും.**

ജർമ്മൻ പഠനവിഭാഗത്തിൽനിന്നും 1974–മുതൽ പുറത്തിറങ്ങുന്ന പീർ റിവ്യൂഡ് ISSN ജേർണ ലാണ് ജർമ്മൻ സ്റ്റഡീസ് ഇൻ ഇൻഡ്യ: ഇന്റോ ജർമ്മൻ ജേർണൽ ഡിജിറ്റൈസ് ചെയ്തു സർവ്വക ലാശാല വെബ്സൈറ്റിൽ ലോഞ്ച് ചെയ്യും. ഇതിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**49. ജീവനിയുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകും.**

കേരള സർവ്വകലാശാല ജീവനക്കാരുടെ പരിസ്ഥിതി കൂട്ടായ്മയാണ് 'ജീവനി'. ജീവന ക്കാർക്കിടയിൽ ജൈവപച്ചക്കറികൃഷിയുടെ പ്രാധാന്യം പ്രോത്സാഹിപ്പിക്കുന്നതിന് ജീവനി നട ത്തിയ പ്രവർത്തനം മാതൃകാപരമാണ്. തുടർന്നുള്ള പ്രവർത്തനങ്ങൾ ക്കായി **1 ലക്ഷം രൂപ** അനുവ ദിക്കുന്നു.

**50. കാര്യവട്ടം കാമ്പസിലെ റോഡുകൾ നവീകരിക്കും.**

കാര്യവട്ടം കാമ്പസിന്റെ മുൻഭാഗങ്ങളിലുള്ള റോഡുകൾ ശാസ്ത്രീയമായി പുനഃക്രമീകരിച്ച് നവീകരിക്കും. നടപ്പാതകളും വിശ്രമബഞ്ചുകളും വിളക്കുകാലുകളും സ്ഥാപിക്കും. സി.ഇ.ടി.യുടെ ആർക്കിടെക്ചറൽ വിഭാഗത്തിന്റെ സഹായത്തോടെയാണ് ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന ത്. കാമ്പസിലെ ഇതര റോഡുകളുടെ അറ്റകുറ്റപ്പണികളും ഇതോടൊപ്പം പൂർത്തീകരിക്കും. ഇതി നായി **1.5 കോടി രൂപ** വകയിരുത്തുന്നു.

**51. ലൈബ്രറി ആന്റ് ഇൻഫോർമേഷൻ സയൻസ് വകുപ്പിൽ വിജ്ഞാന മാനേജ്മെന്റ് കേന്ദ്രം സ്ഥാപിക്കും.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറികൾ, ഇൻഫർമേഷൻ പ്രൊഫഷണലുകൾ, ഗവേഷകർ, പൊതുവായനാസമൂഹം എന്നിവരെ ശാക്തീകരിക്കുന്നതിനും വിജ്ഞാനവ്യാപന ത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് പ്രാപ്തിനൽകുന്നതിനും വിദഗ്ദ്ധ മാനേജ്മെന്റിനും പര്യാപ്ത മായ വിജ്ഞാന മാനേജ്മെന്റ് കേന്ദ്രം കേരള സർവ്വകലാശാല ലൈബ്രറി ആന്റ് ഇൻഫോർമേഷൻ പഠന ഗവേഷണ വകുപ്പിൽ തുടങ്ങും. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **4 ലക്ഷം രൂപ** അനുവദിക്കുന്നു.

**52. സർവ്വകലാശാലയുടെ പാളയം കാമ്പസിനുമുന്നിലും കാര്യവട്ടത്തും 'പീനട്ട് ചെടി'കളുടെ ഉദ്യാനം തീർക്കും.**

മനോഹരമായ സ്വർണ്ണവർണ്ണപൂക്കളാൽ സമൃദ്ധമായ ഉദ്യാനമാണ് 'പീനട്ട് ചെടി'യുടേത്. പ്രസ്തുത ഉദ്യാനം പാളയം കാമ്പസിലും കാര്യവട്ടം കാമ്പസിലും സൃഷ്ടിക്കും. ഇതിനായി ജൈവ വൈവിധ്യ ഗവേഷണ കേന്ദ്രത്തിന് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**53. കാര്യവട്ടം കാമ്പസിൽ മൾട്ടി യൂട്ടിലിറ്റി കെട്ടിടം സ്ഥാപിക്കും.**

ബി.ഒ.ടി. വ്യവസ്ഥയിൽ കാര്യവട്ടം കാമ്പസിൽ മൾട്ടി യൂട്ടിലിറ്റി കെട്ടിടം സ്ഥാപിക്കുന്നതി നുള്ള കഴിഞ്ഞ ബഡ്ജറ്റ് നിർദ്ദേശം സാങ്കേതിക കാരണങ്ങളാൽ നടപ്പാക്കാനായില്ല. എന്നാൽ പ്രസ്തുത സൗകര്യം കാമ്പസിൽ അനിവാര്യമാണ്. കാമ്പസിനുമുന്നിലെ പോസ്റ്റാഫീസ് കെട്ടിടവും സെക്യൂരിറ്റി വിങ്ങും കാലപ്പഴക്കത്താൽ പൊളിച്ചുമാറ്റേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ബാങ്കും, ക്യാന്റീനും പോസ്റ്റാഫീസും സ്റ്റേഷനറി സ്റ്റോറുകളും എ.ടി.എം. കൗണ്ടറുകളും ഉൾപ്പെടെ

പ്രവർത്തിപ്പികാനാകുന്ന ഒരു മൾട്ടി യൂട്ടിലിറ്റി കെട്ടിടം കാമ്പസിൽ നിർമ്മിക്കും. ഇതിനായി ആദ്യഘട്ടത്തിൽ **2 കോടി രൂപ** വകയിരുത്തുന്നു.

**54. ഇലക്ട്രിക് വാഹനങ്ങൾ വാങ്ങും.**

കാര്യവട്ടം കാമ്പസിലെ 'ബഗി' സൗകര്യം വിപുലപ്പെടുത്തണമെന്നും കാമ്പസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു വാഹനം ആവശ്യമുണ്ടെന്നുമുള്ള കാമ്പസ് അഡ്മിനിസ്ട്രേഷന്റെ അഭിപ്രായം പരിഗണിച്ച് പുതുതായി രണ്ട് ഇലക്ട്രിക് ബഗികളും ഒരു SUV ടൈപ്പ് ഇലക്ട്രിക് കാറും വാങ്ങുന്നതിനു തീരുമാനിക്കുന്നു. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

**55. സി.എസ്.എസിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകും.**

സർവ്വകലാശാല പഠനവകുപ്പുകളുടെ അക്കാദമിക, പരീക്ഷ ക്രമീകരണങ്ങളുടെ നവീകരണത്തിന്റെ ചുമതല സർവ്വകലാശാലയുടെ സി.എസ്.എസിനാണ്. PG, FYUG പ്രോഗ്രാമുകൾക്ക് സഹായകമായ വിവിധ പ്രവർത്തനങ്ങൾക്കായി സി.എസ്.എസിന് **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**56. സ്കൂൾ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന ശിൽപശാലകൾ സംഘടിപ്പിക്കും.**

സർവകലാശാലയുടെ നെഹ്റു സ്റ്റഡീ സെന്ററിന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായി വ്യക്തിത്വവികസന ശില്പശാലകൾ സംഘടിപ്പിക്കും. ഇത്തരം ഇടപെടൽ അനിവാര്യമാകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ മുന്നോട്ട് പോകുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിലാണ് ആദ്യഘട്ടത്തിൽ പരിപാടി സംഘടിപ്പിക്കുന്നത്. ഇതിനായി **14 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**57. ഹിന്ദി പഠന വകുപ്പിലെ സെന്റർ ഫോർ ട്രാൻസിലേഷൻ സ്റ്റഡീസിന് സഹായം നൽകും.**

ഹിന്ദി പഠന വകുപ്പിലെ സെന്റർ ഫോർ ട്രാൻസിലേഷൻ ആൻഡ് ട്രാൻസിലേഷൻ സ്റ്റഡീസിൽ ഒരു ഡിപ്ലോമ കോഴ്സ് വിജയകരമായി നടത്തിവരുന്നു. ഇപ്പോൾ പ്രസ്തുത സെന്റർ പുതുതായി അഡ്വാൻസ്ഡ് ഡിപ്ലോമാ ഇൻ ലാംഗ്വേജ് ടെക്നോളജി ആൻഡ് ട്രാൻസിലേഷൻ കോഴ്സും, സ്പോക്കൺ ഹിന്ദി കോഴ്സും ആരംഭിക്കുകയാണ്. ഇതിന്റെ നടത്തിപ്പിനുള്ള വിവിധ ആവശ്യങ്ങൾക്കായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**58. യൂണിവേഴ്സിറ്റി ലൈബ്രറിയിലെ ഡിജിറ്റൈസേഷൻ പ്രൊജക്ട് തുടരും.**

യൂണിവേഴ്സിറ്റി ലൈബ്രറിയിലെ അപൂർവ്വ പുസ്തകങ്ങളും തീസീസുകളും ചരിത്ര പ്രാധാന്യമുള്ള ഡോക്യുമെന്റുകളും ഡിജിറ്റൈസ് ചെയ്തു സോഫ്റ്റ്‌വെയർ സഹായത്തോടെ ആവശ്യക്കാർക്കു ലഭ്യമാക്കുന്ന പദ്ധതി വിജയകരമായി നടപ്പാക്കിയിരിക്കുന്നു. എന്നാൽ മേഖലയിലെ ഒട്ടേറെ ശേഖരങ്ങൾ ഇനിയും ഡിജിറ്റൈസ് ചെയ്യാനുള്ളതായി കാണുന്നു. അതുകൊണ്ടുതന്നെ പ്രസ്തുത പ്രോജക്ട് നിയമപരമായ നടപടികളിലൂടെ തുടരും. ഇതിനായി **15 ലക്ഷം രൂപ** അനുവദിക്കുന്നു.

**59. സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗവും, ഇഞ്ചിനിയറിംഗ് വിഭാഗവും നവീകരിക്കും:**

ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠനഗവേഷണാർത്ഥം എത്തുന്ന കേന്ദ്രമാണ് കാര്യവട്ടം കാമ്പസ്. അതിന്റെ ഭരണപരമായ നേതൃത്വവും സൗകര്യവികസനവും സാധ്യമാക്കുന്ന അഡ്മിനിസ്ട്രേഷൻ വിഭാഗവും, ഇഞ്ചിനിയറിംഗ് വിഭാഗവും കൂടുതൽ നവീകരിക്കേണ്ടതുണ്ട്. ആവശ്യമായ സൗകര്യവികസനങ്ങളും സാധ്യമാകണം. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

**60. ഡിപ്പാർട്ട്മെന്റ് ഓഫ് ഡെമോഗ്രാഫിയുടെ സെന്റർ ഫോർ ഏജിംങ് & ഹെൽത്ത്-പുതുതായി സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങും.**

സർവ്വകലാശാലയുടെ ഡെമോഗ്രാഫി ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള സെന്റർ ഫോർ ഏജിംങ് & ഹെൽത്ത്-പുതുതായി "ഡിസൈൻ, ഇംപ്ലിമെന്റേഷൻ ആന്റ് ഡാറ്റാ അനാലിസിസ് ഇൻ സർവ്വേറിസർച്ച്" എന്ന ഒരു സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങുന്നു. പ്രസ്തുത കോഴ്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **3 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**61. യൂണിവേഴ്സിറ്റി ലൈബ്രറിയെ അത്യാധുനിക സാധ്യതകളൊരുക്കി നവീകരിക്കും.**

കേരളത്തിന്റെ സവിശേഷതയാർന്ന വിജ്ഞാന കേന്ദ്രമാണ് തിരുവനന്തപുരം യൂണിവേഴ്സിറ്റി ലൈബ്രറി. നൂറുകണക്കിന് വിജ്ഞാനാർത്ഥികളുടെ ആശ്രയമായ പ്രസ്തുത ലൈബ്രറി കാലോചിതമായി നവീകരിക്കും. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു. ലൈബ്രറിയുടെ സുഗമമായ നടത്തിപ്പിന് സർവകലാശാല സിൻഡിക്കേറ്റിന്റെ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും.

**62. കാര്യവട്ടം കാമ്പസിൽ സ്വിമ്മിങ്പൂളും ജിംനേഷ്യവും തുടങ്ങും.**

സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിനെ അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രമാക്കാനുള്ള പദ്ധതികളും പരിപാടികളും ഘട്ടംഘട്ടമായി പൂർത്തീകരിക്കേണ്ടതുണ്ട്. കാമ്പസിന്റെ ഭൗതിക സൗകര്യ വികസനത്തിൽ സ്വിമ്മിങ്പൂളും ജിംനേഷ്യവും അനിവാര്യമാണ്. സർവ്വകലാശാലയുടെ വരുമാന സാധ്യതകൾകൂടി സംരക്ഷിച്ചുകൊണ്ട് കാര്യവട്ടം കാമ്പസിൽ സ്വിമ്മിങ്പൂളും ആധുനിക സൗകര്യമുള്ള ജിംനേഷ്യവും സ്ഥാപിക്കും. ഇതിനായി **2 കോടി രൂപ** ആദ്യഘട്ടമായി വകയിരുത്തുന്നു. സർക്കാരിന്റെയും സർക്കാർ ഏജൻസികളുടെയും സഹായത്തിനായും ശ്രമം നടത്തും.

**63. ഭരണഭാഷാ കോഴ്സ് മലയാള വിഭാഗത്തിൽ സംഘടിപ്പിക്കുന്നതിന് സഹായം നൽകും.**

ഉദ്യോഗസ്ഥർക്കും ബിരുദധാരികൾക്കും സഹായകരമാകുന്ന തരത്തിൽ ഭരണഭാഷാ സർട്ടിഫിക്കറ്റ് കോഴ്സ് കേരള സർവ്വകലാശാലയുടെ മലയാളവിഭാഗം സംഘടിപ്പിക്കും. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**64. ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെ രണ്ടാം നില പൂർത്തിയാക്കും.**

കാര്യവട്ടം കാമ്പസിലെ ടീച്ചേഴ്സ് ഹോസ്റ്റലിന്റെ എക്സ്റ്റൻഷനായി പ്രവർത്തിക്കുന്ന ബാച്ചിലേഴ്സ് ഹോസ്റ്റലിന് രണ്ടാംനില പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത നിർമ്മാണപ്രവർത്തനത്തിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**65. കാര്യവട്ടം കാമ്പസിൽ മൂന്ന് സ്ഥലങ്ങളിലായി ചിലവുകുറഞ്ഞ നിർമ്മാണ മാതൃകയിൽ കോഫിഷോപ്പുകൾ സ്ഥാപിക്കും.**

കാമ്പസിലെ സോഷ്യൽ സയൻസ് ബ്ലോക്കിനോട് ചേർന്ന് 'ചോല'യിലും ഫിസിക്സ് പഠനവകുപ്പിനു സമീപത്തും, ബോട്ടണി പഠനവകുപ്പു കാമ്പസിലുമായി 3 കോഫീഷോപ്പുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കും. ഏറെക്കാലമായി ഈ ആവശ്യം കാമ്പസിൽനിന്നും ഉയരുന്നുണ്ട്. ഇതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**66. അഫിലിയേറ്റഡ് കോളേജുകളിൽ സ്ത്രീധനവിരുദ്ധ ക്യാമ്പയിനും, ഫാമിലി കൗൺസിലിങ്ങും സംഘടിപ്പിക്കും.**

കേരളസർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ സർവ്വകലാശാലയുടെ സെന്റർ ഫോർ വിമൺ സ്റ്റഡീസിന്റെയും സ്റ്റുഡന്റ്സ് സർവ്വീസസിന്റെയും നേതൃത്വത്തിൽ സ്ത്രീധനവിരുദ്ധ ക്യാമ്പയിനും, ഫാമിലികൗൺസിലിങ്ങും സംഘടിപ്പിക്കും. ഇതിനായി **4 ലക്ഷം രൂപ** വകയിരുത്തുന്നു.

**67. ട്രാൻസ്ജെന്റർ വ്യക്തികൾക്ക് കരിയർ ഗൈഡൻസ് കോഴ്സുകൾ സംഘടിപ്പിക്കും.**

സർവ്വകലാശാലയുടെ സ്റ്റുഡൻസ് സെന്ററിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് ബ്യൂറോ വഴി ട്രാൻസ്ജെന്റേഴ്സിന് കരിയർ ഗൈഡൻസ് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കും. ഇതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**68. കാര്യവട്ടത്തെ ഇ. എം.എസ്. ഹാളിൽ 'ഒഫീഷ്യൽ ലോഞ്ച്' സ്ഥാപിക്കും.**

കാര്യവട്ടം കാമ്പസിലെത്തുന്ന വൈസ്ചാൻസിലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ എന്നിവർക്ക് ഔദ്യോഗികാവശ്യങ്ങൾക്കുകൂടി ഉപയോഗിക്കാനാകുന്ന തരത്തിൽ ഇ. എം.എസ്. ഹാളിൽ ഒഫീഷ്യൽ ലോഞ്ച് സ്ഥാപിക്കും. ഇതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**69. കണ്ടൽ ജീവിവർഗ്ഗങ്ങളുടെ കണ്ടൽ റൈസോസ്ഫിയർ മൈക്രോബയോമിന്റെ ഘടനയും പ്രവർത്തന വൈവിധ്യങ്ങളും ഗവേഷണ വിധേയമാക്കും.**

സർവ്വകലാശാലയുടെ എൻവയോൺമെന്റ് സയൻസ് ഗവേഷണവകുപ്പ് കേരളത്തിലെ കണ്ടൽകാടുകളിലെ സൂക്ഷ്മാണുക്കളുടെ മെറ്റാബോളിക്കുകളെ സംബന്ധിച്ച ഗവേഷണ പഠനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വ്യവസായം, കൃഷി, മത്സ്യകൃഷി, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകൾക്ക് സഹായകമാകുന്ന വിവിധോദ്ദേശ പദ്ധതിയാണിത്. കണ്ടൽവനങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന സൂക്ഷ്മജീവിസമൂഹങ്ങളെ ഡീകോഡ് ചെയ്യുന്നതിനും പദ്ധതിവഴിതുറക്കുമെന്ന് കരുതുന്നു. ഇതിന്റെ നടത്തിപ്പിനായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**70. സർവ്വകലാശാല പരിസ്ഥിതി ഗവേഷണ വകുപ്പിന്റെ ഖരമാലിന്യ സംസ്കരണ പ്രോജക്ട് തുടരും.**

സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിലെയും പാളയം കാമ്പസിലെയും ഖരമാലിന്യങ്ങൾ സംഭരിച്ച് സംസ്കരിക്കുന്ന പ്രോജക്ട് എൻവയോണ്മെന്റ് സയൻസ് പഠനഗവേഷണ വകുപ്പിന്റെ

നേതൃത്വത്തിൽ നടന്നുവരുന്നു. പ്രസ്തുത പ്രോജക്ട് തുടർന്നും നടത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് **12 ലക്ഷം രൂപ** അനുവദിക്കുന്നു.

**71. പ്രൊഫ. കുഞ്ഞാമൻ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾക്ക് സഹായം നൽകും.**

കഴിഞ്ഞ വർഷ ബഡ്ജറ്റിൽ നിർദ്ദേശിച്ച് ആരംഭം കുറിച്ച പ്രൊഫസർ കുഞ്ഞാമൻ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് **5 ലക്ഷം രൂപ** അനുവദിക്കുന്നു. ഗവേഷണം, നയരൂപീകരണം, കൊളാബറേഷൻ, നൈപുണ്യവികസനം എന്നിവയിലൂടെ കേരളത്തിലെ പാർശ്വവല്ക്കരിക്കപ്പെട്ട സമൂഹങ്ങളെ പഠിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള പദ്ധതികളാണ് സർവ്വകലാശാലയുടെ എക്കൊണോമിക്സ് വകുപ്പിൽ പ്രവർത്തിക്കുന്ന സെന്റർ മുന്നോട്ടുവയ്ക്കുന്നത്.

**72. ഹൈഡ്രോജെൽ അധിഷ്ഠിത ആന്റിന സെൻസർ നിർമ്മിക്കുന്നതിനുള്ള ഗവേഷണപഠനം പ്രോത്സാഹിപ്പിക്കും:**

ശരീര ഊഷ്മാവ്, ഗാൽവാനിക് സ്കിൻ റെസ്പോൺസ്, ശ്വസനനിരക്ക് എന്നിവയുടെ വ്യതിയാനത്തെ അറിയാനാകുന്നതും ശരീരത്തിൽ ധരിക്കാവുന്നതുമായ സോഫ്റ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ പഠനഗവേഷണങ്ങൾ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ നടക്കുന്നുണ്ട്. പ്രസ്തുത ഗവേഷണ പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**73. സർവ്വകലാശാല സർവ്വേ റിസർച്ച് സെന്ററിന് സഹായം നൽകും.**

കേരളത്തിന്റെ മാറുന്ന വ്യാവസായിക സൗഹൃദ സാഹചര്യങ്ങളെ കുറിച്ച് പഠിക്കുന്നതിന് സർവ്വകലാശാല പൊളിറ്റിക്കൽ സയൻസ് പഠന ഗവേഷണ വകുപ്പിലെ സർവ്വേ റിസർച്ച് സെന്റർ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന് **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**74. സർവ്വകലാശാലയുടെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 80–ാം വാർഷിക ആഘോഷത്തിന് സഹായം നൽകും.**

രാജ്യത്ത് സ്റ്റാറ്റിസ്റ്റിക്സ് പഠനത്തിൽ പി.ജി ആരംഭിച്ച രണ്ടാമത്തെ സർവ്വകലാശാലയാണിത്. 1945 ലാണ് കേരള സർവ്വകലാശാലയിൽ സ്റ്റാറ്റിസ്റ്റിക്സ് പഠന – ഗവേഷണ വിഭാഗം ആരംഭിക്കുന്നത്. മികച്ച അക്കാദമിക സംഭാവനകളാണ് വകുപ്പിന്റേതായുള്ളത്. ഒരു വർഷം നീണ്ടുനില്ക്കുന്ന 80–ാം വാർഷികാഘോഷ പരിപാടികൾക്കായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**75. ലൈബ്രറി നവീകരണത്തിന് മലയാളവിഭാഗം, കേരള പഠനവിഭാഗം എന്നിവയ്ക്ക് സഹായം നൽകും.**

കേരളസർവ്വകലാശാലയുടെ മലയാളവിഭാഗത്തിലേയും കേരളപഠനവിഭാഗത്തിലേയും ലൈബ്രറികൾ ആധുനികസൗകര്യങ്ങളോടെ നവീകരിക്കുന്നതിനും, ശീതീകരണസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി **30 ലക്ഷം രൂപ** നീക്കിവക്കുന്നു.

**76. ലൂമിനന്റ്ഫോസ്ഫോറുകൾ ഉപയോഗിച്ച് ഫ്ളൂറസെന്റ് പെയ്ന്റുകൾ നിർമ്മിക്കുന്നതിന്റെ സാധ്യതാ പഠനം നടത്തും**

റോഡ് സുരക്ഷക്ക് സഹായകരമാകുന്ന തരത്തിൽ ഫ്ളൂറസെന്റ് പെയ്ന്റുകൾ, പേർസിസ്റ്റന്റ് ലൂമിനന്റ്ഫോസ്ഫോറുകൾ ഉപയോഗിച്ച് നിർമ്മിച്ച് റോഡുകളിൽ ഉപയോഗിക്കുന്നത് പ്രകാശവികിരണത്തിന്റ പരിധി വർദ്ധിപ്പിക്കുമെന്ന് കരുതുന്നു. ഇത്തരം പെയ്ന്റുകൾ വികസിപ്പിച്ചെടുക്കാനുള്ള പഠനഗവേഷണത്തിനായി ഫിസിക്സ് ഡിപ്പാർട്ട്മെന്റിന് **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**77. മലയാളവിഭാഗത്തിൽ നിന്ന് ഹോർത്തൂസ് സാംസ്കാരിക നിഘണ്ടു പ്രസിദ്ധീകരിക്കും.**

കേരളസർവ്വകലാശാലയുടെ മലയാളപഠനവിഭാഗം ഹോർത്തൂസ് എന്ന പേരിൽ ഒരു സാംസ്കാരിക നിഘണ്ടു പ്രസിദ്ധീകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി **4 ലക്ഷം രൂപ** അനുവദിക്കുന്നു.

**78. പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റ് ലൈബ്രറിയെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും.**

സർവ്വകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട് മെന്റിൽ കാഴ്ച പരിമിതരായ വിദ്യാർത്ഥികളും, അദ്ധ്യാപകരും പ്രവർത്തിക്കുന്നുണ്ട്. അവരുടെ പഠനഗവേഷണത്തിന് സഹായകരമാകുന്ന തരത്തിൽ ലൈബ്രറിയിൽ ആവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**79. യൂണിവേഴ്സിറ്റി എഞ്ചിനീയറിങ്ങ് കോളേജിൽ കമ്പ്യൂട്ടർ ലാബ് പുതുതായി സ്ഥാപിക്കും:**

എഴുന്നൂറിലധികം എഞ്ചിനിയറിങ് വിദ്യാർത്ഥികൾ പഠനം നടത്തുന്ന സർവ്വകലാശാലയുടെ സ്വാശ്രയ എഞ്ചിനിയറിങ്ങ് കോളേജ് കാര്യവട്ടത്ത് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കോളേജിന്റെ കമ്പ്യൂട്ടർ ലാബ് കാലോചിതമായി നവീകരിച്ച് പുനഃക്രമീകരിക്കേണ്ടതുണ്ട്. പുതിയകാലത്തിന് യോഗ്യമാകുന്ന തരത്തിൽ എഞ്ചിനിയറിങ്ങ് കോളേജിൽ ലാബ് സ്ഥാപിക്കുന്നതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**80. സൈബർ ലോയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കും.**

സൈബർ കുറ്റകൃത്യങ്ങളും, ഡാറ്റാമോഷണവും, സ്വകാര്യതാലംഘനവും പെരുകുന്ന കാല ഘട്ടത്തിൽ സൈബർ നിയമങ്ങളുടെ പ്രാധാന്യം വർദ്ധിക്കുകയാണ്. സൈബർ നിയമങ്ങളെക്കുറിച്ചുള്ള അറിവ് തലമുറകൾക്ക് പ്രധാനമാണ്. സർവ്വകലാശാലയുടെ നിയമപഠന ഗവേഷണവകുപ്പ് സൈബർ ലോയിൽ ഒരു പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി **1 ലക്ഷം രൂപ** അനുവദിക്കുന്നു.

**81. കൊച്ചി – മലബാർ പ്രദേശങ്ങളിലെ മഹാശിലായുഗ വാസസ്ഥലങ്ങൾ കണ്ടെത്താനുള്ള പദ്ധതിക്ക് സഹായം നൽകും.**

പാരിസ്ഥിതികവും, ചരിത്രപരവുമായ വിവരങ്ങൾ അടിസ്ഥാനമാക്കി കൊച്ചി–മലബാർ പ്രദേശങ്ങളിലെ മഹാശിലായുഗ വാസസ്ഥലങ്ങൾ കണ്ടെത്തുന്നതിന് സർവ്വകലാശാലയുടെ ആർക്കിയോളജി പഠനവകുപ്പ് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത അന്വേഷണ പദ്ധതികൾക്കായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**82. സർവ്വകലാശാലയുടെ അറബിക് വിഭാഗത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിന് സഹായം നൽകും.**

രാജ്യത്തെ ഏറ്റവും മികച്ച ഭൗതികസൗകര്യങ്ങളുള്ള അറബിക് പഠന ഗവേഷണ വിഭാഗങ്ങളിൽ ഒന്നാണ് കേരള സർവ്വകലാശാലയുടെ അറബിക് ഡിപ്പാർട്ട്മെന്റ്. പ്രസ്തുത ഡിപ്പാർട്ട്മെന്റിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ വിവിധ പരിപാടികൾക്കായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**83. സെന്റർ ഫോർ ജീറിയാട്രിക് സ്റ്റഡീസിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കും.**

സർവ്വകലാശാലയുടെ സെന്റർ ഫോർ ജീറിയാട്രിക് സ്റ്റഡീസ് വയോജനങ്ങളുടെ പരിപാലനത്തിന് സഹായകരമാകുന്ന തരത്തിൽ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് വിഭാവനം ചെയ്യുന്നു. വയോജനങ്ങളുടെ ജീവിത സുസ്ഥിരതയ്ക്ക് സഹായകരമായ പ്രസ്തുത സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾക്കായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

**84. കേരള പഠനവിഭാഗം നവീകരിക്കുന്നതിന് സഹായം നൽ കും.**

കേരളസർവ്വകലാശാലയുടെ കേരളപഠനവിഭാഗത്തിലെ അടിസ്ഥാന സൗകര്യത്തിനും, വികസനത്തിനും ക്ലാസ് റൂമുകളുടേയും, സെമിനാർ ഹാളിന്റെയും നവീകരണ വികസനപ്രവർത്തനങ്ങൾ ക്കുമായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**85. ഇലക്ട്രോ കെമിലുമിനെസെൻസ് ലബോറട്ടറി കെമിസ്ട്രി ഡിപ്പർട്ട്മെന്റിൽ സ്ഥാപിക്കും.**

'ഇലക്ട്രോകെമിലുമിനെസെൻസ് ഇമ്മ്യൂണോ അസ്സേ' എന്നത് ക്ലിനിക്കൽ ഡയഗനോസ്റ്റിക്സിൽ ഉപയോഗിക്കുന്ന അത്യാധുനിക സാങ്കേതിക വിദ്യയാണ്. ഉയർന്ന സംവേദനക്ഷമതയുള്ള ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹൃദയാഘാതം, വൈറൽ പകർച്ചവ്യാധികൾ, ക്യാൻസർ തുടങ്ങിയ രോഗങ്ങളെ അവയുടെ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്താൻ കഴിയും. പ്രസ്തുത പഠനഗവേഷണത്തിന് ഇലക്ട്രോ, കെമിലുമിനെസെൻസ് ലബോറട്ടറി കേരള സർവ്വകലാശാലയിലെ കെമിസ്ട്രി പഠനവകുപ്പിൽ സ്ഥാപിക്കും. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

**86. മാറുന്ന കേരളം പഠനവിധേയമാക്കും.**

കഴിഞ്ഞ ഒന്നര ദശാബ്ദക്കാലയളവിൽ കേരളീയസമൂഹത്തിലുണ്ടായ പുരോഗമനപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന അക്കാദമിക അന്വേഷണമാണ് ഈ പദ്ധതി. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങി സാമ്പത്തിക രംഗത്തുണ്ടായ വളർച്ചയോടൊപ്പംതന്നെ ജനാധിപത്യം, മതേതരത്വം, സാഹോദര്യം, സഹിഷ്ണുത എന്നിങ്ങനെയുള്ള മൂല്യാധിഷ്ഠിത പുരോഗതിയും കേരളത്തിന്റെ മാറ്റത്തിൽ പ്രധാനമാണ്. മലയാളിയുടെ ഭക്ഷണം, വസ്ത്രം, ജീവിതരീതി എന്നിവയെ ഗവേഷണാത്മകമായി പരിശോധിച്ചുകൊണ്ട് വിജ്ഞാന സമ്പദ്വ്യവസ്ഥ എന്ന ലക്ഷ്യത്തോടെ മുന്നോട്ടുപോകുന്ന മാറുന്ന കേരളത്തെ വിലയിരുത്തി പുസ്തകമായോ

റിപ്പോർട്ടുകളോ ആയി പ്രസിദ്ധീകരിക്കാനുള്ള ഈ ബൃഹത്തായ പദ്ധതിയുടെ നടത്തിപ്പിനായി **18 ലക്ഷം രൂപ** അനുവദിക്കുന്നു.

**87. കാര്യവട്ടം കാമ്പസിൽ പുരാവസ്തു – പൈതൃക മ്യൂസിയം സ്ഥാപിക്കും.**

സർവ്വകലാശാലയുടെ ആർക്കിയോളജി പഠനഗവേഷണവകുപ്പിന്റെ കൈവശമുള്ള പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനും, സൂക്ഷിക്കുന്നതിനും താല്ക്കാലികമായ ക്രമീകരണങ്ങൾ മാത്രമാണ് ഇപ്പോൾ ഉള്ളത്. എന്നാൽ വിലപിടിപ്പുള്ള ഈ പുരാവസ്തുക്കളെ പൈതൃക മ്യൂസിയത്തിൽ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അതിനായി ആർക്കിയോളജി വകുപ്പിൽ പുരാവസ്തു പൈതൃക മ്യൂസിയം സ്ഥാപിക്കും. സർക്കാരിന്റെ പുരാവസ്തു വകുപ്പിന്റെ സഹായവും ഇതിനായി സ്വീകരിക്കും. അക്കാദമിക ടൂറിസത്തിന് ഇത് മുതൽക്കൂട്ടാവും എന്ന് കരുതുന്നു. ഇതിനായി **40 ലക്ഷംരൂപ** വകയിരുത്തുന്നു.

**88. തൈക്കാട് വനിതാ ഹോസ്റ്റലിലെ റിസർച്ച് ബ്ലോക്കിൽ ഒന്നാംനില പണിയും.**

കാര്യവട്ടം കാമ്പസിന് പുറത്തുള്ള ഏക വനിതാ ഹോസ്റ്റലാണ് തൈക്കാടുള്ള കേരള സർവ്വകലാശാല വനിതാ ഹോസ്റ്റൽ. കാര്യവട്ടം കാമ്പസ്സിലും, നഗരത്തിലെ വിവിധ കോളേജുകളിൽ പെൺകുട്ടികൾക്ക് ഒരു അഭയമാണ് സർവ്വകലാശാലയുടെ തൈക്കാട് വിമൻസ് ഹോസ്റ്റൽ. ഓരോ വർഷം കഴിയുംതോറും ഹോസ്റ്റൽ ആവശ്യക്കാരായ വിദ്യാർത്ഥിനികളുടെ അപേക്ഷ വർദ്ധിച്ചു വരികയാണ്. ഇവർക്കെല്ലാം താമസസൗകര്യം ഒരുക്കുകയെന്നത് വലിയ ഉത്തരവാദിത്വമാണ്. ഇതിനായി തൈക്കാട് ഹോസ്റ്റൽ വളപ്പിൽ പ്രവർത്തിക്കുന്ന റിസർച്ച് ബ്ലോക്കിൽ ഒന്നാംനിലകൂടി നിർമ്മിച്ച് താമസസൗകര്യം വർദ്ധിപ്പിക്കും. ഇതിനായി **1.5 കോടി രൂപ** വകയിരുത്തുന്നു.

**89. സർവ്വകലാശാല ഫിനാൻസ് വിഭാഗത്തിന് പുതിയ മന്ദിരം നിർമ്മിക്കും.**

കേരള സർവ്വകലാശാലയുടെ പാളയം കാമ്പസിൽ ഫിനാൻസ് വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം അമ്പത് വർഷത്തോളം പഴക്കം ചെന്നതും, പരിമിതമായ സൗകര്യങ്ങൾ ഉള്ളതുമാണ്. കൂടാതെ ഇതിന്റെ ഭാഗമായ ക്യാഷ് സെക്ഷനുകളും (സ്ട്രോങ്ങ് റൂം അടക്കം) ക്യാഷ് കൗണ്ടറുകൾ എന്നിവ നിലവിൽ വിവിധ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയെല്ലാം ഒരു കുടക്കീഴിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഫിനാൻസ് വിഭാഗത്തിന് മാത്രമായി ആധുനിക സൗകര്യങ്ങളോട് കൂടിയ കെട്ടിടം സെനറ്റ് ഹൗസ് ക്യാമ്പസിൽ നിർമ്മിക്കും. ആറ് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ **2 കോടിരൂപ** അനുവദിക്കുന്നു.

**90. 'ചെറുതുകളുടെ ചെറുത്തുനിൽപ്പ് – വിപുലമായി സംഘടിപ്പിക്കും.**

വിദ്യാർത്ഥികളുടെ ശ്രദ്ധ, ബുദ്ധിശക്തി, സൗഹൃദം, മതനിരപേക്ഷത എന്നിവയെ പോഷിപ്പിക്കുന്നതാണ് നമ്മുടെ പൈതൃക സ്വത്തായ നാടൻ കളികൾ. ശത്രുതാമനോഭാവമോ അനാരോഗ്യകരമായ മത്സരമോ നാടൻ കളികളില്ല. ഒരേ സമയം കളിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്ന കളികളാണ് അവ. 'ചെറുതുകളുടെ ചെറുത്തുനിൽപ്പ് എന്ന പേരിൽ നാടൻ കളികളെ പരിപോഷിപ്പിക്കുന്നതിന് വേണ്ടി കാര്യവട്ടം കാമ്പസിൽ എല്ലാ പഠനവകുപ്പുകളുടേയും അഫിലിയേറ്റഡ് കോളേജുകളുടേയും പങ്കാളിത്തത്തോട് കൂടി എല്ലാ വർഷവും നാടൻ കളികളുടെ മത്സരം സംഘടിപ്പിക്കും. കേരള പഠന വിഭാഗത്തിന്റെ ചുമതലയിൽ, റിസർച്ച് യൂണിയൻ ഡിപ്പാർട്ട്മെന്റ് യൂണിയൻ തുടങ്ങിയവരുടെ സഹകരണത്തോടെ നടത്തുന്ന ഈ പരിപാടിക്ക് **7 ലക്ഷം** രൂപ വകയിരുത്തുന്നു.

**91. AI അധിഷ്ഠിത സ്മാർട്ട് വെർട്ടിക്കൽ ഫാമിംഗ് പദ്ധതിക്ക് രൂപം നൽകും.**

നിർമ്മിത ബുദ്ധിയുടെ വളർച്ച സമസ്ത മേഖലകളിലും വിജയം കൈവരിക്കുന്ന കാലഘട്ടത്തിൽ കാർഷിക മേഖലയിലെ AI സാധ്യത കണക്കിലെടുത്തുകൊണ്ട് ബോട്ടണി ഡിപ്പാർട്ട്മെന്റ് AI അധിഷ്ഠിത സ്മാർട്ട് വെർട്ടിക്കൽ കൃഷിരീതി നൂതന അക്വാപോണിക്സ്-എയറോപോണിക്സ് സംവിധാനത്തിലൂടെ കൈവരിക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്തും. നിർദ്ദിഷ്ട പദ്ധതിയിലൂടെ AI അധിഷ്ഠിത ഫാം നിർമ്മിച്ചുകൊണ്ട് സുസ്ഥിരത പ്രോത്സാഹിപ്പിക്കുവാനും, വിളവ് വർദ്ധിപ്പിക്കുവാനും വിഭവ ഉപഭോഗം കുറയ്ക്കാനും ഈ പദ്ധതി സഹായകരമാകും. ഇതിനായി **5 ലക്ഷം രൂപ** മാറ്റി വയ്ക്കുന്നു.

**92. കേരളത്തിൽനിന്നുള്ള വിദ്യാർത്ഥി കുടിയേറ്റത്തെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കും.**

കേരളത്തിന്റെ സാമൂഹിക – സാമ്പത്തിക വികസനം നിർവ്വഹിക്കുന്ന ഒരു പ്രധാനപ്പെട്ട ഘടകമാണ് കുടിയേറ്റം. കുടിയേറ്റത്തിന്റെ വൈവിധ്യമാർന്ന വിഭാഗങ്ങളിൽ, വിദ്യാർത്ഥി കുടിയേറ്റം ഒരു

നിർണ്ണായക പ്രവണതയായി വേറിട്ടുനിൽക്കുന്നു. ഇതിന്റെ കാരണവും സമൂഹത്തിൽ ഇതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും വിശദമായ പഠനം നടത്തേണ്ടതുണ്ട്. 'കേരളത്തിൽനിന്നുള്ള വിദ്യാർത്ഥി കുടിയേറ്റത്തിന്റെ പ്രേരകശക്തികളും പ്രത്യാഘാതങ്ങളും ആഭ്യന്തര അന്തർദ്ദേശീയ കുടിയേറ്റങ്ങളുടെ ഒരു പര്യവേക്ഷണം' എന്ന വിഷയത്തിൻമേൽ വിശദമായ പഠനം നടത്തും. സർവ്വകലാശാലയുടെ ഡെമോഗ്രാഫി വകുപ്പ് ഇതിന് നേതൃത്വം നൽകും. ഇതിനായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**93. UG പഠനബോർഡുകൾക്ക് ഹൈബ്രിഡ് മോഡിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും.**

കേരള സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നാല്‌വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ച പശ്ചാത്തലത്തിൽ നിലവിലുള്ള സിലബസ്സുകൾ കാലാനുസൃതമായി നവീകരിക്കുന്നതിന്റെ ഭാഗമായി ഹൈബ്രിഡ് മോഡിൽ ദേശീയ, അന്തർദേശീയ സെമിനാറുകളും, വർക്ക്ഷോപ്പുകളും സംഘടിപ്പിക്കും. ഇതിനായി **20 ലക്ഷം രൂപ** മാറ്റി വെയ്ക്കുന്നു.

**94. കേരള സർവ്വകലാശാല സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നവീകരിക്കും.**

കായിക മേഖലയിൽ ഒട്ടനവധി ദേശീയ-അന്തർദേശീയ താരങ്ങളെ രാജ്യത്തിന് സംഭാവന ചെയ്ത സർവ്വകലാശാലയാണ് നമ്മുടേത്. 1939-ൽ ആണ് യൂണിവേഴ്സിറ്റി സ്റ്റേഡിയം നിർമ്മിച്ചത്. രണ്ട് ദേശീയ ഗെയിംസിനും, മറ്റ് നിരവധി അന്തർദേശീയ മത്സരങ്ങൾക്കും വേദിയായ സ്റ്റേഡിയമാണ് ഇത്. 1987-ൽ നടന്ന നാഷണൽ ഗെയിംസ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് സിന്തറ്റിക് ട്രാക്ക് നിർമ്മിച്ചത്. ഇപ്പോൾ ട്രാക്ക് പുനർനിർമ്മിക്കാത്തതിന്റെ ഭാഗമായി മോശമായ അവസ്ഥയിലും ഉപയോഗശൂന്യമായിട്ടാണ് കിടക്കുന്നത്. 2009-ൽ സർക്കാരിന്റെ സഹായത്തോടെയാണ് നവീകരിച്ചത്. കഴിഞ്ഞ സംസ്ഥാന ബജറ്റിൽ നമ്മുടെ അഭ്യർത്ഥന പ്രകാരം ബഹു: ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എൻ ബാലഗോപാൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏകദേശം 8 മുതൽ 9 കോടി രൂപ വരെ ചെലവ് വരുന്ന നവീകരണ പ്രവർത്തനത്തിന് **1 കോടി രൂപ** നീക്കി വെയ്ക്കുന്നു.

**95. നാല് വർഷ ബിരുദ പ്രോഗ്രാം : ചോദ്യബാങ്ക് തയ്യാറാക്കുന്നതിന് വർക്ക്ഷോപ്പ് സംഘടിപ്പിക്കും.**

നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി നടപ്പിലാക്കിയ ചോദ്യബാങ്ക് സംവിധാനം വിപുലപ്പെടുത്തുന്നതിന് അധ്യാപകർക്ക് വിഷയാടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കും. ഇതിനായി **20 ലക്ഷം രൂപ** നൽകും.

**96. ഡോംടെക്കിന് കീഴിലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം വികസിപ്പിക്കും**

കേരള സർവ്വകലാശാലയിലെ ഡോംടെകിന് കീഴിലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ബി.എഡ് സെന്ററുകൾ, യു.ഐ.ടി കൾ, യു.ഐ എമ്മുകൾ എന്നീ സ്ഥാപനങ്ങളുടെ അക്കാദമിക വികസന സൗകര്യത്തിന് **60 ലക്ഷം രൂപ** വകയിരുത്തുന്നു.

**97. കേരള സർവ്വകലാശാല കമ്പ്യൂട്ടർ സെന്ററിലെ ഡാറ്റാ സെന്റർ ആധുനികവത്കരിക്കും.**

കേരളസർവ്വകലാശാലയുടെ എല്ലാ സർവ്വീസുകളും ഓൺ ലൈൻ വഴി വേഗത്തിലും, സുതാര്യതയിലും കാര്യക്ഷമമായും വിദ്യാർത്ഥികൾക്ക് നിലവിൽ ലഭ്യമായികൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനം സുഗമമാക്കുന്നതിന് പ്രധാന പങ്കുവഹിക്കുന്നത് ഡാറ്റാ സെന്ററാണ്. അതിലെ സർവ്വറുകളും മറ്റു അനുബന്ധ സോഫ്റ്റ് വെയറുകളും കാലപ്പഴക്കം ചെന്നതാണ്. അത് അടിയന്തിരമായി നവീകരിക്കേണ്ടതാണ്. ഇതിലേക്കായി **2 കോടി രൂപ** അനുവദിക്കുന്നു.

**98. അന്തർസർവ്വകലാശാല കായികമത്സരങ്ങൾ സംഘടിപ്പിക്കും.**

കേരള സർവ്വകലാശാലയ്ക്ക് കായിക രംഗത്ത് ദേശീയ ശ്രദ്ധ നേടാൻ കഴിയുന്ന നിലയിൽ വലിയ മുന്നേറ്റമുണ്ടാകാൻ ഇക്കഴിഞ്ഞ നാളുകളിലായിട്ടുണ്ട്. അതേപോലെ സമീപ വർഷങ്ങളിൽ നിരവധി അന്തർസർവ്വകലാശാല മത്സരങ്ങൾ മാതൃകാപരമായി നടത്തി വിജയിപ്പിക്കാനും നമുക്കു കഴിഞ്ഞു. ഈ സാഹചര്യത്തിൽ കൂടുതൽ അന്തർസർവ്വകലാശാല കായിക മത്സരങ്ങൾ നടത്താൻ കഴിയുന്നത് നമ്മുടെ കായിക മേഖലയ്ക്ക് കൂടുതൽ മുതൽ കൂട്ടാകും. ഇത്തരം കായിക മത്സരം സംഘടിപ്പിക്കുവാൻ **25 ലക്ഷം രൂപ** നീക്കിവെയ്ക്കുന്നു.

**99. കൊല്ലം ജില്ലയിലെ ഭൂഗർഭജല സമ്പത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തും.**

കാലാവസ്ഥാവ്യതിയാനം ഇന്ന് പ്രകൃതിയേയും, അതിനെ അടിസ്ഥാനമാക്കിയുള്ള എല്ലാ ആവാസ വ്യവസ്ഥകളെയും അതിഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. കാലവർഷമാറ്റങ്ങൾ, അതിതീവ്രമഴകൾ, തീവ്ര അന്തരീക്ഷ ഊഷ്മാവ്, പടർന്നുപിടിക്കുന്ന ജലജന്യവും അല്ലാതെയുമുള്ള സാംക്രമികരോഗങ്ങൾ എന്നിവ കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങളാണ്. ജലസ്രോതസ്സുകളിൽ കാലാവസ്ഥ വ്യതിയാനംമൂലമുണ്ടാകുന്ന മാറ്റങ്ങളാണ് ഈ പഠനത്തിന്റെ ലക്ഷ്യം. കൊല്ലം ജില്ലയാണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. പ്രകൃതിയുടെ സവിശേഷതയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ല മറ്റ് ജില്ലകളെ അപേക്ഷിച്ച് ഇത്തരം പഠനങ്ങൾക്ക് അനുയോജ്യമാണ്. ജില്ലയിലെ ഇപ്പോഴുള്ള ഭൂഗർഭജലത്തിന്റെ തോതും, അതിന്റെ ഗുണമേന്മയും പഠനവിധേയമാക്കും. ഇതിനായി **6 ലക്ഷം രൂപ** വകയിരുത്തുന്നു. സർവ്വകലാശാലയുടെ ജിയോളജി വകുപ്പ് ഇതിന് നേതൃത്വം നൽകും.

**100. അന്താരാഷ്ട്ര യോഗ ദിനം വിപുലമായി സംഘടിപ്പിക്കും.**

അന്താരാഷ്ട്രയോഗദിനമായ ജൂൺ 21 വിപുലമായ പരിപാടികളോടെ സർവ്വകലാശാല ആചരിക്കും. ഭാരതം ലോകത്തിന് നൽകിയ അമൂല്യ ആരോഗ്യ ശാസ്ത്രമാണ് യോഗ. മത, ജാതി, വർഗ്ഗ, വർണ്ണ, ലിംഗ വ്യത്യാസമില്ലാതെ മതനിരപേക്ഷത ഉയർത്തി പിടിച്ച് എല്ലാവരെയും യോജിപ്പിച്ച് അണിനിരത്തി മുന്നോട്ട് കൊണ്ടുപോകേണ്ട ഒന്നാണ് യോഗ. യോഗ അസോസിയേഷൻ ഓഫ് കേരളയുമായി സഹകരിച്ചാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. ഇതിനായി **7 ലക്ഷം** തുക അനുവദിക്കുന്നു.

**101. സെനറ്റ്ഹൗസ് കാമ്പസിലും കാര്യവട്ടത്തും ഇലക്ട്രിക് ചാർജിംഗ് യൂണിറ്റുകൾ സ്ഥാപിക്കും.**

കേരളസർവ്വകലാശാല പാളയം കാമ്പസിലും കാര്യവട്ടം കാമ്പസിലുമായി ഏകദേശം 2000 ത്തോളം ജീവനക്കാർ ജോലിയെടുക്കുന്നു. ദിനംപ്രതി നൂറുകണക്കിന് വിദ്യാർത്ഥികളും രക്ഷിതാക്കളും പൊതുജനങ്ങളും വന്നുപോകുന്നുണ്ട്. കാമ്പസുകളിൽ എത്തുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കൂടുന്ന പശ്ചാത്തലത്തിൽ ജീവനക്കാർക്കും പൊതുജനങ്ങൾക്കും സഹായകരമായ നിലയിൽ ഒരു ഇലക്ട്രിക് ചാർജിംഗ് യൂണിറ്റ് പാളയത്തും, കാര്യവട്ടം കാമ്പസിലും സ്ഥാപിക്കും. ഇതിനായി **30 ലക്ഷംരൂപ** മാറ്റിവെയ്ക്കുന്നു.

**102. കേരള സർവ്വകലാശാല യൂണിയൻ**

സർവ്വകലാശാല യൂണിയൻ വിദ്യാർത്ഥി സമൂഹത്തിന്റെ ശബ്ദത്തേയും ക്ഷേമത്തേയും പ്രതിനിധീകരിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ഒരു ജനാധിപത്യവേദിയാണ്. വിദ്യാർത്ഥിസമൂഹത്തിന്റെ ഏറ്റവും വലിയ സർഗ്ഗാത്മകവേദി എന്ന നിലയിൽ വിദ്യാർത്ഥികൾ തമ്മിലുള്ള ഐക്യത്തിന്റെയും സഹകരണത്തിന്റെയും സംഗമവേദിയായി സർവ്വകലാശാല യൂണിയൻ മാറേണ്ടതുണ്ട്. അതുകൊണ്ടുതന്നെ വൈവിധ്യമാർന്നതും സാമൂഹ്യപ്രതിബദ്ധതയുള്ളതുമായ പരിപാടികൾ സർവ്വകലാശാല യൂണിയൻ ഏറ്റെടുക്കേണ്ടതുണ്ട്. നിലവിൽ 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. മറ്റ് സർവ്വകാലശാല യൂണിയനുകളെ അപേക്ഷിച്ച് ഇത് താരതമ്യേന കുറവാണ്. ഈ വർഷം **60 ലക്ഷം രൂപ** അനുവദിക്കുന്നു.

**103. പാളയം കാമ്പസിൽ ജീവനക്കാർക്ക് പുതിയ ഡൈനിംഗ് ഹാൾ പണിയും.**

കേരള സർവ്വകലാശാല പാളയം കാമ്പസ്സിൽ ജീവനക്കാർക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള നിലവിലുള്ള ഡൈനിംഗ് ഹാളിൽ പരിമിതമായ സൗകര്യമാണുള്ളത്. നൂറുകണക്കിന് ജീവനക്കാർ പണിയെടുക്കുന്ന പാളയം കാമ്പസിൽ ജീവനക്കാർക്ക് ഭക്ഷണം കഴിക്കുന്നതിനായി ഒരു പുതിയ ഡൈനിംഗ് ഹാൾ നിർമ്മിക്കും. ഇതിനായി **10 ലക്ഷംരൂപ** മാറ്റിവെയ്ക്കുന്നു.

**104. കാര്യവട്ടത്ത് നഴ്സറി സ്കൂളിന് സമീപം ഓപ്പൺ എയർ ആഡിറ്റോറിയം നിർമ്മിക്കും.**

കാമ്പസ്സ് അസോസിയേഷന്റെ 50–ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കാര്യവട്ടത്ത് നഴ്സറി സ്കൂളിനോട് ചേർന്ന് ഒരു ഓപ്പൺ എയർ ആഡിറ്റോറിയവും ഓഫീസ് കെട്ടിടവും നിർമ്മിക്കും. ഇതിനായി **15 ലക്ഷം രൂപ** മാറ്റിവെയ്ക്കുന്നു.

**105. 'ഒപ്പം' പദ്ധതി വിപുലീകരിക്കും.**

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് സാമൂഹ്യമായ പിന്തുണ നൽകുന്ന സർവ്വകലാശാല സോഷ്യോളജി വകുപ്പിന്റെ ഒരു പദ്ധതിയാണ് 'ഒപ്പം.'

പദ്ധതിയുടെ ഒന്നും രണ്ടുംഘട്ടം വിജയകരമായി പൂർത്തിയാക്കി. തുടർന്നു കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമ പഞ്ചായത്തിലെ അച്ചൻകോവിൽ ആദിവാസി മേഖലയിൽ ഈ പദ്ധതി നട

പ്പിലാക്കും. ബോധവത്കരണപരിപാടി, മുള, ഈറ എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കളും, വീട്ടുപകരണങ്ങളും നിർമ്മിക്കുന്നതിനും, ബാംബൂ മിഷന്റെ സഹായത്തോടെ പരിശീലനം നൽകുകയും തുടർന്ന് വിപണി കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**106. കേരളത്തിലെ പുതിയ തലമുറയുടെ ലഹരി ഉപയോഗം- വേരും വഴികളും, അതിജീവനവും -ഒരു പഠനം.**

വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗവും അതുമൂലം വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും കേരളത്തെ ഭീതിയിലാഴ്ത്തുകയാണ്. എന്താണ് നമ്മുടെ പുതിയ തലമുറക്ക് സംഭവിക്കുന്നത് എന്നതിനെ സംബന്ധിച്ച് ആഴത്തിലുള്ള പഠനം അനിവാര്യമാണ്. എന്തുകൊണ്ടാണ് പുതിയ തലമുറ ഒരേ സമയം ലഹരി വിൽക്കുന്നവരും ഉപയോഗിക്കുന്നവരുമായി മാറുന്നു? എന്തുകൊണ്ടാണ് ലഹരി ഉപയോഗിക്കാൻ ഇവർ ആഗ്രഹിക്കുന്നത്? ഏത് തരത്തിലാണ് ലഹരി വ്യാപാര ശൃംഖലയിലേക്ക് ഇവർ കണ്ണിചേർക്കപ്പെടുന്നത് തുടങ്ങിയ നിരവധി ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ പശ്ചാത്തലത്തിലാണ് ലഹരിയുടെ ഉറവിടങ്ങളും, വഴികളും അതിജീവനത്തിന്റെയും പുനരധിവാസത്തിന്റെയും സാധ്യതകൾ കണ്ടെത്താനുള്ള ഈ പഠനം. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലെ യുവജനങ്ങളിലാണ് പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നത്. സോഷ്യോളജി പഠനവകുപ്പാണ് ഈ പഠനം നടത്തുന്നത്. ഇതിനായി **6 ലക്ഷംരൂപ** അനുവദിക്കുന്നു.

**107. അഫിലിയേറ്റഡ് കോളേജുകളിലെ അനധ്യാപക ജീവന ക്കാർക്ക് അതിനൂതന പരിശീലന പരിപാടി സംഘടിപ്പിക്കും.**

സർവ്വകലാശാലയ്ക്ക് കീഴിലെ അഫിലിയേറ്റഡ് കോളേജുകളിലെ അനധ്യാപകർക്ക് നൽകുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കി വരികയാണ്. തുടർന്ന് 'train the trainer' മോഡൽ പരിശീലന പരിപാടി നടപ്പിലാക്കും. അതായത് ഒരു ഗ്രൂപ്പ് സ്റ്റാഫ് പരിശീലനം നേടിയ ശേഷം അതേ പരിശീലനം മറ്റ് ജീവനക്കാർക്ക് നൽകുന്ന രീതി. ഓൺലൈൻ പരിശീലന പരിപാടികൾ (Skill Development Platforms) ഉപയോഗിച്ച് ജീവനക്കാരുടെ കഴിവ് വർദ്ധിപ്പിക്കും. ഇതുവഴി കോളേജുകളുടെ ആധുനികവത്കരണത്തിനും, സേവനനിലവാരം ഉയർത്തുന്നതിനും സഹായിക്കും. ഇതിനായി 7 **ലക്ഷംരൂപ** മാറ്റിവെയ്ക്കുന്നു.

**108. സെക്ഷനുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കും.**

സർവ്വകലാശാല പാളയം കാമ്പസ്സിൽ സെക്ഷനുകൾ പ്രവർത്തിക്കുന്ന എല്ലാ കെട്ടിടങ്ങളിലും വാട്ടർപ്യൂരിഫയർ സ്ഥാപിക്കും. ഇതിനായി **6 ലക്ഷംരൂപ** അനുവദിക്കുന്നു.

**109. കാമ്പസ് അസോസിയേഷന്റെ 50-ാം വാർഷികം**

കേരള സർവ്വകലാശാല കാര്യവട്ടത്ത് പ്രവർത്തിക്കുന്ന കാമ്പസ് അസോസിയേഷൻ രൂപീകരിച്ചിട്ട് 50 വർഷം പൂർത്തിയാക്കുകയാണ്. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികൾ ആണ് സംഘടിപ്പിച്ചിട്ടുള്ളത്. ഇതിലേക്കായി **2 ലക്ഷംരൂപ** അനുവദിക്കുന്നു.

**110. 'സർവ്വകലാശാലയുടെ മാനേജ്മെന്റ് പഠന - ഗവേഷണ വകുപ്പിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ' തുടങ്ങും.**

കേരള സർവ്വകലാശാലയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ കാലിക പ്രാധാന്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സപ്ലൈ ചെയിൻ മാനേജ്മെന്റ് ആരംഭിക്കും. ഈവനിംഗ് / റെഗുലർ ബാച്ചുകളിലായിട്ടാണ് കോഴ്സ് സംഘടിപ്പിക്കുന്നത്. ഇതിന്റെ പ്രാഥമിക നടത്തിപ്പിനായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**111. ജീവിതശൈലീരോഗങ്ങൾ; ജനിതകപഠനം നടത്തും.**

ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട് സർവ്വകലാശാല ബയോകെമിസ്ട്രി വകുപ്പ് പഠനങ്ങളും ഗവേഷണങ്ങളും നടത്തിവരികയാണ്. പ്രസ്തുത പഠന ഗവേഷണത്തിന്റെ തുടർച്ചക്കും, ആവശ്യമായ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമായി **4 ലക്ഷം രൂപ** അനുവദിക്കുന്നു.

**112. മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ പഠനവിധേയമാക്കും.**

പാരിസ്ഥിതിക പ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും ഉൾപ്പെടെ ഒട്ടേറെ പ്രതിസന്ധികളാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ നേരിടുന്നത്. ഇതു സംബന്ധിച്ച് ഒരു പഠനാന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവ്വകലാശാലയുടെ സോഷ്യോളജി പഠന ഗവേഷണ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**113. ബോട്ടണി പഠന ഗവേഷണ വകുപ്പിൽ ബി.എസ്.എൽ – 2 ലബോറട്ടറി സൗകര്യ വികസന ത്തിന് സഹായമൊരുക്കും.**

സസ്യശാസ്ത്ര പഠന ഗവേഷണ വകുപ്പിലെ മൈക്രോബയോളജി ലബോറട്ടറിയിൽ ഒരു ബയോസേഫ്റ്റിവെയർ 1 ആന്റ് 2 സൗകര്യം സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ലാബിൽ കൂടുതൽ സൗക ര്യങ്ങൾ ഏർപ്പെടുത്താനായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**114. സ്റ്റാഫ് ഡേ സംഘടിപ്പിക്കും.**

സർവ്വകലാശാല ജീവനക്കാരുടെ കലാ–കായിക അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാഫ് ഡേ സംഘടിപ്പിക്കും. ഇതിനായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**115. ബയോകെമിസ്ട്രി വകുപ്പിന്റെ ലാബുകളുടെയും അനിമൽ ഹൗസിന്റെയും നവീകരണ ത്തിന് സഹായം നൽകും.**

ബയോകെമിസ്ട്രി പഠന ഗവേഷണ വകുപ്പിന്റെ ലബോറട്ടറികളുടെയും അനിമൽ ഹൗസി ന്റെയും നവീകരണത്തിനും വികസനത്തിനുമായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**116. തമിഴ് മലയാളം വിവർത്തന പഠനത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കും.**

സർവ്വകലാശാലയുടെ തമിഴ് പഠന ഗവേഷണ വകുപ്പ് തമിഴ് മലയാളം വിവർത്തന പഠന ത്തിന് ഒരു സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കും. പ്രസ്തുത കോഴ്സിന്റെ നടത്തിപ്പിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**117. വി. കെ. സുകുമാരൻ നായർ ചെയർ ഫോർ പാർലമെന്ററി അഫയേഴ്സ്; 'ഭരണഘ ടനാസാക്ഷരത' കാമ്പയിൻ സംഘടിപ്പിക്കും.**

സർവ്വകലാശാലയുടെ വി. കെ. സുകുമാരൻ നായർ ചെയറിന്റെ ആഭിമുഖ്യത്തിൽ ഭരണഘ ടന സാക്ഷരത കാമ്പയിൻ സംഘടിപ്പിക്കും. ഇതിനായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

**118. ബയോകെമിസ്ട്രി ഗവേഷണ വകുപ്പിൽ സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങും.**

ലബോറട്ടറികളിലും ഗവേഷണ ക്ലിനിക്കൽ മേഖലകളിലും നടത്തുന്ന പരീക്ഷണങ്ങൾക്ക് മൃഗ ങ്ങളേയും മറ്റും ഉപയോഗിക്കുന്നതിന് സഹായകരമാകുന്ന പരിശീലനം നൽകുന്ന ഒരു സർട്ടിഫി ക്കറ്റ് കോഴ്സ് ബയോകെമിസ്ട്രി പഠന ഗവേഷണ കേന്ദ്രം തുടങ്ങും. ഇതിന്റെ പ്രാഥമിക ആവശ്യ ങ്ങൾക്കായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

**119. തുളസീവനം സംരക്ഷിക്കുന്നതിന് തുടർനടപടി സ്വീകരിക്കും.**

ഔഷധ സസ്യങ്ങളാൽ സമ്പന്നമാണ് കേരള സർവ്വകലാശാലയുടെ തുളസീവനം. പ്രസ്തുത ഔഷധത്തോട്ടം സംരക്ഷിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾക്കായി **3 ലക്ഷം രൂപ** അനുവദി ക്കുന്നു.

**120. മനോൺമണിയം സുന്ദരനാർ ഇന്റർനാഷണൽ ദ്രവീഡിയൻ കൾച്ചറൽ പഠന സെന്ററിന്റെ പദ്ധതിക്ക് സഹായം നൽകും.**

ഔഷധ സസ്യങ്ങളുമായി ബന്ധപ്പെട്ട താളിയോലകൾ പരിശോധിച്ച് പുസ്തകമാക്കി പ്രസി ദ്ധീകരിക്കാനുള്ള സർവ്വകലാശാലയുടെ മനോൺമണിയം സുന്ദരനാർ സെന്ററിന്റെ പദ്ധതിക്ക് സഹായം നൽകും. ഇതിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**121. കേരള സർവ്വകലാശാലയുടെ ഗണിത ശാസ്ത്രവകുപ്പിന്റെ അറുപതാം വാർഷികാഘോഷ ങ്ങൾക്ക് സഹായം നൽകും.**

സർവ്വകലാശാലയുടെ ഗണിത ശാസ്ത്രപഠന ഗവേഷണ വകുപ്പ് 2025–ൽ അഭിമാനകരമായ പ്രവർത്തനങ്ങളുടെ അറുപത് വർഷം പൂർത്തിയാക്കുകയാണ്. അന്താരാഷ്ട്ര സെമിനാറുകളും വിവിധ പരിപാടികളും പഠന വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടികൾക്കായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**122. ചരിത്രപഠനവകുപ്പിന്റെ പദ്ധതികൾക്ക് അംഗീകാരം.**

ചരിത്രത്തിന്റെ അടയാളങ്ങൾ നഷ്ടപ്പെടാതെ സൂക്ഷിക്കാനുള്ള ഹെറിറ്റേജ് മ്യൂസിയത്തിനും ഭരണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കാനാകുന്ന തരത്തിലുള്ള ഭരണഘടനയ്ക്കൊപ്പം പദ്ധതി കൾക്കായി ചരിത്ര പഠന ഗവേഷണ വകുപ്പിന് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**123. തമിഴ് മലയാളം വ്യാകരണത്തെ താരതമ്യംചെയ്യുന്ന പഠനത്തിന് സഹായം നൽകും.**

മലയാളം വ്യാകരണ ശാസ്ത്ര ഗ്രന്ഥങ്ങളെ തമിഴ് വ്യാകരണ ശാസ്ത്ര ഗ്രന്ഥങ്ങളുമായി താര തമ്യം ചെയ്തു പഠിക്കുന്ന പദ്ധതിക്കായി തമിഴ് പഠന ഗവേഷണ വകുപ്പിന് **2 ലക്ഷം രൂപ** അനുവദി ക്കുന്നു.

**124. ഫ്യൂച്ചർ സ്റ്റഡീസ് പഠന വകുപ്പിന്റെ ലാബ് വികസനത്തിന് സഹായമൊരുക്കും.**

പുതുതലമുറ പ്രോഗ്രാമുകളായ ഡാറ്റാസയൻസും ടെക്നോളജി മാനേജ്മെന്റും വിജയകരമായി നടത്തിവരുന്ന പഠന-ഗവേഷണ വകുപ്പാണ് സർവ്വകലാശാലയുടെ ഫ്യൂച്ചർ സ്റ്റഡീസ് പഠന ഗവേഷണ വകുപ്പ്. പ്രസ്തുത വകുപ്പിന്റെ ലാബ് വികസനത്തിനായി **4 ലക്ഷംരൂപ** അനുവദിക്കുന്നു.

**125. അക്വാട്ടിക്ക് ബയോളജി പഠന-ഗവേഷണ വകുപ്പിൽ സീബ്രാഫിഷ് പ്രജനന യൂണിറ്റ് സ്ഥാപിക്കും.**

ശാസ്ത്ര ഗവേഷണ രംഗത്ത് മാതൃകാ ജീവിയായി അറിയപ്പെടുകയാണ് സീബ്രാഫിഷ്. മനുഷ്യനുമായി ജനിതക, അവയവഘടനയിൽ വളരെയധികം സാമ്യത ഇതിനുണ്ട്. അതുകൊണ്ടുതന്നെ ഒട്ടേറെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് ഇതിനെ ഉപയോഗിക്കുന്നുണ്ട്. സീബ്രാഫിഷ് വിത്തുല്പാദന-വിതരണ സൗകര്യങ്ങളോടെ ഒരു യൂണിറ്റ് സ്ഥാപിച്ച് ഇതുസംബന്ധിച്ച പഠന ഗവേഷണങ്ങൾ തുടങ്ങുന്നതിനായി **7 ലക്ഷംരൂപ** അനുവദിക്കുന്നു.

**126. സാമൂഹിക തിന്മകൾക്കെതിരെയുള്ള കാമ്പെയിനുകൾ സംഘടിപ്പിക്കും.**

ലഹരി, സ്ത്രീധനം, അന്ധവിശ്വാസങ്ങൾ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെയുള്ള വ്യത്യസ്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്നതിന് സർവ്വകലാശാലയുടെ എൻ.എസ്.എസ് യൂണിറ്റിന് **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**127. മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ ഡോ. കെ. രാഘവൻപിള്ള ഡോ. റ്റി. ഗണപതി ശാസ്ത്രി അന്താരാഷ്ട്ര സെമിനാർ സംഘടിപ്പക്കും.**

കേരള സർവ്വകലാശാലയുടെ മാനുസ്ക്രിപ്റ്റ് ലൈബ്രറി ലോകപ്രശസ്തമാണ്. മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ വഴികൾക്ക് ഊർജ്ജം പകർന്ന ലോകപ്രശസ്തരാണ് ഡോ. കെ. രാഘവൻപിള്ളയും ഡോ. റ്റി. ഗണപതി ശാസ്ത്രിയും ഇവരുടെ ഓർമ്മകൾ സൂക്ഷിക്കാനാവുന്ന തരത്തിൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും. ഇതിനായി **6 ലക്ഷംരൂപ** അനുവദിക്കുന്നു.

**128. കോമേഴ്സ് പഠന ഗവേഷണ വകുപ്പിന് ലൈബ്രറി വിക സനത്തിന് സഹായമൊരുക്കും.**

കേരള സർവ്വകലാശാലയുടെ പഠന-ഗവേഷണവകുപ്പുകളിൽ ശ്രദ്ധേയമായ വകുപ്പാണ് കോമേഴ്സ് വകുപ്പ്. പ്രസ്തുത വകുപ്പിന്റെ ലൈബ്രറി നവീകരണത്തിന് **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**129. സർവ്വകലാശാലയുടെ മാർക്സിയൻ പഠന - ഗവേഷണ കേന്ദ്രം അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും.**

മാർക്സിയൻ ചിന്തകളുടെ ലോകപ്രശസ്തമായ ഒട്ടേറെ ഗ്രന്ഥങ്ങളുടെ ശേഖരം സർവ്വകലാശാലയുടെ അന്താരാഷ്ട്ര മാർക്സിയൻ പഠനഗവേഷണ കേന്ദ്രത്തിലുണ്ട്. സർവ്വകലാശാലയ്ക്ക് അകത്തും പുറത്തുമുള്ള നിരവധി ഗവേഷകരും വായനക്കാരും ഈ സാധ്യത ഉപയോഗിക്കുന്നുണ്ട്. മാർക്സിയൻ പഠനഗവേഷണ കേന്ദ്രം 'മാറുന്ന ആഗോള സാമ്പത്തിക - സാമൂഹിക കാഴ്ച കൾ'എന്ന വിഷയത്തിൽ അന്തർദേശീയ സെമിനാർ സംഘടിപ്പിക്കും. ഇതിനായി **6 ലക്ഷം രൂപ** അനുവദിക്കുന്നു.

**130. ദേശീയ-അന്തർദേശീയ സെമിനാറുകളിലും വർക്ക്ഷോപ്പു കളിലും പങ്കെടുക്കുന്നവർക്ക് യാത്രാബത്ത നല്കും.**

ഗവേഷണപ്രവർത്തനങ്ങളെ ശാക്തീകരിക്കാനും ആഗോളീകരിക്കാനും സഹായകമാകുന്നതരത്തിൽ പഠനവകുപ്പുകളിലെ ഫാക്കൽറ്റികൾ(കോൺട്രാക്ട് ഫാക്കൽറ്റി ഉൾപ്പെടെ)/പോസ്റ്റു ഡോക്ടറൽ ഫെലോസ്/റിസർച്ച് സ്കോളേഴ്സ് എന്നിവർക്ക് വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ യാത്രാബത്ത അനുവദിക്കും. ഇതിനായി **15 ലക്ഷം രൂപ** അനുവദിക്കുന്നു.

**131. സെനറ്റ് ഹൗസ് കാമ്പസിൽ ഫ്രണ്ട് ഓഫീസ് കം ഹെൽപ്പ് ഡെസ്ക് ആരംഭിക്കും.**

സർവ്വകലാശാലയിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും വേഗത്തിൽ ലഭ്യമാക്കുന്നതിനും, സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ വിവരണങ്ങളും കൈമാറുന്നതിനും പര്യാപ്തമായ നിലയിൽ വിദ്യാർത്ഥി സൗഹൃദപരമായ ഓഫീസ് സംവിധാനം ആരംഭിക്കും. ഇതിനായി **7 ലക്ഷം രൂപ** അനുവദിക്കുന്നു.

**132. സർവ്വകലാശാല IQAC - യുടെയും പബ്ലിക്ക് റിലേഷൻസ് വിഭാഗത്തിന്റെയും ഓഫീസുകൾ പുനക്രമീകരിക്കും.**

സർവ്വകലാശാലയുടെ ശ്രദ്ധേയമായ രണ്ട് വിഭാഗങ്ങളാണ് IQAC യും പബ്ലിക്ക് റിലേഷൻസ് വിഭാഗവും. ഇവ രണ്ടിന്റേയും ഓഫീസുകൾ കാലോചിതമായി പുനഃക്രമീകരിച്ച് നവീകരിക്കാൻ തീരുമാനിക്കുന്നു. ഇതിനായി **15 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**133. കേരളപ്പിറവി ആഘോഷം സംഘടിപ്പിക്കും.**

നവംബർ ഒന്നിന് കേരളപ്പിറവി ആഘോഷങ്ങൾ സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെ നേതൃത്വത്തിൽ വിപുലമായി സംഘടിപ്പിക്കും. കലാപരിപാടികളും പ്രഭാഷണങ്ങളും ഒരുക്കും. ഇതിനായി **1 ലക്ഷം രൂപ** അനുവദിക്കുന്നു.

**134. കാര്യവട്ടം കാമ്പസിലെ ക്വാർട്ടേഴ്സുകൾ നവീകരിക്കും.**

കാലപ്പഴക്കത്തിൽ ശോചനീയാവസ്ഥയിലായ ക്വാർട്ടേഴ്സുകളാണ് കാര്യവട്ടം കാമ്പസിലിപ്പോഴുള്ളതിൽ നല്ലൊരുപങ്കും. അതിൽ താമസയോഗ്യമായത് അറ്റകുറ്റപ്പണികൾ ചെയ്ത് ആവശ്യക്കാരായ അപേക്ഷകർക്കു നൽകും. ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ ഒഴിവാക്കും. നവീകരണ പ്രവർത്തനങ്ങൾക്കായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**135. ജൈവവിഭാഗങ്ങളിൽനിന്ന് പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് തുടർ സഹായം.**

വിഷരഹിതമായ കൂടുതൽ പ്രകൃതദത്ത ഉൽപ്പന്നങ്ങൾ രൂപപ്പെടുത്താനാവശ്യമായ ഗവേഷണങ്ങൾ സർവ്വകലാശാലയുടെ സാമ്പത്തിക സഹായത്തോടെ സസ്യശാസ്ത്ര ഗവേഷണ വകുപ്പിൽ നടന്നുവരികയാണ്. അതിനാവശ്യമായ സഹായമായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**136. കുമ്പനാടിനെക്കുറിച്ച് പഠനം നടത്തും.**

കുടിയേറ്റംമൂലം പത്തനംതിട്ട ജില്ലയിലെ കുമ്പനാടിനുണ്ടായ ജനസംഖ്യാപചയം ബി.ബി.സി. ഉൾപ്പെടെ റിപ്പോർട്ട്ചെയ്തിരുന്നു. കുടിയേറ്റംമൂലം കുമ്പനാടിനുണ്ടായ ജനസംഖ്യാപചയവും പരിണിത ഫലങ്ങളും നരവംശ ശാസ്ത്രരീതിയിൽ പഠനം നടത്തുന്നതിന് സോഷ്യോളജി പഠനവകുപ്പിലെ ഡയസ്പോറ സ്റ്റഡീസിന് **1.5 ലക്ഷം രൂപ** അനുവദിക്കുന്നു.

**137. ഹിന്ദി പഠന ഗവേഷണ വകുപ്പിൽ 'സെന്റർ ഫോർ സബാൾട്ടേഷൺ സ്റ്റഡീസ്' തുടങ്ങും.**

ഇന്ത്യൻ സാഹിത്യ രചനകളിൽ കീഴാള പഠനത്തിന്റെ പ്രസ ക്തി വർദ്ധിക്കുന്നുണ്ട്. നമ്മുടെ സാമൂഹിക, സാഹിത്യ, വൈജ്ഞാനിക ഇടങ്ങളിലെല്ലാം ഇത്തരത്തിലുള്ള പഠന ഗവേഷണങ്ങൾ നടക്കുന്നു. ഇന്ത്യൻ സാഹിത്യത്തിലെ വൈവിദ്ധ്യമാർന്ന കീഴാള സാഹിത്യരചനകളെയും അന്വേഷണങ്ങളെയും കണ്ടെത്തുകയും ഗവേഷണാത്മകമായി ക്രോഡീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. സെന്ററിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി **4 ലക്ഷം രൂപ** അനുവദിക്കുന്നു.

**138. 'ലഹരി വിരുദ്ധ' കാമ്പസിന് അവാർഡ് നൽകും.**

ലഹരി വിരുദ്ധ കാമ്പസെന്ന പ്രഖ്യാപനം നടത്തുകയും ലഹരിക്കെതിരെയുള്ള മികച്ച പ്രവർത്തനം സംഘടിപ്പിക്കുകയും ചെയ്യുന്ന അഫിലിയേറ്റഡ് കോളേജുകൾക്ക് അവാർഡ് നൽകും. തിരഞ്ഞെടുക്കപ്പെടുന്ന 5 കോളേജുകൾക്കാണ് അവാർഡ് നൽകുന്നത്. ഇതിനായി **3 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**139. MSW പ്രോഗ്രാമിന്റെ പഠനയാത്രയ്ക്കും ക്യാമ്പിനും സഹായം നൽകും.**

സർവ്വകലാശാലയുടെ MSW പ്രോഗ്രാം ഇപ്പോൾ സോഷ്യോളജി പഠന-ഗവേഷണവകുപ്പിന്റെ ഭാഗമായാണ് നടന്നുവരുന്നത്. ഇത് പ്രത്യേക ഡിപ്പാർട്ടുമെന്റാക്കി പഠന-ഗവേഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കുവാൻ കഴിഞ്ഞ ബഡ്ജറ്റിൽ തീരുമാനിച്ചിരുന്നു. അതിനുള്ള നടപടികൾ നടന്നുവരികയാണ്. അത് ത്വരിതപ്പെടുത്തും. പ്രസ്തുത പ്രോഗ്രാമിന്റെ ഭാഗമായുള്ള വിദ്യാർത്ഥികളുടെ പഠനയാത്രകൾക്കും ക്യാമ്പുകൾക്കുമായി **2.5 ലക്ഷം രൂപ** അനുവദിക്കുന്നു.

**140. സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസിൽ ഓറിയന്റേഷൻ/ റിഫ്രഷർ കോഴ്സ് സംഘടിപ്പിക്കും.**

സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസിൽ അദ്ധ്യാപകർക്കും ഗവേഷകർക്കുമായി ഓറിയന്റേഷൻ/ റിഫ്രഷർ കോഴ്സ് സംഘടിപ്പിക്കും. ഇതിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

141. **ഗവേഷക, ഡിപ്പാർട്ട്മെന്റ്സ് യൂണിയനുകൾക്ക് അക്കാദമിക പ്രവർത്തന സഹായം നല്കും.**

സർവ്വകലാശാലയിലെ ഗവേഷക, ഡിപ്പാർട്ട്മെന്റ്സ് യൂണിയനുകൾക്ക് വിവിധ അക്കാദമിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി **2 ലക്ഷംരൂപ** അനുവദിക്കുന്നു.

142. **'ഭരത് മുരളീ നാടകോത്സവം സംഘടിപ്പിക്കും.**

കേരള സർവ്വകലാശാല മുൻജീവനക്കാരും മലയാള നാടക –സിനിമ രംഗത്തെ നടനും, അതുല്യ പ്രതിഭയുമായിരുന്ന ശ്രീ. മുരളിയുടെ സ്മരണാർത്ഥം സർവ്വകലാശാല നടത്തി വരുന്ന 'ഭരത് മുരളീ നാടകോത്സവം' തുടർന്നും നടത്തും. കലാമൂല്യമുള്ള നാടകങ്ങളുടെ പ്രദർശനം, അമച്ചർ നാടകങ്ങളുടെ മത്സരം, ഓപ്പൺ ഫോറങ്ങൾ, നാടകകലയെ സംബന്ധിച്ചുള്ള പ്രഭാഷണങ്ങൾ, മുതിർന്ന നാടകപ്രവർത്തകരെ ആദരിക്കൽ, നാടകചരിത്ര പ്രദർശനം തുടങ്ങിയവ നാടകോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കും: മലയാള നാടകവേദിയെ ശക്തിപ്പെടുത്തുന്ന ഏറ്റവും ശ്രദ്ധേയമായ ഒരു പരിപാടിയായി ഇതിനെമാറ്റും. ഇതിനായി **15 ലക്ഷം രൂപ** അനുവദിക്കുന്നു.

143. **കാര്യവട്ടത്തെ ഹോസ്റ്റലുകളിൽ സൗകര്യ വികസനം സാ ധ്യമാക്കും.**

കാര്യവട്ടം കാമ്പസിൽ ഇപ്പോൾ 7 ഹോസ്റ്റലുകൾ പ്രവർത്തി ച്ചുവരുന്നു. പ്രസ്തുത ഹോസ്റ്റലുകളുടെ റിക്രിയേഷൻ സൗകര്യ ങ്ങൾ വർദ്ധിപ്പിക്കുന്നതിന് **7 ലക്ഷം രൂപ** അനുവദിക്കുന്നു.

144. **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ 'ലാംഗ്വേജ് ലാബ്' വികസിപ്പി ക്കും.**

സർവ്വകലാശാലയുടെ ഇൻസ്റ്റിറ്റൂട്ട് ഓഫ് ഇംഗ്ലീഷിലെ ലാം ഗ്വേജ് ലാബ് ആധുനികവല്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഠനവകുപ്പ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വികസനം സാധ്യമാക്കുന്നതിനായി **6 ലക്ഷം രൂപ** വകയിരുത്തുന്നു.

പ്രിയമുള്ളവരെ,

അസാധാരണമായ ഇച്ഛാശക്തിയുമായാണ് നമ്മുടെ സർവ്വകലാശാലയുടെ പ്രയാണം. വിസ്മയിപ്പിച്ച ഒട്ടേറെ ചരിത്രാനുഭവങ്ങളാൽ സമ്പന്നമായ തലമുറകളുടെ ഈ പ്രകാശവഴി മാനവികതയുടെ സമൃദ്ധവും സവിശേഷവുമായ സാക്ഷ്യപ്പെടുത്തലാണ്. സഫലമായ അക്കാദമിക മുന്നേറ്റങ്ങളുടെ നൂറാം വർഷത്തേക്കാണ് അന്തർദേശീയ അംഗീകാരങ്ങളോടെ മാതൃസർവകലാശാല എത്തിച്ചേരുന്നത്. തലമുറയുടെ സാമൂഹിക-സാംസ്കാരിക-വൈജ്ഞാനിക ജീവിതത്തെ ശാസ്ത്രീയവും സർഗ്ഗാത്മകവും ക്രിയാത്മകവുമാക്കുന്നതിനുള്ള ഒടുങ്ങാത്ത ശ്രമങ്ങൾ ഇനിയുമേറെ തുടരേണ്ടതുണ്ട്. അതിനുപര്യാപ്തമായ മികച്ചതും ജാഗ്രതാപൂർണ്ണവമായ നേതൃത്വം നല്കേണ്ട സഭയാണിത്. നന്മവറ്റാത്ത ചരിത്ര നിർമ്മിതിയ്ക്ക്, ലളിതസുന്ദരമായ അക്കാദമിക് വഴികൾതുറന്ന് സൂക്ഷ്മ മനസ്സോടെ കൂടുതൽ മുന്നോട്ടുപോകുവാൻ കരുത്തുപകരണം. നമ്മുടെ സർവകലാശാലകൾക്ക് അർഹിക്കുന്ന സാമൂഹികപദവിയും പരിഗണനകളും നിയമപരമായ പരിരക്ഷകളും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതും നമ്മുടെ ബാധ്യതയാണ്. അടിസ്ഥാനമില്ലാത്ത വാർത്തകളിലും പ്രതിബദ്ധതയില്ലാത്തവരുടെ അപവാദപ്രചരണങ്ങളിലും ഊഹാപോഹങ്ങളിലും സർവകലാശാലകൾ വിചാരണ ചെയ്യപ്പെടുന്നത് പുരോഗമന സമൂഹത്തിന് ഭൂഷണമല്ല. സ്ഥാപിത താല്പര്യങ്ങളിൽ നിന്ന് ഉരുവം കൊള്ളുന്ന സാങ്കേതിക പ്രശ്നങ്ങളും കുതിരയെടുപ്പുകളും കേരളത്തിലെ സർവകലാശാലകളുടെ അക്കാദമിക് ശ്രദ്ധയെയും പ്രവർത്തനങ്ങളെയും അസ്വസ്ഥമാക്കുകയും വഴിതിരിക്കുകയും ചെയ്യുന്നുമെന്നതും കാണാതെ പോകരുത്.

വെളിച്ചത്തെഭയക്കുകയാണ് ചിലർ; ചരിത്രബോധം നഷ്ടപ്പെട്ടവരാണവർ. നമുക്ക് മുന്നോട്ട് പോയേ തീരൂ... എല്ലാ പ്രതികരണങ്ങളോടും തികഞ്ഞ ആദരവുസൂക്ഷിച്ചുകൊണ്ട് തലമുറയുടെ ശ്രേഷ്ഠമായ ഈ മഹാവിജ്ഞാനകേന്ദ്രത്തെ നമുക്കൊരുമിച്ച് മുന്നോട്ട് നയിക്കാം.

**'ചോരതുടിക്കും ചെറുകൈയുകളേ**
**പേറുക വന്നീ പന്തങ്ങൾ...'**

**നന്ദി...**
**നമസ്ക്കാരം**

**The Vice-Chancellor announced that the discussion on budget will be held after the lunch break and the House adjourned for lunch break.**

**The House was called to order at 01.15 pm after the lunch break by the Vice-Chancellor and members were invited for discussion on the Budget.**

**Dr. J Prasad**

നമ്മുടെ ആപ്ത വാക്യമായ കർമ്മണി വ്യജ്യതേ പ്രജ്ഞ എന്ന് പ്രയോഗിച്ചു കൊണ്ടാണ് ഈ ബഡ്ജറ്റ് അഡ്വ. ജി. മുരളീധരൻ പിള്ള അവതരിപ്പിച്ചത്. ഇന്നലെയെക്കുറിച്ചും ഇന്നിനെക്കുറിച്ചും നാളയെക്കുറിച്ചുമുള്ള കേരള സർവകലാശാലയുടെ സ്വപ്നങ്ങളെ സമഗ്രമായും സർവതലസ്പർശിയായും അവതരിപ്പിച്ച അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പ്രകൃതിയുടെ എല്ലാ പ്രതിഭാസങ്ങളേയും സ്പർശിച്ചിട്ടുള്ള ഈ ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ള കാര്യങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകണം. ശ്രീനാരായണ ഗുരുവിനേക്കൾ വളരെ മുമ്പേ അഡ്രസ് ചെയ്യപ്പെടേണ്ടിയിരുന്ന നവോത്ഥാന നായകനായ അയ്യാ വൈകുണ്ഠ സ്വാമിയുടെ പേരിൽ വൈകിയാണങ്കിലും ഒരു ചെയർ സ്ഥാപിക്കാൻ കാണിച്ച മഹാ മനസ്കതയെ അഭിനന്ദിക്കുന്നു. വിദേശ വിദ്യാർത്ഥികളെ നമ്മുടെ സർവകലാശാലയിലേക്ക് ആകർഷിക്കണമെങ്കിൽ അവർക്ക് താമസിക്കുവാൻ അന്തർദേശീയ നിലവാരമുള്ള ഹോസ്റ്റലുകൾ ഉണ്ടാകണം. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ഹോസ്റ്റൽ സംവിധാനം ആ നിലവാരത്തിലേക്ക് ഉയർത്തുകയാണങ്കിൽ നന്നായിരിക്കും. വിദ്യാർത്ഥികൾ വിവിധ ആവശ്യങ്ങൾക്കായി നിരന്തരം സർവകലാശാലയിൽ വരുന്നത് ഒരു പഴയ ആശയമാണ്. ലോകത്ത് ഇന്ന് ഏത് സർവകലാശാലയിലും ഓൺലൈൻ ആയി വിദ്യാർത്ഥികൾക്ക് അവരുടെ അഡ്മിഷൻ മുതൽ ഡിഗ്രി വരെയുള്ള എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കും. നമ്മുടെ സർവകലാശാലയിലും അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് ബഡ്ജറ്റിനെ പൂർണമായും പിന്തുണക്കുന്നു.

**Dr. Vasanthagopal R**

ഒരു സർവകലാശാലാ ബഡ്ജറ്റിൽ ഉൾപ്പെടേണ്ടതും അതിനപ്പുറവുമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയ അഡ്വ. ജി. മുരളീധരനെ അഭിനന്ദിക്കുന്നു. ഒരു സർവകലാശാലയെ സംബന്ധിച്ചിടത്തോളം infrastructure വളരെ പ്രധാനമാണ്. കേരള സർവകലാശാലയെ തിരുവനന്തപുരം ജില്ലയുടെ സർവകലാശാലയായി മാത്രമാണ് നമ്മൾ കാണുന്നത്. എന്നാൽ കേരളത്തിലും, കേരളത്തിനു പുറത്തും വിദേശത്തു നിന്നുമുള്ള വിദ്യാർത്ഥികൾ നമ്മുടെ സർവകലാശാലയിൽ വന്ന് പഠിക്കേണ്ടതാണ്. 3000 കുട്ടികൾ ഇവിടെ പഠിക്കുകയാണങ്കിൽ

അത്രയും കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കണം. 800 കോടി രൂപയുടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 1 കോടി രൂപ മാത്രമാണ് ഹോസ്റ്റലിന് നീക്കി വച്ചത്. അത് തീർത്തും അപര്യാപ്തമായതിനാൽ വർദ്ധിപ്പിക്കണമെന്നപേക്ഷിക്കുന്നു. ലഹരിക്കെതിരായി ബഡ്ജറ്റിൽ നടത്തിയിട്ടുള്ള ഇടപെടലുകളെ അഭിനന്ദിക്കുന്നു. 1937 ൽ തുടങ്ങി 80-85 വർഷം പൂർത്തിയാക്കിയ നമ്മുടെ സർവകലാശാലയിൽ ഇന്നും മതിയായ infrastructure സൗകര്യം ഇല്ല. കാര്യവട്ടം ക്യാമ്പസിലെ വിവിധ പഠന വകുപ്പുകളിൽ വരുന്ന External Faculties, രക്ഷകർത്താക്കൾ, കുട്ടികൾ തുടങ്ങിയ ആയിരക്കണക്കിന് ആൾക്കാർക്ക് ഇരിക്കുന്നതിനോ, അമ്മമാർക്ക് കുട്ടികളെ പരിപാലിക്കുന്നതിനോ ഉള്ള സൗകര്യമോ ആവശ്യമായ toilet സൗകര്യമോ ലഭ്യമല്ല. സ്കൾപ്ചർ ഗാർഡൻ ഒരുക്കുന്നതിനോടൊപ്പം നമ്മുടെ സർവകലാശാലയിൽ കുട്ടികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യവും കംഫർട്ട് സ്റ്റേഷൻ പോലെയുള്ള മറ്റു സൗകര്യങ്ങളും ഏർപ്പെടുത്താൻ സാധിച്ചാൽ നന്നായിരിക്കും. നമ്മുടെ റിസർച്ച് ഔട്ട്പുട്ട് പൊതുജനങ്ങളുമായി പങ്കു വക്കുവാൻ പറ്റിയ റിസർച്ച് ഫെസ്റ്റ് പോലുള്ള പരിപാടികൾ ഈ വർഷവും ഉണ്ടെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ആവശ്യത്തിന് അധ്യാപകരും infrastructure സൗകര്യവും ഇല്ലാതെ പരിതാപകരമായ അവസ്ഥയിലാണ് നമ്മുടെ UIT, UIM, B.Ed സെന്ററുകൾ എന്നിവ. ഈ സെന്ററുകൾക്ക് അനുവദിച്ച 60 ലക്ഷം രൂപ വർദ്ധിപ്പിക്കുകയും ഈ സെന്ററുകളെ നല്ല നിലയിലാക്കി മാറ്റുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. ബഡ്ജറ്റിനെ പിന്തുണക്കുന്നു.

### Sri. Santhoshkumar S

വിജ്ഞാന വിസ്ഫോടനത്തിന്റെ ഈ കാലഘട്ടത്തിൽ പുരോഗമനപരമായ എല്ലാ ആശയങ്ങളും ഉൾക്കൊള്ളിച്ച് അഡ്വ. ജി. മുരളീധരൻ പിള്ള അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ പൂർണമായും പിന്തുണക്കുന്നു. കാര്യവട്ടം ക്യാമ്പസിൽ Geo Physics, Bio Physics തുടങ്ങിയ പഠന വകുപ്പുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാമായിരുന്നു. ആധുനിക സാങ്കേതിക വിദ്യകളായ AI, Robotics തുടങ്ങിയ മേഖലകൾക്ക് തുക നീക്കി വച്ചതായി കാണുന്നില്ല. ആൽഗകളുടെ നാശവും കൂടി പരിഗണിച്ച് സമുദ്ര പഠനത്തിൽ മറൈൻ ജിയോളജിയും ബോട്ടണിയും കൂടി ഉൾപ്പെടുത്തണമെന്നും അതിന് നീക്കി വച്ചിരിക്കുന്ന തുക കുറച്ചു കൂടി വർദ്ധിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു.

### Smt. Priji Sasidharan

കേരള സർവകലാശാലയുടെ മുന്നോട്ടുള്ള പ്രയാണത്തിനും അതു വഴി കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ മാറ്റത്തിനു തന്നെ വഴിയൊരുക്കുന്ന തരത്തിൽ സ്വാഗതാർഹമായ ഒട്ടനവധി നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റാണ് ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. ജി. മുരളീധരൻ പിള്ള ഇന്നിവിടെ അവതരിപ്പിച്ചത്. കൊല്ലം ജില്ലയിലെ വിദ്യാർത്ഥികൾക്ക് വളരെ സൗകര്യപ്രദമായ രീതിയിൽ കേരള സർവകലാശാലയുടെ ഒരു പഠനഗവേഷണ കേന്ദ്രം കൊല്ലത്ത് സ്ഥാപിക്കുന്നു എന്നത് എടുത്തു പറയേണ്ടുന്ന കാര്യമാണ്. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും ആദ്യത്തെ ധനകാര്യ മന്ത്രിയും ആയിരുന്ന ശ്രീ സി. അച്യുതമേനോന്റെ പേരിൽ ഒരു പഠനഗവേഷണ കേന്ദ്രം കാര്യവട്ടത്ത് സ്ഥാപിക്കണം. കുസാറ്റ്, അഗ്രികൾച്ചറൽ സർവകലാശാല തുടങ്ങി വിദ്യാഭ്യാസ മേഖലയിലെ മുന്നോട്ടുള്ള കുതിപ്പിന് സഹായകരമായ നിരവധി സ്ഥാപനങ്ങളും സാമൂഹ്യപരമായ പുരോഗതിക്ക് നിരവധി പൊതുമേഖലാ സ്ഥാപനങ്ങളും ആരംഭിച്ച അദ്ദേഹത്തിന്റെ പേരിൽ ഒരു

പഠനഗവേഷണ കേന്ദ്രം സ്ഥാപിക്കണമെന്ന നിർദ്ദേശം കൂടി സമർപ്പിച്ചു കൊണ്ട് ബഡ്ജറ്റിനെ പിന്തുണക്കുന്നു.

## Sri. Y Osbon

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പുതിയ അക്കാഡമിക് പ്രോഗ്രാമുകൾ, ഗവേഷണ പദ്ധതികൾ, ഫാക്കൽറ്റി വികസന പദ്ധതികൾ എന്നിവ സർവകലാശാലയുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയും ഗവേഷണത്തിന് കൂടുതൽ ഫണ്ട് അനുവദിച്ചിരിക്കുന്നത് സർവകലാശാലയെ ഗവേഷണത്തിൽ അന്തർദേശീയ തലത്തിൽ ഉന്നതിയിലെത്തിക്കുകയും ചെയ്യും. സാമൂഹിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഉദാഹരണമാണ് പേപ്പർ രഹിത അഡ്മിനിസ്ട്രേഷൻ നടപ്പിലാക്കുന്ന പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി E-office നടപ്പിലാക്കണം. ഫയലുകളുടെ കാലതാമസം ഒഴിവാക്കുന്നതിനും ഫയലുകൾ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണ് ഉള്ളതെന്നും അറിയാനും E-office വഴി സാധിക്കും. നിലവിലുള്ള ddfs ൽ നിന്നും E-office ലേക്ക് മാറണം. 80ാമത്തെ ഇനമായ Cyber Law ൽ Post Graduate Diploma Course ആരംഭിക്കും എന്ന നിർദ്ദേശത്തോടൊപ്പം കാലഘട്ടത്തിനനുസൃതമായ Forensic Science ൽ ബിരുദ തലത്തിലുള്ള കോഴ്സുകളും ആരംഭിക്കണം. 107ാമത്തെ ഇനമായ അഫിലിയേറ്റഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ പരിശീലനത്തിന് വകയിരുത്തിയ 7 ലക്ഷം രൂപ അപര്യാപ്തമാകയാൽ അത് 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നപേക്ഷിക്കുന്നു. 112ാമത്തെ ഇനമായ മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികളെ പഠനവിധേയമാക്കുന്നതിനോടൊപ്പം ഉൾനാടൻ മത്സ്യമേഖലയിൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ കൂടി പഠന വിധേയമാക്കണം. നിലവിൽ സർവകലാശാലയിലെ ലാൻഡ് ലൈനുകൾ പ്രവർത്തിക്കുന്നില്ല. അഫിലിയേറ്റഡ് കോളേജുകൾക്ക് സർവകലാശാലയിലെ വിവിധ സെക്ഷനുകളിലേക്ക് നേരിട്ട് ബന്ധപ്പെടാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തണം. വളരെ ശോചനീയമായ അവസ്ഥയിലുള്ള സർവകലാശാലയുടെ പാളയം ക്യാമ്പസിലെ വാഷ്റൂമുകൾ നന്നാക്കേണ്ടത് അത്യാവശ്യമാണ്. കംപ്യൂട്ടർ സെന്ററിനെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും അഫിലിയേറ്റഡ് കോളേജുകളിലെ ജീവനക്കാർക്കുമുള്ള പരാതി പരിഹരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ബഡ്ജറ്റിനെ പിന്തുണക്കുന്നു.

## Dr. Hashim M

നമ്മുടെ കുട്ടികൾ ജോലി തേടിപ്പോകുകയല്ല, ജോലി കൊടുക്കുന്ന വ്യക്തിത്വങ്ങളായി മാറണം എന്നാണ് നമ്മുടെ ഗവർണർ ഇന്ന് രാവിലെ പറഞ്ഞത്. എന്നാൽ ആ കുട്ടികൾക്ക് ജോലി ലഭിക്കുന്ന തരത്തിലുള്ള skill development, entrepreneurship development, start up തുടങ്ങിയവക്കായി 1 ലക്ഷം രൂപയെങ്കിലും ബഡ്ജറ്റിലെ 144 പദ്ധതികളിൽ ഒന്നിൽപ്പോലും നീക്കി വച്ചിട്ടില്ല. ഇതിനായി തുക വകയിരുത്തണമെന്നഭ്യർത്ഥിക്കുന്നു. ഗവർണർ ഇന്ന് പറഞ്ഞ മറ്റൊരു കാര്യം ലഹരിയെക്കുറിച്ചാണ്. ഇന്ന് നമ്മുടെ കേരള സർവകലാശാലയിൽ ലഹരിയെ പ്രോത്സാഹിപ്പിക്കുന്നില്ലേ എന്ന് സംശയമുണ്ട്. നമ്മുടെ ക്യാമ്പസ് ലൈബ്രറി 12 മണി വരെ പ്രവർത്തിക്കുന്നു. അവിടെ ഏതൊക്കെ കുട്ടികൾ വരുന്നു, എന്ത് ചെയ്യുന്നു എന്ന് ശ്രദ്ധാപൂർവം നിരീക്ഷിച്ചില്ലെങ്കിൽ നമ്മുടെ കുട്ടികൾ വഴിതെറ്റിപ്പോകും. അഫിലിയേറ്റഡ് കോളേജുകളിലെ കുട്ടികളുടെ skill develop ചെയ്യാൻ ED ക്ലബുകൾക്ക് 20000 രൂപ വച്ച് കൊടുത്തിരുന്നത് 3 വർഷമായി നൽകുന്നില്ല. സർവകലാശാല അത്തരം ഒരു ഫണ്ട് കൊടുത്തുകൊണ്ട് അവരെ

പ്രമോട്ട് ചെയ്യേണ്ടതത്യാവശ്യമാണ്. നമ്മുടെ ഗവർണർ ഇന്ന് രാവിലെ പറഞ്ഞത് നമ്മുടെ കൂട്ടായ്മയേക്കുറിച്ചുകൂടിയാണ്. കുട്ടികളുടെ വികസനമാണ് കോളേജുകളുടെ വികസനം. കോളേജുകളുടെ വികസനമാണ് സർവകലാശാലയുടെ വികസനം. അത്തരം കൂട്ടായ്മയോടെയുള്ള വികസനമായിരിക്കണം നമ്മുടെ കാഴ്ചപ്പാട്.

### Sri. P Sreekumar

വിദ്യുത് സഭയായ നമ്മുടെ പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാകണമെന്നാണ് ഗവർണർ പറഞ്ഞത്. എന്നാൽ ബഡ്ജറ്റിലെ പകുതി ഇനങ്ങൾ പോലും വിദ്യാർത്ഥി കേന്ദ്രീകൃതമല്ല. അന്താരാഷ്ട്ര സമാധാനത്തിന് പരിപാടികൾ സംഘടിപ്പിക്കുന്നതോ, കോടികൾ ചിലവഴിച്ച് കെട്ടിടം പണിയുന്നതോ പോലെ അക്കാഡമിക് അല്ലാത്ത കാര്യങ്ങളാണ് കൂടുതലും. വൈകിയാണങ്കിലും അയ്യാ വൈകുണ്ഠ സ്വാമിയുടെ പേരിൽ ചെയർ സ്ഥാപിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഈ വിഷയം അവതരിപ്പിച്ച എനിക്ക് വ്യക്തിപരമായ സന്തോഷം ഉണ്ടാക്കുന്ന കാര്യമാണിത്. ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ക്രിയാത്മകമായ ഒരു സൂചനയും ഇല്ലാത്തതാണ് ബഡ്ജറ്റ്. ദേശീയ വിദ്യാഭ്യാസ നയത്തെ കണ്ടില്ല എന്ന് നടിച്ച് കേരളത്തിലെ ഒരു സർവകലാശാലക്കും മുന്നോട്ട് പോകാൻ സാധിക്കില്ല. കേരള കലയുടെ പ്രതീകമായ കഥകളി രൂപമാണ് ഗവർണർക്ക് സമ്മാനമായി കൊടുത്തത്. ഭരത് മുരളിയുടെ പേരിലുള്ള നാടകോത്സവമല്ലാതെ കലയെ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കായിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിലും കലയെ പരിപോഷിപ്പിക്കുന്ന കാര്യങ്ങൾ ബഡ്ജറ്റിൽ കാണുന്നില്ല. ആ തെറ്റുകൂടി തിരുത്താൻ ശ്രമിക്കണം.

### Dr. S Mini Venugopal

ബഡ്ജറ്റ് അവതരിപ്പിച്ച അഡ്വ. ജി. മുരളീധരൻ പിള്ളയെ അഭിനന്ദിക്കുന്നു. 58ാമത്തെ ഇനമായ യൂണിവേഴ്സിറ്റി ലൈബ്രറിയിലെ ഡിജിറ്റൈസേഷൻ പ്രോജക്ടിന് 15 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നതും 61ാമത്തെ ഇനത്തിൽ യൂണിവേഴ്സിറ്റി ലൈബ്രറിയെ അത്യാധുനിക സാധ്യതകളൊരുക്കി നവീകരിക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നതും ഒരു പദ്ധതിയാണോ രണ്ട് പദ്ധതികളാണോ എന്ന് വ്യക്തമാക്കേണ്ടതാണ്. 119ാമത്തെ ഇനത്തിൽ തുളസീവനം സംരക്ഷിക്കുന്നതിന് തുടർനടപടികൾക്കായി 3 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു. കഴിഞ്ഞ വർഷവും ഇതേ കാര്യം തന്നെ പറഞ്ഞിട്ടുണ്ടായിരുന്നു. അതിന്റെ ആക്ടിവിറ്റി റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഈ വർഷത്തെ തുടർനടപടികൾ എന്തെല്ലാമാണന്ന് അറിയിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

### Dr. Vishnu Gopan

ബഡ്ജറ്റ് അവതരിപ്പിച്ച അഡ്വ. ജി. മുരളീധരൻ പിള്ളയെ അഭിനന്ദിക്കുന്നു. കഴിഞ്ഞ വർഷത്തെ പല കാര്യങ്ങളും ഈ ബഡ്ജറ്റിൽ ആവർത്തിച്ചിരിക്കുകയാണ്. കോഫീ ഷോപ്പ്, തുളസീവനം, കൊല്ലത്തെ പഠനഗവേഷണ കേന്ദ്രം തുടങ്ങി പല പദ്ധതികളും ആവർത്തനമാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞ 181 കാര്യങ്ങളിൽ പലതും നടപ്പിലാക്കിയിട്ടില്ല. അതിൽ പ്രതിഷേധം അറിയിക്കുന്നു. രണ്ടു വർഷമായി ബഡ്ജറ്റ് അവതരണവും ചർച്ചയും ഒരു

ദിവസമായതിനാൽ അംഗങ്ങൾക്ക് പഠിക്കുന്നതിനും ചർച്ചയിൽ പങ്കെടുക്കുന്നതിനും മതിയായ സമയം ലഭിക്കുന്നില്ല. അടുത്ത വർഷമെങ്കിലും കൂടുതൽ സമയം അനുവദിക്കണമെന്നാവശ്യപ്പെടുന്നു. റിസർച്ചിന് സ്ലാബ് ഏർപ്പെടുത്താനുള്ള നിർദ്ദേശം ബഡ്ജറ്റിൽ വച്ചിരിക്കുന്നു. 3 വർഷം കൊണ്ട് റിസർച്ച് പൂർത്തിയാക്കാൻ 25000 രൂപ ഫെല്ലോഷിപ്പും 5 വർഷം കൊണ്ട് പൂർത്തിയാക്കാൻ 15000 രൂപ ഫെല്ലോഷിപ്പും നൽകാനുള്ള നിർദ്ദേശത്തിന് നിയമസാധുതയുണ്ടോ?. റിസർച്ച് സമയമെടുത്ത് പൂർത്തിയാക്കേണ്ട കാര്യമായതിനാൽ അതിൽ സ്ലാബ് ഏർപ്പെടുത്തേണ്ട കാര്യമുണ്ടോ? പാർട്ട് ടൈം റിസർച്ചിന് ഫീസ് വർദ്ധിപ്പിച്ചതുൾപ്പടെ ഗവേഷണ രംഗത്ത് നിൽക്കുന്നവരെ ബുദ്ധിമുട്ടിലാക്കുന്ന പലതരം തീരുമാനങ്ങൾ എന്തുകൊണ്ടാണിങ്ങനെ വരുന്നത്? FYUGP യുമായി ബന്ധപ്പെട്ട് എയ്ഡഡ് കോളേജിലെ അധ്യാപകർക്ക് വളരെ കൃത്യമായിട്ടുള്ളൊരു മാസ്റ്റർ ട്രയിനിങ്ങോ, ട്രയിനിങ്ങ് ക്ലാസുകളോ നൽകിയിട്ടില്ല. ക്വസ്റ്റ്യൻ പേപ്പർ സെറ്റിങ്ങിന്റെ പേരിൽ നടത്തിയ പ്രോഗ്രാമിന്റെ കൃത്യമായിട്ടുള്ള ഔട്ട്കം പറയാൻ സാധിക്കില്ല. അതിനാൽ എല്ലാ അധ്യാപകരേയും ഉൾക്കൊള്ളിച്ചു കൊണ്ട് FYUGP യുമായി ബന്ധപ്പെട്ട് ഒരു ട്രയിനിങ്ങ് കൂടി നൽകണം. ബഡ്ജറ്റിലെ അപാകതകൾ പരിഹരിച്ച് ഈ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തണമെന്നഭ്യർത്ഥിക്കുന്നു.

## Dr. Sam Solomon

കേരള സർവകലാശാലയുടെ സമസ്ത മേഖലകളെയും പരിഗണിച്ചു കൊണ്ട് ഒരു സമ്പൂർണ ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട അഡ്വ. ജി. മുരളീധരനെ ആദ്യമായി അഭിനന്ദിക്കുന്നു. ലഹരി ഉപയോഗത്തെ ഫലപ്രദമായി ചെറുക്കാൻ വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയത് ബഡ്ജറ്റിന്റെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നു. നവോത്ഥാന ആശയങ്ങളും ഗാന്ധിയൻ ആശയങ്ങളും പ്രചരിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ ഗാന്ധിയൻ സ്റ്റഡീസിന് തുക വകയിരുത്തണമെന്നഭ്യർത്ഥിക്കുന്നു. Ph.D ഗവേഷണത്തിന് റിസർച്ച് സ്ലാബ് പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ളതാണ്. അത്തരം ആശയം ഇവിടെ കൊണ്ടു വന്നതിനെ പ്രത്യേകം അഭിനന്ദിക്കുന്നു. വിദ്യാർത്ഥികളുടെ ഗവേഷണങ്ങളെ ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുള്ള സംവിധാനമായ technolgy transfer cell കുട്ടികൾക്ക് വളരെ പ്രയോജനപ്പെടും. ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതും ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതും ഹരിതോർജ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കും. നാലു വർഷ ബിരുദപ്രോഗ്രാമുകൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ആ രംഗത്തെ സുസജ്ജമായി പ്രവർത്തിക്കാൻ സഹായിക്കും. ബഡ്ജറ്റിനെ പൂർണമായും പിന്തുണക്കുന്നു.

## Dr. Ajesh S R

സർവകലാശാലയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങളാകെ പ്ലാൻ ചെയ്യുന്ന ബഡ്ജറ്റ് പഠിക്കുന്നതിനും അഭിപ്രായം രേഖപ്പെടുത്തുന്നതിനും പരിമിതമായ സമയമാണ് അംഗങ്ങൾക്ക് ലഭിക്കുന്നത്. ഈ സിസ്റ്റം നല്ല രീതിയിൽ പുന്നോട്ട് പോകുന്നതിനുള്ള ഉപാധികളായി ഈ യോഗങ്ങൾ മാറണം. ഒരു വർഷത്തെ സർവകലാശാലയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള Audit Report ചർച്ച ചെയ്യുന്നതിനുള്ള ഒരവസരവും ഇവിടെ നൽകുന്നില്ല. പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള അവസരമാണ് നഷ്ടമാകുന്നത്. സർവകലാശാലാ സെക്ഷനുകളിലേക്ക് ഫോൺ വിളിച്ചാൽ ആരും എടുക്കാറില്ല. എന്നാൽ BSNL ന്റെ ഫോൺ കണക്ഷൻ വർക്ക്

ചെയ്യുന്നില്ലങ്കിലും ലക്ഷക്കണക്കിന് രൂപ BSNL ന് കൊടുക്കുന്നതായി Audit Report ൽ പറയുന്നുണ്ട്. ഇത് ഒരു ഉദാഹരണം മാത്രമാണ്. പബ്ലിക് ഫണ്ടിന്റെ ദുരുപയോഗം സൂചിപ്പിക്കുന്ന Audit Report കൾ ചർച്ച ചെയ്യേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞ വർഷങ്ങളിലെ പല പദ്ധതികളും ആവർത്തിക്കുന്ന കാഴ്ചയാണ് ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കുന്നത്. കേരള സർവകലാശാലയുടെ പഠനഗവേഷണ കേന്ദ്രം കൊല്ലത്ത് തുടങ്ങുന്നതിന് 1 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. ഈ വർഷവും 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയോ എന്ന് സംശയമുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് കഴിഞ്ഞ വർഷം 4 ലക്ഷം രൂപയും ഈ വർഷം 10 ലക്ഷം രൂപയും നൽകുകയാണ്. സ്റ്റാർട്ടപ്പുകൾ സർവകലാശാലയിൽ ഒതുങ്ങാതെ അഫിലിയേറ്റഡ് കോളേജുകളിൽ കൂടി ആരംഭിക്കണമെന്ന് അധികാരികളോടാവശ്യപ്പെടുകയാണ്. പീനട്ട് ചെടി വച്ച് പിടിപ്പിക്കാൻ ഈ വർഷം ലക്ഷങ്ങൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പാളയം ക്യാമ്പസിലെ മരങ്ങളിൽ ഹൈബ്രിഡ് ഓർക്കിഡ് വച്ച് പിടിപ്പിക്കുന്നതിനായിരുന്നു തുക അനുവദിച്ചത്. അത്തരത്തിലുള്ള ആവർത്തനം ഒഴിവാക്കേണ്ടതാണ്. കൊല്ലം ജില്ലയിലെ താപവ്യതിയാനത്തെക്കുറിച്ച് പഠിക്കാൻ കഴിഞ്ഞ വർഷവും ഭൂഗർഭജല സമ്പത്തിനേക്കുറിച്ച് പഠിക്കാൻ ഈ വർഷവും തുക അനുവദിച്ചിരിക്കുന്നത് നല്ല കാര്യമാണ്. ശാസ്താംകോട്ട കായലിന്റെ സംരക്ഷണത്തിന് ഇതിൽ നിന്നൊരു വിഹിതം മാറ്റിവക്കണമെന്നഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷം തുക അനുവദിച്ച സെനറ്റേഴ്സ് ലോഞ്ച് ഇതുവരെ നടപ്പിലായിട്ടില്ല. കാര്യവട്ടം ക്യാമ്പസിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസേഴ്സിന് ലോഞ്ച് സ്ഥാപിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അവിടെ സെനറ്റ് മെമ്പേഴ്സിന് ഇരിക്കുന്നതിനുള്ള സ്ഥലം കൂടി അനുവദിക്കണമെന്നഭ്യർത്ഥിക്കുന്നു.

**Dr. Vinodkumar T.G. Nair**

കഴിഞ്ഞ 5 ബഡ്ജറ്റുകൾ അവതരിപ്പിക്കുമ്പോൾ സെനറ്റിലുണ്ടായിരുന്ന ഞാൻ കഴിഞ്ഞ 5 പ്രാവശ്യവും Action Taken Report ആവശ്യപ്പെട്ടെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അൽഷിമേഴ്സ് പ്രതിരോധിക്കാൻ ആൻഡമാനിലെ നിമ ആന്റമാനിക്ക വൃക്ഷത്തിന്റെ ഇലകൾ ഫലപ്രദത്തെ പഠനത്തിന് സഹായം നൽകും എന്ന് പറഞ്ഞിരിക്കുന്നു. ആൻഡമാനിൽ വളരുന്ന ചെടി മറ്റൊരു ഹാബിറ്റാറ്റിലേക്ക് മാറ്റിയാൽ അത് ഉപയോഗപ്രമാകണമെന്നും അതിന്റെ ക്വാളിറ്റി കിട്ടണമെന്നുമില്ല. ഇതെല്ലാം ചർച്ച ചെയ്തിട്ടാണോ തീരുമാനമെടുത്തതെന്നറിയില്ല. അതുപോലെ ഹിസ്റ്റോപാത്തോളജി ലാബ് സ്ഥാപിച്ച് ബ്രെസ്റ്റ് ക്യാൻസർ നിർണയ ഗവേഷണം നടത്തുമെന്ന പ്രഖ്യാപനം. ഇവിടെ ആർസിസി യിൽ ഇത് സംബന്ധിച്ച പഠനം നടക്കുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുള്ളപ്പോൾ ഇതുപോലെ അനാവശ്യമായി കാശ് ചിലവാക്കേണ്ട കാര്യമില്ല. ഇതുപോലെ നിരവധികാര്യങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പലവിധ റിസർച്ചുകളും നടക്കുന്നുണ്ട്. അതേ വിഷയങ്ങളിൽ ഇവിടെ റിസർച്ചുകൾ ചെയ്യുന്നതു പോലുള്ള ആവർത്തനങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കണം. പരമ്പാരഗത നെല്ലിനങ്ങളേക്കുറിച്ച് സമഗ്ര ഡേറ്റാ ബേസ് തയ്യാറാക്കുമെന്ന് പറഞ്ഞിരിക്കുന്നു. മങ്കൊമ്പിലെ regional rice institute ലും, പീലിക്കോട് പട്ടാമ്പി എന്നിവടങ്ങളും ഇൻസ്റ്റിറ്റൂട്ടുകളിലും നടക്കുന്ന ഗവേഷണങ്ങളുമായി ഇത് cross check ചെയ്യുന്നത് നല്ലതായിരിക്കും. സർവകലാശാലയുടെ പാളയം ക്യാമ്പസിലും കാര്യവട്ടത്തും പീനട്ട് ചെടികളുടെ ഉദ്യാനം തീർക്കുന്നതിന് ബഡ്ജറ്റിൽ തുക അനുവദിച്ചിരിക്കുന്നു. അതിന്റെ പൂവിന് വലിയ ഭംഗിയൊന്നുമില്ല. കായ് പെട്ടെന്ന് കൊഴിയുകയും ചെയ്യും. പീനട്ട് ചെടി ഒരു exotic species ആണ്. ആസ്ട്രേലിയയിലൊക്കെയാണ് കൂടുതലായി വളരുന്നത്. നല്ല ഭംഗിയുള്ള പുഷ്പങ്ങൾ ഉണ്ടാകുന്ന തദ്ദേശീമായ ചെടികൾ ഉള്ളപ്പോൾ എന്തിനാണ് exotic species

ആയിട്ടുള്ള ചെടികൾ വച്ചുപിടിപ്പിക്കുന്നത്. കൂടാതെ അത്തരം ചെടികൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാനും കാരണമാകും. സർവകലാശാലയിൽ സിന്തറ്റിക് ട്രാക്ക് നവീകരിക്കാൻ 1 കോടി രൂപ മാത്രം അനുവദിച്ചിട്ട് കാര്യമില്ല. അതുപോലെ അന്താരാഷ്ട്ര യോഗാ ദിനം സംഘടിപ്പിക്കുന്നതിന് 7 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ആയുഷ്മന്ത്രാലയം ഇതിന് തുക അനുവദിച്ചിരിട്ടുണ്ട്. അതിനാൽ നമ്മൾ പ്രത്യേകം തുക ചിലവിടേണ്ട ആവശ്യമില്ല. സൗദി അറേബ്യയിൽ വരെ യോഗ പ്രാക്ടീസ് ചെയ്യുന്നുണ്ട്. യോഗക്ക് മത, ജാതി, വർഗ്ഗ, വർണ്ണ, ലിംഗ വ്യത്യാസമില്ലന്ന് പ്രത്യേകം പറയേണ്ട കാര്യമില്ല.

### Dr. Sree Prasad R

കർമ്മണി വ്യജ്യതേ പ്രജ്ഞ. True wisdom is not just knowledge. But it is proper application and demonstration. നിർഭാഗ്യവശാൽ ഇവിടെ അത് നടക്കുന്നില്ല. കഴിഞ്ഞ വർഷം അവതരിപ്പിച്ചതിന്റെ Action Taken Report submit ചെയ്തിട്ടില്ല. ഈ വർഷവും കുറേ കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം സിലോണിൽ ശ്രീനാരായണ ഗുരുദേവൻ നടത്തിയ സന്ദർശനത്തിന്റെ നൂറാം വാർഷികവുമായി ബന്ധപ്പെട്ട് നടത്തിയ പ്രഖ്യാപനത്തിൽ എന്താണ് ചെയ്ത് തീർത്തതെന്നറിയില്ല. ഈ ബഡ്ജറ്റിലും ചട്ടമ്പി സ്വാമി ഗവേഷണ കേന്ദ്രത്തിനും ശ്രീനാരായണ ഗുരു ഗവേഷണ കേന്ദ്രത്തിനും തുക അനുവദിച്ചിരിക്കുന്നത് വെറുതേയാകുമോ എന്നുമറിയില്ല. നമ്മുടെ equal opportunity cell ന് ഹെലൻ കെല്ലറിനേപ്പോലെയുള്ള ഏതെങ്കിലും റോൾ മോഡലിന്റെ പേര് കൊടുത്ത് യുജിസിയുടെ മാനദണ്ഡ പ്രകാരം ദിവ്യാംഗൻ സെന്ററായിട്ട് മാറ്റണം എന്നഭ്യർത്ഥിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയത്തേക്കുറിച്ച് ബഡ്ജറ്റിൽ പരാമർശിക്കാത്തത് നിരാശാജനകമാണ്. NEP സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള യോഗത്തിനു ശേഷം തുടർപ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. FYUGP യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ദേശീയ വിദ്യാഭ്യാസനയവുമായി ബന്ധപ്പെട്ട് അടുത്ത ഒരു വർഷം സർവകലാശാലയിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്കായി NEP സെൽ രൂപീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

### Prof.(Dr.) K Bijukumar

കല, സംസ്കാരം, സമൂഹം, പരിസ്ഥിതി, ഗവേഷണം, ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടു ത്തൽ, ലോകസമാധാനം തുടങ്ങി സമസ്തമേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബഡ്ജ റ്റാണ് ഇത്. ബഡ്ജറ്റിന്റെ ആമുഖത്തിൽ പറയുന്നത് കഴിഞ്ഞ വർഷത്തെ വരവും ചിലവുമായി കണക്കാക്കിയത് 665 കോടി രൂപയാണെന്നാണ്. അതിൽ 3 ൽ 2 ഭാഗവും കേരള സർക്കാരിന്റെ ഗ്രാന്റാണ്. അത് സർക്കാരിന്റെ പ്രതിബദ്ധതയാണ് കാണിക്കുന്നത്. ലഹരി വിരുദ്ധ സൗഹൃദക്ലബുകൾക്ക് 50 ലക്ഷം, നാലുവർഷ ബിരുദ കോഴ്സുകളുടെ On screen valuation ന് 50 ലക്ഷം, NSS ഉം ആയി ബന്ധപ്പെട്ട് Student palliative club ന് 20 ലക്ഷം, നാലുവർഷ ബിരുദ കോഴ്സുകളുടെ ചോദ്യബാങ്ക് തയ്യാറാക്കുന്നതിന് workshop സംഘടിപ്പിക്കുന്നതിന് 20 ലക്ഷം അനുവദിച്ചത് തുടങ്ങി Affiliated College കൾക്ക് വളരെയധികം പരിഗണന ലഭിച്ച ബഡ്ജറ്റാണിത്. ഭിന്നശേഷി സൗഹൃദ അന്തരീക്ഷം കോളേജുകളിൽ ഒരുക്കുന്നതിനുവേണ്ടി നേരത്തെ യുജിസി ഫണ്ട് നൽകുമായിരുന്നു. യുജിസി ഫണ്ട് നൽകുന്നത് നിർത്തലാക്കിയതിനാൽ എയ്ഡഡ് കോളേ ജുകൾക്ക് ഭിന്നശേഷി സൗഹൃദ ക്യാമ്പസുകൾ ഒരുക്കാൻ സർവകലാശാല ഫണ്ട് നൽകണമെന്നഭ

ൃർത്ഥിക്കുന്നു. Four Year UG Programme ന് നിരവധിയായിട്ടുള്ള ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. അതുപോലെ പിജി സിലബസും കരിക്കുലവും പരിഷ്കരിക്കാൻ ആവശ്യമായ തുക ബഡ്ജറ്റിൽ മാറ്റി വയ്ക്കണമെന്നഭ്യർത്ഥിക്കുന്നു. സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന് കേരള സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുപോലെ ഈ ബഡ്ജറ്റിൽ 1 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. ക്വിസ്റ്റ് ഫോർ സ്പോർട്സ് ടാലന്റ് പദ്ധതിക്ക് 15 ലക്ഷവും അന്തർസർവകലാശാല കായിക മത്സരങ്ങൾ സംഘടിപ്പിക്കാൻ 25 ലക്ഷവും അനുവദിച്ചതുൾപ്പെടെ സ്പോർട്സിനെ മുന്നോട്ട് നയിക്കുന്ന ഒരു ബഡ്ജറ്റാണിതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

## Dr. Vinod K Joseph

അക്കാദമിക് കാര്യങ്ങൾക്ക് ലക്ഷങ്ങൾ, റോഡ്, ജിം, സ്വിമ്മിങ്ങ് പൂൾ എന്നിവ നിർമ്മിക്കാൻ കോടികൾ എന്നതാണ് ബഡ്ജറ്റിനെക്കുറിച്ച് ഒറ്റ വാക്കിൽ പറയാൻ കഴിയുന്നത്. സർവകലാശാലക്ക് ഫണ്ട് കുറവായതിനാൽ ഫീസ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ 2 കോടി രൂപ മുടക്കി പ്രതിമ പണിയുന്നത് ശരിയാണോ എന്നാലോചിക്കണം. ലഹരിക്കെതിരേ സത്യവാങ്മൂലം വാങ്ങിക്കുന്നതുപോലെ വയലൻസിനെതിരേയും വാങ്ങിക്കണമെന്നഭ്യർത്ഥിക്കുന്നു.നമ്മുടെ കേളേജുകളിൽ വയലൻസ് കൂടി വരുന്നതിനാൽ അതിനെതിരേയും നടപടി ഉണ്ടാകണമെന്നാവശ്യപ്പെടുന്നു. കാര്യവട്ടത്ത് കോഴ്സ് കഴിഞ്ഞിട്ടും ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളെ പുറത്താക്കിയാൽ അവിടുത്തെ ഹോസ്റ്റലിനെ സംബന്ധിച്ച പ്രശ്നങ്ങൾ അവസാനിക്കും. അദ്ധ്യാപകരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഗണിക്കണമെന്നും അവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്നും ആവശ്യപ്പെടുന്നു. മാറുന്ന കേരളത്തിലെ ലഹരി, റാഗിങ്ങ്, ക്യാമ്പസുകളിലേയും വീടുകളിലേയും കൊലപാതകങ്ങൾ എന്നിവ പഠനവിധേയമാക്കണം. യുജിസി റെഗുലേഷൻ പ്രകാരം ഗവേഷണ കേന്ദ്രത്തിൽ വച്ചു തന്നെ പ്രീ സബ്മിഷനും ഓപ്പൺ ഡിഫൻസും നടത്തണമെന്നാവശ്യപ്പെടുന്നു. ഇപ്പോൾ തുടർന്നുവരുന്ന രീതി യുജിസി മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. കഴിഞ്ഞ വർഷത്തെ അക്കാഡമിക് ടൂറിസം പദ്ധതി പ്രകാരം എത്ര ടൂറിസ്റ്റുകൾ കാര്യവട്ടം ക്യാമ്പസ് സന്ദർശിച്ചു എന്നറിയിക്കണമെന്നഭ്യർത്ഥിക്കുന്നു.

## Adv. Manju V K

ബഡ്ജറ്റിലെ 144 ഇനങ്ങളിൽ പലതും ആവർത്തിക്കപ്പെട്ടവയാണ്. പലതും നടപ്പിലായിട്ടില്ല. കഴിഞ്ഞ വർഷം സൗന്ദര്യവൽക്കരണത്തിന് മരങ്ങളിൽ ഓർക്കിഡ് ചെടികൾ വച്ചു പിടിപ്പിക്കുമെന്ന പ്രഖ്യാപനം, ഇന്റർനാഷണൽ സയൻസിന്റെ മേഖലയിൽ ഉൾപ്പടെ നാലോ അഞ്ചോ കോൺക്ലേവുകൾ നടത്തുമെന്ന പ്രഖ്യാപനം ഒന്നും തന്നെ നടപ്പിലായതായി കാണുന്നില്ല. ഇപ്രാവശ്യം അന്താരാഷ്ട്ര സമാധാനത്തിനുള്ള കോൺക്ലേവാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നടപ്പിലാകുമോ എന്നറിയില്ല. കഴിഞ്ഞ തവണത്തെ ചിലന്തികളെ ഉപയോഗിച്ചുള്ള കീടനിയന്ത്രണം എങ്ങനെയാണ് നടപ്പിലാക്കിയത്?. CSR ഫണ്ട് ആകർഷിക്കാൻ 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. എത്ര രൂപ കിട്ടിയെന്നറിയില്ല. കാര്യവട്ടത്ത് കെട്ടിടങ്ങളെ ബന്ധിപ്പിച്ച് മേൽപ്പാലം നിർമ്മിക്കുന്നതും നടപ്പാകാത്ത പ്രഖ്യാപനമാണ്. കഴിഞ്ഞ വർഷം ഇലക്ട്രിക് ബഗ്ഗി കാർ വാങ്ങുന്നതിന് 30 ലക്ഷം രൂപ അനുവദിച്ചതുപോലെ ഈ വർഷവും 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 66 ാമത്തെ ഇനത്തിലെ കാര്യം തന്നെ 126ാമത്തെ ഇനത്തിലും ആവർത്തിച്ചിരിക്കുകയാണ്. കൗൺസിലിംഗ് സൈക്കോളജിയിൽ പിജി കോഴ്സ് തുടങ്ങും എന്നാണ് 26ാമത്തെ ഇനത്തിൽ പറഞ്ഞിരിക്കുന്നത്.

ശാസ്തീയമായി കൗൺസിലിംഗ് നടത്താൻ യോഗ്യരായവരെ സൃഷ്ടിക്കാനുതകുന്ന തരത്തിൽ കോഴ്സ് തുടങ്ങും എന്നാണ് പറഞ്ഞിരിക്കുന്നത്. കേരള സർവകലാശാല നടത്തുന്ന സൈക്കോളജിയിലെ ബിരുദാനന്തര ബിരുദ കോഴ്സ് കൗൺസിലർ ആയി ജോലി ചെയ്യുന്നതിനുള്ള മതിയായ യോഗ്യതയാണന്ന് 23 വർഷം മുമ്പ് കേരള സർവകലാശാലയിൽ നിന്ന് സൈക്കോളജിയിൽ ബിരുദാനന്തര ബിരുദ കോഴ്സ് പാസായതിനു ശേഷം സ്കൂളുകൾ, കോളേജുകൾ, ഹോസ്പിറ്റലുകൾ എന്നിവടങ്ങളിൽ വർക്ക് ചെയ്ത ആളെന്ന നിലയിൽ എനിക്ക് പറയാൻ സാധിക്കും. ഏവിയേഷൻ സൈക്കോളജിയിലെ കോഴ്സ് അതുപോലെ ഓർഗനൈസേഷൻ സൈക്കോളജിയിലെ കോഴ്സ് തുടങ്ങിയ വ്യത്യസ്തമായ കാര്യങ്ങളാണ് നമ്മൾ നോക്കേണ്ടത്. എംജി സർവകലാശാല തിരുവനന്തപുരത്ത് മെന്റൽ ഹെൽത്ത് നടത്തിയിരുന്ന എം.ഫിൽ ക്ലിനിക്കൽ സൈക്കോളജി കോഴ്സ് കേരള ഹൈക്കോടതിയിലെ കേസ് മൂലം നിന്നുപോയ അവസ്ഥയാണ്. തിരുവനന്തപുരത്ത് മെന്റൽ ഹെൽത്ത് സെന്ററും മെഡിക്കൽ കോളേജും ലഭ്യമായ സ്ഥിതിക്ക് ഇത്തരം കോഴ്സിനേക്കുറിച്ച് ചിന്തിക്കുന്നതിന് മുൻപ് ക്ലിനിക്കൽ സൈക്കോളജിയിലെ എം.ഫിൽ കോഴ്സിനേക്കുറിച്ച് ചിന്തിക്കുന്നതായിരിക്കും നല്ലത്.

### Dr. Nithya U S

FYUGP online valuation, ലഹരി വിരുദ്ധ സത്യവാങ്മൂലം, റിസർച്ച് സ്ലാബ്, ഇലക്ട്രിക് വാഹനങ്ങൾ തുടങ്ങി ആനുകാലികവും സാമൂഹ്യപ്രതിബദ്ധത ഉയർത്തുന്നതുമായ ഒട്ടനവധി കാര്യങ്ങൾ അടങ്ങിയ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. കേരളസർവകലാശാല പഠനഗവേഷണകേന്ദ്രം കൊല്ലത്ത് ആരംഭിക്കുന്നത് ആവശ്യമായ മുന്നൊരുക്കത്തോടു കൂടി മാത്രമേ ആകാവൂ എന്നഭ്യർത്ഥിക്കുന്നു. എങ്കിൽ മാത്രമേ അതിന്റെ ഉദ്ദേശ ലക്ഷ്യംപൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഡോക്ടറേറ്റ് ബിരുദധാരികളുടെ കോൺവൊക്കേഷൻ പരിപാടിയിൽ ഗവൺമെന്റ്, എയ്ഡഡ് കോളേജിലെ Ph.D ബിരുദധാരികളെക്കൂടി ഉൾപ്പെടുത്തണം. സ്വാശ്രയ സ്ഥാപനങ്ങളിലെ അധ്യാപകരുടെ സ്ഥിരതക്കോ തുടർച്ചക്കോ യാതൊരുറപ്പുമില്ലാത്ത സാഹചര്യത്തിൽ അവർക്ക് പരികീലനം നൽകുന്ന കാര്യം ഒന്നുകൂടി ആലോചിക്കേണ്ടതാണ്. Industrial Collaboration, Foreign University Collaboration, Infrastructure development, waste management, SC/ST development തുടങ്ങിയ കാര്യങ്ങൾക്ക് കുറച്ചുകൂടി പ്രാധാന്യം നൽകേണ്ടതായിരുന്നു. കൊമേഴ്സ് വകുപ്പിന്റെ ലൈബ്രറി വികസനത്തിന് തുക വകയിരുത്തിയത് നല്ല കാര്യമാണ്. പ്രീസബ്മിഷൻ, ഓപ്പൺ ഡിഫൻസ് തുടങ്ങിയ കാര്യങ്ങൾക്കായി ഒരു റിസർച്ച് ഗൈഡ് എന്ന നിലയിൽ കൊമേഴ്സ് ഡിപ്പാർട്ട്മെന്റിൽ പോകുമ്പോൾ അവിടത്തെ ഇന്റർനെറ്റ് സൗകര്യം പോലെയുള്ള Infrastructure facilities വളരെ മോശമായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. അതിൽ ഒരു ഇടപെടൽ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. റിസർച്ചും മറ്റ് ആക്ടിവിറ്റീസും എയ്ഡഡ് കോളേജുകളിലുമുണ്ട്. എന്നാൽഎയ്ഡഡ് കോളേജുകൾക്ക് മതിയായ പിന്തുണ ബഡ്ജറ്റിൽ നൽകിയിട്ടില്ല. പോസിറ്റീവായ കാര്യങ്ങൾ വളരെയേറെയുള്ളതിനാൽ ബഡ്ജറ്റിനെ പിന്തുണക്കുന്നു.

### Sri. P S Gopakumar

നമ്മൾ അഭിമുഖീകരിക്കുന്ന രണ്ട് പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ചാൻസിലർ ഇവിടെ സൂചി പ്പിച്ചു. ഒന്ന് ലഹരിയുടെ ഉപയോഗവും രണ്ട് നമ്മുടെ യുവതലമുറ ഉന്നതവിദ്യാഭ്യാസത്തിനായി നാട് ഉപേക്ഷിച്ച് വിദേശത്തേക്ക് പോകുന്നതും. ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള

കാതലായ നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിൽ ഇല്ല. ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ ലക്ഷ്യം വിദ്യാഭ്യാസത്തിന്റെ ഭാരതവൽക്കരണമാണ്. ബഡ്ജറ്റിന്റെ ആമുഖത്തിൽ വിദ്യാഭ്യാസ ചിന്തകൻമാരായിട്ട് കോട്ട് ചെയ്തിരിക്കുന്നത് ഗ്രാംഷിയേയും മാർക്സിനേയുമൊക്കെയാണ്. ഭാരതീയ ആചാര്യൻമാരായ അരവിന്ദ മഹർഷി, വിവേകാനന്ദൻ, എന്നിവരെ ആരേയും ഗാന്ധിജിയെപ്പോലും പരാമർശിക്കാത്തത് ഭാരതവൽക്കരണത്തിന് മുഖം തിരിഞ്ഞു നിൽക്കുന്നതിന് ഉദാഹരണമാണ്. സംസ്കൃതത്തിലുള്ള കർമ്മണി വ്യജ്യതേ പ്രജ്ഞ എന്ന നമ്മുടെ ആപ്തവാക്യം സംസ്കൃതത്തെ അന്ധമായി എതിർക്കേണ്ടതില്ല എന്ന ഓർമ്മപ്പെടുത്തലാണ്. എന്നാൽ ആ ആപ്തവാക്യം തെറ്റായി ആണ് ബഡ്ജറ്റിന്റെ ആമുഖത്തിൽ അച്ചടിച്ചിരിക്കുന്നത്. അത് തിരുത്തണമെന്നാവശ്യപ്പെടുന്നു. ലോക സമാധാനത്തിന് വളരെ കൃത്യമായതും മാതൃകാപരവുമായതുമായ പ്രവർത്തനങ്ങളാണ് രാജ്യം നടത്തുന്നത്. പല സംഘർഷങ്ങളിലും മധ്യസ്ഥത വഹിക്കുന്നതുപോലെ വിപുലങ്ങളായ കാര്യങ്ങൾ രാജ്യം ചെയ്യുന്ന സമയത്ത് അതിന്റെ ഭാഗമായി നമ്മളും നിൽക്കേണ്ടതാണ്. അതിനാൽ ലോകസമാധാനത്തിന് കോൺക്ലേവ് നടത്തുന്നതിന് തുക അനുവദിക്കുന്നതുപോലുള്ള അനാവശ്യ ചിലവുകൾ ഒഴിവാക്കേണ്ടതാണ്. കേരളത്തിലെ 3 സർവകലാശാലകൾക്ക് PM USHA സ്കീമിൽ ഉൾപ്പെടുത്തി 100 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിന് ഫണ്ട് അനുവദിച്ചതിൽ മുഖ്യമന്ത്രിയേയും ധനകാര്യമന്ത്രിയേയും പോലെ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ശ്രീ. ധർമേന്ദ്ര പ്രധാനും കൂടി അഭിനന്ദനമർഹിക്കുന്നു.

### Dr. S R Divya

കായിക വിദ്യാഭ്യാസത്തിന് നൽകുന്ന പ്രാധാന്യം പ്രശംസനീയമാണെങ്കിലും കഴിഞ്ഞ വർഷത്തെ പദ്ധതികളൊന്നും പ്രാവർത്തികമാക്കിയിട്ടില്ല. ഹോസ്റ്റലുകളേക്കുറിച്ച് ഒരുപാട് പരാമർശമുണ്ടങ്കിലും സ്പോർട്സ് ഹോസ്റ്റലുകളൊന്നും അനുവദിച്ചു നൽകുന്നില്ല. കഴിഞ്ഞ വർഷം കേരള സർവകലാശാല അന്തർദേശീയ മത്സരത്തിന് ആതിഥേയത്വം വഹിച്ചപ്പോൾ അഭിമുഖീകരിച്ച പ്രധാന പ്രശ്നം ഹോസ്റ്റലിന്റേതായിരുന്നു. ഈ അനുവദിക്കുന്ന ഹോസ്റ്റലുകൾ അവധി സമയത്ത് മത്സരങ്ങൾ നടക്കുമ്പോൾ ആ സമയത്തു കൂടി വിദ്യാർത്ഥികൾക്ക് നൽകണമെന്നഭ്യർത്ഥിക്കുന്നു. നമ്മുടെ സ്റ്റേഡിയം നവീകരിക്കുമ്പോൾ അതിനോടൊപ്പം ഒരു സ്പോർട്സ് ഹോസ്റ്റൽ കൂടി നിർമ്മിക്കണമെന്നഭ്യർത്ഥിക്കുന്നു.

### Sri. Firos Khan

ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ എല്ലാ മേഖലകളും അതീവ പ്രാധാന്യത്തോടെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഏറെ പ്രത്യേകതകൾ ഉള്ളതും skill ന് ഒരുപാട് പ്രാധാന്യം നൽകുന്നതും നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്നതുമാണ് ബഡ്ജറ്റ്. 4 വർഷ ബിരുദ പ്രോഗ്രാമുകൾ കേരള സർവകലാശാലയിലും അഫിലിയേറ്റഡ് കോളേജുകളിലും നടന്നുവരുന്നു. ഈ കോഴ്സുകൾ നടപ്പിലാക്കുന്ന രീതിയിലും കോഴ്സുകൾ നടത്തുന്നതിന്റെ ആശയവും ആവശ്യകതയും കുട്ടികൾക്ക് കൈമാറാനുതകുന്ന തരത്തിലുള്ള ട്രയിനിംഗ് അധ്യാപകർക്ക് നൽകേണ്ടതാണ്. അതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തണമെന്നഭ്യർത്ഥിക്കുന്നു. On Screen Valuation ന് ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയത് നല്ലകാര്യമാണ്. സാങ്കേതിക വിദ്യയുടെ ഈ കാലത്ത് നമ്മൾ അതിനോടൊപ്പം സഞ്ചരിക്കുകയും ഇത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം. അഫിലിയേറ്റഡ് കോളേജുകളിലെയും young scientist കളെക്കൂടി അഭിനന്ദിക്കുന്ന രീതിയിലുള്ള

പ്രോഗ്രാമിന് ഊന്നൽ നൽകിയാവണം young scientist conclave സംഘടിപ്പിക്കുന്നത്. സർവകലാശാലയിലെ ഡോക്ടറേറ്റ് ബിരുദധാരികൾക്കും പഠനവകുപ്പിലെ വിദ്യാർത്ഥികൾക്കും 2025 മുതൽ കോൺവൊക്കേഷൻ നടത്തും എന്ന് പറഞ്ഞിരിക്കുന്നു. ഇത് കോളേജുകളിലെ വിദ്യാർത്ഥികളും വളരെ നാളുകളായി ആവശ്യപ്പെടുന്നതാണ്. Convocation നടത്തുന്നതിനുള്ള നിർദ്ദേശം സർവകലാശാല നൽകിയാൽ കോളേജുകൾക്ക് അത് നല്ല രീതിയിൽ സംഘടിപ്പിക്കാൻ സാധിക്കും. ബഡ്ജറ്റ് എന്ന് പറയുന്നത് estimated income ഉം estimated expenditure ഉം ആണ്. അതിനാൽ ബഡ്ജറ്റിൽ പറയുന്ന ചില കാര്യങ്ങൾ അതേപോലെ നടത്താൻ കഴിഞ്ഞെന്നുവരില്ല. അത്തരം കാര്യങ്ങൾ അടുത്ത ബഡ്ജറ്റിൽ ആവർത്തിക്കുന്നതിൽ തെറ്റില്ല. 3 വർഷത്തേയും 5 വർഷത്തേയും റിസർച്ച് സ്ലാബ് ഏർപ്പെടുത്തിയത് സ്വാഗതം ചെയ്യുന്നു. 3 വർഷത്തേക്ക് 25000 രൂപ ഫെലോഷിപ്പും വീതവും 5 വർഷത്തേക്ക് 15000 രൂപ വീതവും. ഇതിൽ ആകൃഷ്ടരായി കുട്ടികൾ 3 വർഷംകൊണ്ട് റിസർച്ച് പൂർത്തിയാക്കുകയാണെങ്കിൽ അത് റിസർച്ചിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കുകയും അത് മറ്റ് കുട്ടികൾക്ക് inspiration ആവുകയും ചെയ്യും. സർവതലസ്പർശിയായ ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

**Dr.Soju S**

ഇന്ത്യയിലെ ഏറ്റവും മികച്ച State യൂണിവേഴ്സിറ്റികളിൽ ഒന്നായ കേരള സർവകലാശാലക്ക് ഏറ്റവും അനുയോജ്യമായ ബഡ്ജറ്റാണ് ഇന്നിവിടെ അവതരിപ്പിച്ചത്. 844 കോടി രൂപ അടങ്കൽ തുകയുള്ള ബഡ്ജറ്റിൽ യുജിസി വിഹിതം 3 കോടി 60 ലക്ഷം രൂപ മാത്രമാണന്നുള്ള കാര്യം കാണാതെ പോകാൻ കഴിയില്ല. ദേശീയ വിദ്യാഭ്യാസ നയം 2020 ൽ പറഞ്ഞിട്ടുള്ള ഒരു പ്രധാന കാര്യം 2030 ആകുമ്പോഴേക്കും 50000 ത്തോളം വരുന്ന കോളേജുകളെ merge ചെയ്യുകയോ അടച്ചുപൂട്ടുകയോ ചെയ്ത് 15000 multi disciplinary institutes ആക്കി മാറ്റണം എന്നതാണ്. അത് അംഗീകരിക്കാൻ സാധ്യമല്ല. കേരള സർവകലാശാലയിൽ നടപ്പിലാക്കിയതുപോലെ 4 വർഷ ബിരുദ പദ്ധതി ഇന്ത്യയിലെ ഒരു സംസ്ഥാനത്തും നടത്തിയിട്ടില്ല. UGC Curriculum Frame Work നെ അംഗീകരിച്ചുകൊണ്ടും കേരളത്തിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനുയോജ്യമായ തരത്തിൽ വൈവിധ്യമാർന്ന രീതിയിലുമാണ് FYUGP കേരള സർവകലാശാലയിൽ നടപ്പിലാക്കിയത്. 4 വർഷ ബിരുദ പ്രോഗ്രാമിന് ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയത് അഭിനന്ദനാർഹമാണ്. രണ്ടുവർഷം മുമ്പുള്ള question paper pattern അല്ല FYUGP യുടേത്. 2000 ത്തോളം അധ്യാപകരാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങിയത് അവരുടെ പ്രവർത്തിയെ വില കുറച്ചു കാണാൻ പാടില്ല. On screen valuation വന്നതുകൊണ്ട് ഫലപ്രഖ്യാപനത്തിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും. On screen valuation ന്റെതുപോലെ തന്നെ പേപ്പർ രഹിത അഡ്മിനിസ്ട്രേഷന്റെയും ഗുണഭോക്താവ് വിദ്യാർത്ഥികളാണ്. FYUGP യുടെ കരിക്കുലവും വിദ്യാർത്ഥി കേന്ദ്രീകൃതമാണ്. Cyber Law, Post graduate Diploma in Supply Chain തുടങ്ങിയ കാലോചിതമായ കോഴ്സുകൾ തുടങ്ങുന്നത് ഉചിതമായ തീരുമാനമാണ്. MSC Psychology എടുത്ത വിദ്യാർത്ഥികൾക്ക് Clinical Psychologist ആയിട്ട് പ്രാക്ടീസ് ചെയ്യാൻ സാധിക്കില്ല. കൗൺസിലിംഗ് സൈക്കോളജിയിൽ പിജി കോഴ്സ് തുടങ്ങുന്നത് നമ്മുടെ Psychology ബിരുദധാരികളായ കുട്ടികളെ സഹായിക്കുന്നതിനാണ്. Psychology Department നോട് ചേർന്ന് Occupational Therapy യിൽ ഡിപ്ലോമാ കോഴ്സുകൾ നടത്തുന്നതിനുകൂടി തുക വകയിരുത്തണമെന്നഭ്യർത്ഥിക്കുന്നു. പഠന ബോർഡുകൾക്ക് അന്താരാഷ്ട്ര

സെമിനാർ നടത്താൻ 20 ലക്ഷം രൂപ അനുവദിച്ചതിന് ഫിനാൻസ് കമ്മിറ്റി കൺവീനറെ അഭിനന്ദിക്കുന്നു. ഭരണഘടനാ സാക്ഷരത വിദ്യാർത്ഥികൾക്കും സെനറ്റംഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാവർക്കും നൽകുന്നതിനാവശ്യമായ നടപടികൾ സർവകലാശാല സ്വീകരിക്കേണ്ടതാണ്. Equal Opportunity Cell ന് അനുവദിച്ച തുക ഇരട്ടിയാക്കണമെന്നഭ്യർത്ഥിക്കുന്നു. Prof. Kunjaman Centre for development studies ന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തണം എന്നും അതൊരു multi disciplinaed centre ആയിട്ട് ഉയർത്തണമെന്നും ആവശ്യപ്പെടുന്നു. ബഡ്ജറ്റിനെ പൂർണമായും പിന്തുണക്കുന്നു.

**Dr. Sumesh Divakaran**

ഉന്നത വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ സമഗ്രമായ ഒരു ബഡ്ജറ്റാണ് ഇന്നിവിടെ അവസതരിപ്പിച്ചത്. കൃത്യമായി ദീർഘവീക്ഷണത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമാണ് external agency കൾ കേരള സർവകലാശാലക്ക് നൽകുന്ന ഉയർന്ന റാങ്കുകൾ. വിദ്യാർത്ഥികളുടെ അക്കാദമികവും സർഗാത്മകവുമായ പ്രവർത്തനങ്ങൾക്ക് ഉതകുന്ന വിവിധങ്ങളായ പദ്ധതികൾ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ചാൻസിലർ സൂചിപ്പിച്ച ഒരു പ്രധാന കാര്യം ലഹരിയെക്കുറിച്ചാണ്. കോളേജുകളിൽ സൗഹൃദ ക്ലബുകൾ സ്ഥാപിച്ച് ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിക്കുക, പുതിയ തലമുറയുടെ ലഹരി ഉപയോഗം സംബന്ധിച്ച് പഠനം നടത്തുക, ലഹരി വിരുദ്ധ ക്യാമ്പസിന് അവാർഡ് നൽകുക തുടങ്ങി വിവിധ പദ്ധതികൾ ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി കൂടിയേറ്റത്തെക്കുറിച്ച് പഠനം നടത്തിയാൽ മാത്രമേ അതിന്റെ കാരണം കൃത്യമായി കണ്ടെത്താൻ സാധിക്കുകയുള്ളൂ. കടൽ ഖനനത്തിന്റെ സാമൂഹ്യ സാമ്പത്തിക വശങ്ങളെപ്പറ്റി പഠനം നടത്തുന്നത്, കൊല്ലം ജില്ലയിലെ ഭൂഗർഭ ജലത്തിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തുന്നത്, മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് പഠനം നടത്തുന്നത്, ഇതെല്ലാം സൂചിപ്പിക്കുന്നത് സർവകലാശാലയുടെ സാമൂഹ്യ പ്രതിബദ്ധതയാണ്. വനിതാ ഹോസ്റ്റലിലും റിസർച്ചേഴ്സ് ഹോസ്റ്റലിലും കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുന്നതും അതുപോലെ കാര്യവട്ടം ക്യാമ്പസിൽ സിമ്മിംഗ് പൂൾ നിർമ്മിക്കുന്നതടക്കമുള്ള വികസന പദ്ധതികളും ബഡ്ജറ്റിലുണ്ട്. അൾഷിമേഴ്സിന് പ്രതിരോധമൊരുക്കാൻ ആന്റമാനിലെ നിമ ആന്റമാനിക്ക വൃക്ഷത്തിന്റെ ഇലകൾ ഫലപ്രദമെന്ന പഠനത്തിന് സഹായം നൽകുന്നതുൾപ്പെടെയുള്ള കാഴ്ചപ്പാടുകളെ അഭിനന്ദിക്കുന്നു. അഫിലിയേറ്റഡ് കോളേജുകളിലെ സ്ത്രീധന വിരുദ്ധ ക്യാമ്പയിനും ഫാമിലി കൗൺസിലിങ്ങും സമൂഹത്തെ ലക്ഷ്യം വച്ചുള്ള നല്ല പരിപാടികളാണ്. കൗൺസിലിംഗ് സൈക്കോളജിയിൽ പി.ജി കോഴ്സ് തുടങ്ങുന്നതിലൂടെ കൗൺസിലിംഗിനുള്ള വിദഗ്ധരുടെ അഭാവം പരിഹരിക്കാൻ സാധിക്കും. കാര്യവട്ടം ക്യാമ്പസിന്റെ സുരക്ഷക്കായി ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തുമ്പോൾ AI സാങ്കേതിക വിദ്യയിൽ ഊന്നിയുള്ള Image processing കൂടി അതിൽ ഉൾപ്പെടുത്തി automatic ആക്കുകയും ഒരു warning System കൂടി അതിന്റെ ഭാഗമാക്കണമെന്നും പറഞ്ഞുകൊണ്ട് ബഡ്ജറ്റിനെ പിന്തുണക്കുന്നു.

**Sri. Praveen G Panicker**

സർവകലാശാലയിലെ വിദ്യാർത്ഥികൾ, അധ്യാപകർ, ജീവനക്കാർ വിജ്ഞാനം നേടി പുറത്തേക്കിറങ്ങുന്ന സമൂഹം തുടങ്ങി എല്ലാവരേയും അതുപോലെ ഗവേഷണം, ഭൗതിക സാഹചര്യ

ങ്ങളുടെ വർദ്ധനവ്, കലാസാംസ്കാരികം, കായിക മേഖല തുടങ്ങി എല്ലാ മേഖലകളേയും സ്പർശിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു ബഡ്ജറ്റാണ് ഇത്. ലഹരിക്കടിപ്പെടുന്ന സമൂഹത്തേയും അതുപോലെ മറവിക്കടിപ്പെടുന്ന സമൂഹത്തേയും ഈ ബഡ്ജറ്റ് പരിഗണിച്ചിട്ടുണ്ട്. അൽഷിമേഴ്സിന്റെ പഠനത്തിന് ആൻഡമാനിൽ നിന്നും നിമ ആന്റമാനിക്ക എന്ന വൃക്ഷത്തിന്റെ ഇലകൾ ഉപയോഗിച്ചുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കപ്പെടുത്തേണ്ടതാണ്. ലോകം ഒന്നായിപ്പോകുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസത്തെ സങ്കുചിതമാക്കാതെ വിശാലമായ മാറ്റം കൊണ്ടുവരുന്നതിനുള്ള ഒരു കാഴ്ചപ്പാടാണ് ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ളത്. കേരളം പിന്തുടരുന്നത് ശാസ്ത്രീയവും പുരോഗമനപരവുമായിട്ടുള്ള വിദ്യാഭ്യാസമാണ്. ഞങ്ങളുടെ മാതൃകകൾ Issac Newton, Charles Darwin, Marie Curie, C V Raman, Gandhiji, Karl Marx തുടങ്ങിയവരാണ്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ദിശാബോധം നൽകുന്ന ഒന്നായി ഈ ബഡ്ജറ്റ് മാറുകയാണ്. കടമ്മനിട്ടയുടെ കവിതയിൽ പറയുന്നതുപോലെ ഉൾക്കണ്ണുള്ള ബഡ്ജറ്റാണ് ഇത്. വൈജ്ഞാനിക സമ്പദ്ഘടനയെ അടിസ്ഥാനപ്പെടുത്തി കേരളം മുന്നോട്ടുപോകുമ്പോൾ അതിന്റെ ഉൽപ്രേരകമാവാൻ പോകുന്നത് കേരള സർവകലാശാല ആയിരിക്കുമെന്നതിന് ഒരു തർക്കവുമില്ല. ബഡ്ജറ്റിനെ പൂർണമായും പിന്തുണക്കുന്നു.

**Dr. B. Asok**

സമസ്ത മേഖലകളെയും സ്പർശിച്ച സമഗ്രമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. സർവകലാശാലയിൽ 500 ഓളം പി എച്ച് ഡി കൾ ഒരു വർഷം നൽകുമ്പോൾ അതിൽ 80 ശതമാനവും അഫിലിയേറ്റഡ് കോളേജുകളിൽ നിന്നാണ്. അങ്ങനെയുള്ള അഫിലിയേറ്റഡ് കോളേജുകൾക്ക് അർഹമായ പ്രാധാന്യം ബഡ്ജറ്റിൽ നൽകിയത് സ്വാഗതാർഹമാണ്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കാര്യവട്ടം ക്യാമ്പസിൽ ഡ്രോൺ നിരീക്ഷണം ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനും നിലപാടെടുത്ത ഫിനാൻസ് കമ്മിറ്റി കൺവീനറെ അഭിനന്ദിക്കുന്നു. രാജ്യത്തിന് തന്നെ മാതൃകയാകുന്ന രീതിയിൽ കേരള സർവകലാശാലയെ മുന്നോട്ട് നയിക്കാൻ ഉപയുക്തമാണ് ഈ ബഡ്ജറ്റ്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിച്ചുകൊണ്ട് ബഡ്ജറ്റിനെ പിന്തുണക്കുന്നു.

**Dr. L. Darwin**

സമസ്ത മേഖലകളെയും സ്പർശിച്ച ഒരു ബഡ്ജറ്റാണ് ഇന്നിവിടെ അവതരിപ്പിച്ചത്. കാര്യവട്ടം ക്യാമ്പസിൽ ഭിന്നശേഷി കുട്ടികൾക്ക് വരാൻ സാധിക്കാത്ത തരത്തിൽ വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുകയാണ്. ഭിന്നശേഷി കുട്ടികൾക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. അതിനായി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്നഭ്യർത്ഥിക്കുന്നു. 16 കോഴ്സുകളാണ് കാര്യവട്ടത്ത് FYUGP യിൽ തുടങ്ങിയിരിക്കുന്നത്. പുതിയ കോഴ്സുകൾ തുടങ്ങുന്നതിനായി ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയതായി കാണുന്നില്ല. അതു കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് കുറച്ചുകൂടി വിപുലമാക്കണമെന്നപേക്ഷിക്കുന്നു.

**Dr. Aji P L**

ഒരു സർവകലാശാലക്ക് അതിന്റെ സാമ്പത്തിക നിലയിൽ നിന്നുകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങളെല്ലാം ഈ ബഡ്ജറ്റിൽ വന്നിട്ടുണ്ട്. കേരള സർവകലാശാലയെ അഖിലേന്ത്യാകലോത്സ

വത്തിൽ വിജയികളാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. ഇത്തരത്തിവുള്ള ബഡ്ജറ്റുകളുടെ അവതരണവും നടപ്പാക്കലുമാണ് ഈ സർവകലാശാലയെ ഇന്ത്യയിൽ 9 ാമത്തെ State University എന്ന നിലയിൽ എത്തിച്ചത്. അത് ഒന്നാം സ്ഥാനം ആകാൻ വലിയ കാലതാമസമില്ല. സമൂഹത്തിലെ തിൻമകളെ ഇല്ലായ്മ ചെയ്യാൻ പറ്റുന്ന ഒരു മീഡിയം ആണ് സ്പോർട്സ്. ആയതിനാൽ മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു സ്പോർട്സ് ലിറ്ററസി പ്രോഗ്രാം തുടങ്ങണം. അതുപോലെ കായികമേഖലയിലും കലാമേഖലയിലുമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തണം. കായിക മേഖലയിൽ ഇപ്പോഴുള്ള സ്കോളർഷിപ്പുകളുടെ എണ്ണം കൂട്ടണമെന്നും കായികമേഖലയിലും കലാമേഖലയിലും മികവു തെളിയിക്കുന്ന മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പ് നൽകണമെന്നുമാവശ്യപ്പെടുന്നു.

**ബഡ്ജറ്റിൻമേലുള്ള ചർച്ച അവസാനിച്ചതായി വൈസ്-ചാൻസിലർ അറിയിച്ചു. തുടർന്ന് മറുപടി പ്രസംഗത്തിനായി ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. ജി. മുരളീധരൻ പിള്ളയെ വൈസ്-ചാൻസിലർ ക്ഷണിച്ചു.**

## മറുപടി പ്രസംഗം

**അഡ്വ. ജി. മുരളീധരൻ പിള്ള**

ബഹുമാന്യരേ, ഞാൻ ഈ ബഡജറ്റ് അവതരിപ്പിച്ചു കൊണ്ട് അവസാനം പറഞ്ഞത് തലമുറയുടെ സാമൂഹിക, സാംസ്കാരിക വൈജ്ഞാനിക ജീവിതത്തെ ശാസ്ത്രീയവും, സർഗാത്മകവും, ക്രിയാത്മകയുമാക്കാവുന്നതിനുള്ള ഒടുങ്ങാത്ത ശ്രമങ്ങൾ ഇനിയും ഏറെ നമുക്ക് തുടരേണ്ടതുണ്ട് എന്നാണ്. അതിന് പര്യാപ്തമായ മികച്ചതും ജാഗ്രതാ പൂർണവുമായ നേതൃത്വപരമായ പങ്കുവഹിക്കേണ്ട സഭയാണ് ഇത്. ഈ ബഡ്ജറ്റിനെ ആ അർത്ഥത്തിൽ തന്നെ ഏറ്റെടുത്തു എന്നുള്ളതിൽ ഈ സഭയോടുള്ള അങ്ങേയറ്റത്തെ കടപ്പാട് ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

കഴിഞ്ഞ ബഡ്ജറ്റിന്റെ ആവർത്തനമാണ് ഈ ബഡ്ജറ്റ് എന്ന് പറയുന്നു. സർവകലാശാലയിലെ വകുപ്പുകളിലെ അക്കാദമികവും ഗവേഷണപരവുമായിട്ടുള്ള കാര്യങ്ങളാണ് ഓരോ ബഡ്ജറ്റിലും ഉൾക്കൊള്ളിക്കുന്നത്. അവരുടെ പഠന ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് അവർ നൽകുന്ന വ്യത്യസ്തമായ പ്രൊപ്പോസലുകളാണ് ഓരോ ബഡ്ജറ്റിലും അവതരിപ്പിക്കുന്നത്. ഉദാഹരണത്തിന് കായിക മേഖലയെക്കുറിച്ച് കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും പറയേണ്ടിവരും അതുപോലെ Cliff നെ ക്കുറിച്ച്. അതുപോലെയാണ് ബഡ്ജറ്റിലെ ഓരോ ഇനവും.

കഴിഞ്ഞ തവണ അവതരിപ്പിച്ച ബഡ്ജറ്റിൽ എത്ര ഇനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്ന് ചില അംഗങ്ങൾ സംശയം പ്രകടിപ്പിച്ചു. സാധാരണ ഗതിയിൽ മാർച്ച് 20 നും 30 നും ഇടയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റ് പൊതുതിരഞ്ഞെടുപ്പ് കാരണം ജൂൺ 18 നാണ് കഴിഞ്ഞ വർഷം അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തത്. അതു കഴിഞ്ഞ് ഉടൻ തന്നെ ബഡ്ജറ്റ് Implementation Committee കൂടുകയും പ്രൊപ്പോസലുകൾ അധ്യാപകരിൽ നിന്നും മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും വേഗത്തിൽ സ്വീകരിക്കുകയും ചെയ്തു. ചില സാങ്കേതിക കാരണങ്ങളാൽ പ്രൊപ്പോസൽ നടപ്പാക്കുന്നതിന് കുറച്ചു കാലതാമസം നേരിട്ടെങ്കിലും പരിമിതമായ സമയത്തിനുള്ളിൽ വളരെ അഭിമാനകരമായ മുന്നേറ്റം കഴിഞ്ഞ ബഡ്ജറ്റുമായി ബന്ധപ്പെട്ട്

നടത്തിയിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ 129 ഇനങ്ങളിൽ Administration Sanction നൽകിയിട്ടുണ്ട്. ചിലത് Approval ആയി നടപടിക്രമങ്ങളിലേക്ക് പോവുകയാണ്.

കേരള സർവകലാശാലയുമായി ബന്ധപ്പെട്ട മുഴുവൻ വിദ്യാർത്ഥികളേയും കേന്ദ്രീകരിച്ചിട്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എല്ലാ ഇനത്തിലും വിദ്യാർത്ഥികളാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. അതുകൊണ്ട് Budget വിദ്യാർത്ഥി കേന്ദ്രീകൃതമാണെന്ന് അഭിമാനത്തോടെ പറയാൻ കഴിയും.

സർവകലാശാലയിൽ വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും താമസിച്ചു പഠിക്കാൻ സൗകര്യമൊരുക്കണമെന്ന നമ്മുടെ ആഗ്രഹം സാമ്പത്തിക പ്രശ്നങ്ങൾ കാരണം പലപ്പോഴും നടപ്പിലാക്കാൻ കഴിയുന്നില്ല. പരമാവധി വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനുള്ള ശ്രമങ്ങളാണ് ഓരോ ബഡ്ജറ്റിലും ഉണ്ടാകുന്നത്. തൈക്കാട് University Hostel ൽ പുതിയ block പണിയാൻ ആലോചിക്കുന്നു. 200 ആൺകുട്ടികൾക്ക് താമസിച്ചു പഠിക്കാൻ സൗകര്യമുള്ള ഡോർമെട്രി കാര്യവട്ടം ക്യാമ്പസിൽ വരുന്നു. നമ്മുടെ പരിശ്രമം കൊണ്ട് സംസ്ഥാന സർക്കാർ KIIFB യിൽ ഉൾപ്പെടുത്തി ഒരു International Hostel ഉം ഒരു Ladies Hosel ഉം പണിയുന്നു. ഒരേ സമയം പണിപൂർത്തീകരിച്ചു കൊണ്ട് വിദ്യാർത്ഥികൾക്ക് നൽകാനാണ് ആലോചിക്കുന്നത്. മാത്രമല്ല ഇപ്പോൾ PM USHA പദ്ധതി പ്രകാരം 100 കോടി രൂപ കിട്ടിയിട്ടുണ്ട്. അതുവഴി ആവശ്യത്തിന് സൗകര്യങ്ങളുണ്ടാക്കാൻ സാധിക്കും. പരമാവധി വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുമായിട്ടാണ് മുന്നോട്ട് പോകുന്നത്.

കഴിഞ്ഞ ബഡ്ജറ്റിൽ സൗന്ദര്യവൽക്കണത്തിന്റെ ഭാഗമായി അവതരിപ്പിച്ച പാളയം ക്യാമ്പസിലെ വൃക്ഷങ്ങളിൽ Orchid വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ലോകത്തിലെ പല സർവകലാശാലകളിലുമുള്ളതുപോലെ പീനട്ട് ചെടികളുടെ ഉദ്യാനം കാര്യവട്ടം ക്യാമ്പസിലും പാളയം ക്യാമ്പസിലും തീർക്കാൻ പോവുകയാണ്. അടുത്ത ബഡ്ജറ്റ് സമ്മേളനത്തിനു വരുമ്പോൾ അംഗങ്ങൾക്ക് അത് നേരിട്ട് കണ്ട് ബോധ്യപ്പെടാൻ സാധിക്കും.

നമ്മുടെ സാമ്പത്തിക പരിമിതകൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി Infrastructure development സാധ്യമാക്കിയിട്ടുണ്ട്. നമ്മളെക്കൊണ്ട് സാധ്യമാകാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനോടും മറ്റ് ഏജൻസികളോടും സഹായം തേടാറുമുണ്ട്. ഇന്ത്യയിലെ State University കളിൽ 9-ാം സ്ഥാനം ലഭിച്ചത് നമ്മുടെ Infrastructure സൗകര്യങ്ങൾ കൊണ്ടുകൂടിയാണ്. Infrastructure സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ കൂട്ടായി കൈക്കൊള്ളുന്നുണ്ട്.

UIT, UIM, B.Ed Centre എന്നിവ തുടങ്ങിയത് പാർശ്വവത്ക്കരിക്കപ്പെട്ട മേഖലയിലെ പാവപ്പെട്ട കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ പഠക്കാൻ സൗകര്യമൊരുക്കുക എന്ന് സാമൂഹ്യപരമായ കാഴ്ചപ്പാടോടെയാണ്. അവിടുത്തെ ഭൗതിക സാഹചര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഇടപ്പെട്ട് കുറെയൊക്കെ മെച്ചപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള കുറവുകൾ പരിഹരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

Affiliated College കളിൽ പുതിയ programme കൾ ആരംഭിക്കുന്നത് സർക്കാരിന്റെ നയത്തിന്റെ ഭാഗമാണ്. സർവകലാശാലയ്ക്ക് അതിൽ പങ്കില്ല. നമ്മുടെ ക്യാമ്പസിൽ പുതിയ പഠന വകുപ്പുകൾ തുടങ്ങുന്നതിന് സർവകലാശാല തീരുമാനിച്ചാൽ മതി. കായിക വകുപ്പ് പഠനവകുപ്പായി ഉയർത്തുന്നുണ്ട്. അതുപോലെ ജിയോഗ്രഫി പഠനഗവേഷണ വകുപ്പും ആരംഭി

ക്കും. Forensic Science ൽ കോഴ്സുകൾ ആരംഭിക്കണമെന്ന നിർദ്ദേശം ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

Affiliated College ലെ അനധ്യാപക ജീവനക്കാരുടെ പരിശീലനം വിജയകരമായി നടത്തിവരുന്ന പരിപാടിയാണ്. അതിന് 7 ലക്ഷം രൂപ വകയിരുത്തിയിരുന്നത് 8 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നു.

ഏത് സാമൂഹ്യ പ്രശ്നങ്ങളേയും ആദ്യം അഡ്രസ് ചെയ്യേണ്ടത് സർവകലാശാലകളാണ്. ആ ഉത്തവാദിത്വമാണ് ബഡ്ജറ്റിൽ മത്സ്യതൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ പഠനവിധേയമാക്കുമെന്ന പ്രഖ്യാപനത്തിലൂടെ നടപ്പാക്കുന്നത്. കാലാവസ്ഥ വ്യതിയാനം മൂലം പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾ പാവപ്പെട്ട മത്സ്യതൊഴിലാളികളുടെ ജീവിതം പ്രയാസത്തിലാക്കുകയാണ്. ഉൾനാടൻ മത്സ്യമേഖലയെക്കുറിച്ചും പഠനം നടത്തേണ്ടതാണ്. ഭാവിയിൽ അത് ചെയ്യുന്നതാണ്.

പാളയം കാമ്പസിലെ വാഷ് റൂമുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ഉടൻതന്നെ പരിഹരിക്കുന്നതാണ്. ക്യാമ്പസിലെത്തുന്ന നൂറുകണക്കിന് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

FYUGP തന്നെ skill development ഉം ആയി ബന്ധപ്പെട്ടതാണ്. അതിന്റെ ഭാഗമായി നിരവധി സെമിനാറുകൾ കാര്യവട്ടം ക്യാമ്പസിൽ നടത്തുകയുണ്ടായി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ start up കൾ ഉള്ളത് കേരളത്തിലാണ്. സർവകലാശാലക്കും അതിൽ നിന്ന് മാറിനിൽക്കാൽ കഴിയില്ല. സ്റ്റാർട്ടപ്പുകൾ പരിപോഷിപ്പിക്കാൻ 10 ലക്ഷം രൂപ അനുവദിച്ചത് 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ മേഖലയിൽ ലോകത്തിന് തന്നെ മാതൃകയായിട്ടുള്ള നാടാണ് കേരളം . അടുത്തത് ഉന്നത വിദ്യാഭ്യാസ മേഖലയാണ് കേന്ദ്രീകരിക്കുന്നത്. ഉന്നത വിഭ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിന് ദേശീയ വിദ്യാഭ്യാസ നയത്തിൽ നല്ല നിർദ്ദേശങ്ങളുണ്ടെങ്കിൽ അത് സ്വീകരിക്കും. കേരളം അതിന്റെ തനതായ ശൈലിയിൽ മുന്നോട്ട് പോകും.

നമ്മുടെ വിദ്യാർത്ഥികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുന്ന ജനാധിപത്യ വേദികളാണ് സർവകലാശാല യൂണിയൻ, ഡിപ്പാർട്ട്മെന്റ് യൂണിയൻ, റിസർച്ച് യൂണിയൻഎന്നിവ. ഈ മൂന്ന് യൂണിയനുകൾക്കും ബഡ്ജറ്റിൽ മതിയായ പ്രാതിനിധ്യം നൽകുകയും സർവകലാശാല യൂണിയന് 10 ലക്ഷം രൂപ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾക്ക് നിലവിൽ ഡിപ്പാർട്ട്മെന്റ് യൂണിയനും റിസർച്ച് യൂണിയനും നൽകുന്ന തുകക്കു പുറമേ 2 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

Research slab ഏർപ്പെടുത്തുന്നത് UGC Regulation ൽ ഒരു മാറ്റവും വരുത്താതെയാണ്. UGC പറയുന്നത് 3 വർഷം കൊണ്ട് ഗവേഷണം പൂർത്തിയാക്കാം. പരമാവധി 5 വർഷം എന്നാണ്. വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പിലോ UGC നിയമത്തിലോ യാതൊരു മാറ്റവും വരുത്താതെ വേഗത്തിൽ Ph.D പൂർത്തിയാക്കാൻ കഴിയുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് എല്ലാ വിധ പിന്തുണയും നൽകുന്നതിനു വേണ്ടിയാണ് Research slab ഏർപ്പെടുത്തുന്നത്. അവർക്ക് എല്ലാവിധ പിന്തുണയും നൽകിയാൽ മാത്രമേ നമ്മുടെ സർവകലാശാല IIT പോലെയൊക്കെ ഉന്നതിയിലെത്തൂ. UGC റെഗുലേഷനിൽ യാതൊരു മാറ്റവും വരുത്തുന്നില്ല നിയമപരമായ യാതൊരു തടസവും Research slab ഏർപ്പെടുത്തുന്നതിനില്ല.

സർവകലാശാലയിലേയും അഫിലിയേറ്റഡ് കോളേജുകളിലെയും മുഴുവൻ അധ്യാപകരും സ്വയം സമർപ്പിതമായ മനസ്സോടെ നിന്നതുകൊണ്ടാണ് ഇന്ത്യയിൽ ആദ്യമായി ഇത്രയധികം കോഴ്സുകളിൽ FYUGP ഒറ്റയടിക്ക് നടപ്പിലാക്കാൻ സാധിച്ചത്. അവരെ അങ്ങേയറ്റം അഭിനന്ദിക്കുന്നു. അവരോട് വിവേചനം കാണിച്ചിട്ടില്ല. Remuneration കൊടുക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതികമായ തടസങ്ങളെല്ലാം പരിഹരിച്ച് കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

ഗാന്ധിയൻ ആശയങ്ങൾ വിദ്യാർത്ഥി സമൂഹത്തിന് പ്രചരിപ്പിക്കുതിനും അതിനാവശ്യമായ പ്രഭാഷണങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കുന്നതിനുമായി ഗാന്ധിയൻ സെന്ററിന് 3 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

ബഡ്ജറ്റ് രണ്ട് ദിവസമായിട്ടാണ് ആദ്യം തീരുമാനിച്ചിരുന്നത്. നിയമസഭ നടക്കുന്നതിനാലാണ് അത് ഒരു ദിവസമായി മാറ്റിയത്. തുടർന്ന് വരുന്ന വർഷങ്ങളിൽ രണ്ടു ദിവസമായി നടത്താവുന്നതാണ്. ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞതുപോലെ വിശാലമായ ചർച്ച സെനറ്റിൽ നടക്കണമെന്നാണ് നമ്മുടേയും ആഗ്രഹം.

കൊല്ലം പഠനഗവേഷണ കേന്ദ്രത്തിന് അനുയോഗ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള അന്വേഷണത്തിന്റെ അവസാനഘട്ടത്തിലാണ്. അടുത്ത ബഡജറ്റ് സമ്മേളനം തുടങ്ങുന്നതിന് മുമ്പ് തന്നെ കൊല്ലം പഠനഗവേഷണ കേന്ദ്രത്തിന് തറക്കല്ലിട്ടിരിക്കും.

ശാസ്താംകോട്ട ഒരു പാട് ചരിത്ര പശ്ചാത്തലമുള്ളതും ഒഴിവാക്കാൻ പറ്റാത്തതുമായ ഒരു മേഖലയാണ്. പ്രത്യേകിച്ച് ശുദ്ധ ജലത്തിന്റെ കാര്യത്തിൽ ആധികാരികമായ പഠനം സർവകലാശാല നടത്തിയിട്ടുണ്ട്. ഇനിയും അതിനേക്കുറിച്ച് പഠിക്കേണ്ടതാണ്. PG Syllabus പരിഷ്കരണം ഭാവിയിൽ ആലോചിക്കാവുന്നതാണ്.

Gym, Swimming Pool എന്നിവ നിർമ്മിക്കുന്നത് വിദ്യാർത്ഥികൾക്ക് വേണ്ടിയിട്ടാണ്. സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിതനയമാണ് 'ആരോഗ്യമുള്ള ഒരു ജനതയാണ് നമ്മുടെ നാടിന്റെ സമ്പത്ത്" എന്നത്. എല്ലാ പഞ്ചായത്തിലും കായികമേഖലയെ പ്രോത്സാഹിപ്പിക്കാൻ ഒരു ground വേണമെന്ന ആശയം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സർവകലാശാലയക്ക് അതിൽ നിന്ന് മാറി നിൽക്കാൻ കഴിയില്ല. ഭൗതിക പശ്ചാത്തലങ്ങൾ ഒരുക്കുന്നതിന് കോടികൾ ചെലവിടേണ്ടി വരും.

കേരളം മാറുകയാണ് കൊല്ലും കൊലയും മയക്കുമരുന്നുമെല്ലാം ലോകത്തിലെല്ലായിടവും ഉണ്ട്. ഇതെല്ലാം കേരളത്തിൽ മാത്രമേയുള്ളൂ എന്ന നിലയിലുള്ള ചർച്ച ജനാധിപത്യവേദിയായ സെനറ്റിന് ചേർന്നതല്ല. കേരളം മാറുന്നത് കാണാതെ പോകാൻ കഴിയില്ല. പച്ചക്കറിക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിൽ നിന്ന് പച്ചക്കറി കേരളത്തിൽ ഉൽപാദിപ്പിക്കണം എന്ന ചിന്തഗതിയിലേക്ക് മാറിയിട്ടുണ്ട്. ആരോഗ്യ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾക്ക് കേന്ദ്രഗവൺമെന്റിന്റെ അവാർഡുകളെല്ലാം കേരളത്തിനാണ് ലഭിക്കുന്നത്. വ്യവസായം ഇല്ലാതിരുന്ന കേരളത്തിൽ ഇന്ന് കോടികൾ മൂലധനം നിക്ഷേപിക്കാൻ രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള വ്യവസായികൾ തയ്യാറായി വരുന്നു. പശ്ചാത്തല വികസനത്തിലും കേരളം മാറിയിട്ടുണ്ട്. അതാണ് മാറിയ കേരളം. സാമ്പത്തിക വളർച്ചയുടെ ഫലം നമുക്ക് കാണാൻ കഴിയുന്നുണ്ട്. മൂല്യാധിഷ്ഠിതമായി നോക്കിയാൽ ജനാധിപത്യം, മതേതരത്വം, സാഹോദര്യം, സഹിഷ്ണുത എന്നിവ ഏറ്റവും നന്നായി പരിപാലിക്കപ്പെടുന്നത് കേരളത്തിലാണ്. ആ കേരളത്തെ പഠിക്കാൻ ഒരു സർവകലാശാല തയ്യാറായാൽ അതിനെ ഇരു കൈയ്യും നീട്ടി സ്വീകരിക്കണം.

കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ Administrative sanction കിട്ടിയവയിൽ conclave ഉൾപ്പെടുന്നുണ്ട്. പരിപാടികൾ നടക്കുമ്പോൾ എല്ലാ അംഗങ്ങളും പങ്കെടുക്കണം. Councelling Psychology ആരംഭിക്കുന്നതിനേക്കുറിച്ച് ചർച്ചയിൽ തന്നെ വിശദീകരിച്ചതാണ്. Cancer, breast

cancer എന്നിവയേക്കുറിച്ചുള്ള പഠനമായാലും നെല്ലിനങ്ങളേക്കുറിച്ചുള്ള പഠനമായാലും സർവകലാശാലയിലെ അക്കാദമിക് പണ്ഡിതൻമാർ തരുന്ന പ്രൊപ്പോസലുകളുടേയും അവരുമായിട്ടുള്ള ചർച്ചകളുടേയും ഭാഗമായിട്ടാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നത്. നമ്മുടെ 44 ഡിപ്പാർട്ടുമെന്റുകളിലെ അധ്യാപകർ ഇന്ത്യയിലെ ഏറ്റവും മികച്ച അധ്യാപകരുടെ പട്ടികയിൽ ഉൾപ്പെടുന്നതിനാലാണ് നമുക്ക് NIRF ranking ൽ മുന്നേറാനും ഇന്ത്യയിലെ State University കളിൽ ആദ്യ പത്തിൽ എത്താനും സാധിച്ചത്. അവർ തരുന്ന ഗവേഷണ നിരീക്ഷണ പ്രൊപ്പോസലുകളെ വിശ്വാസത്തിലെടുക്കുന്നതാണ് ഈ സർവകലാശാലയുടെ മഹത്തായ നേട്ടത്തിന്റെ ഉറവിടം. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ industrial collaboration ന്റെ നടപടിക്രമങ്ങൾ മുന്നോട്ട് നീക്കിക്കൊണ്ടിരിക്കുകയാണ്. കേരള സർവകലാശാലയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് Affiliated College കൾക്ക് ഇത്രയധികം തുക വകയിരുത്തിയ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നത്.

ലോകത്ത് വിഷമമനുഭിവിക്കുന്ന, പ്രയാസപ്പെടുന്ന ഏതൊരു മനുഷ്യനുണ്ടോ നിങ്ങളെ ഞാൻ സ്വീകരിക്കുന്നു എന്റെ നാട്ടിലേക്ക്. ആ നാടാണ് ഭാരതം എന്ന് പറഞ്ഞ വിവേകാനന്ദന്റെ നാടാണ് നമ്മുടേത്. ലോകത്ത് ഏതൊരു മനുഷ്യൻ വിഷമമനുഭവിച്ചാലും ഏതൊരു കുഞ്ഞ് മരണപ്പെട്ടാലും നമുക്ക് വേദനിക്കും. അതൊരു സർവകലാശാലയുടെ ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തമാണ് ലോകസമാധാനത്തിന് കോൺക്ലേവ് നടത്തുന്നതിലൂടെ പ്രതിഫലിപ്പക്കുന്നത്.

സർക്കാരിന്റെയോ മറ്റ് ഏജൻസികളുടെയോ സഹായത്തോടെ നമുക്ക് ഒരു സ്പോർട്സ് ഹോസ്റ്റൽ നിർമ്മാണം ഭാവിയിൽ നടപ്പാക്കുന്നതാണ്. Occupational therapy യിൽ കോഴ്സും നമുക്ക് ഭാവിയിൽ ആരംഭിക്കാവുന്നതാണ്.

Equal Opportunity Cell/ഭിന്നശേഷി സൗഹൃദം നമ്മുടെ സർവകലാശാലയുടെ ranking ഉം ആയി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒന്നാണ്. അതിന് 10 ലക്ഷം രൂപ വകയിരുത്തിയത് 20 ലക്ഷം രൂപ യാക്കി വർദ്ധിപ്പിക്കുന്നു.

ലഹരിയെക്കുറിച്ച് ബഹുമാനപ്പെട്ട ചാൻസിലറും വൈസ്ചാൻസിലറും ഉൾപ്പെടെ എല്ലാ വരും സംസാരിച്ചു. കേവലം ലഹരി വിരുദ്ധ ക്യമ്പയ്ൻ നടത്തുക മാത്രമല്ല നമ്മുടെ ലക്ഷ്യം ബോധവൽക്കരണ സെമിനാറുകൾ, മത്സരബുദ്ധിയോടുകൂടി കോളേജുകൾക്ക് ഏറ്റെടുക്കാൻ പറ്റുന്ന പരിപാടികൾ എല്ലാം ഇതിലുണ്ട്. എന്തുകൊണ്ട് പുതിയ തലമുറ ഇത്തരത്തിലേക്ക് പോകുന്നു എന്നതിനേക്കുറിച്ച് ആഴത്തിലുള്ള പഠനവും നടത്തുന്നതിനുള്ള ഉത്തരവാദിത്തവും കൂടി സർവകലാശാലക്കുണ്ട്. ചാൻസിലറുമായുള്ള ചർച്ചക്കുശേഷം വൈസ്ചാൻസിലർ സിൻഡി ക്കേറ്റംഗവുമായുള്ള കൂടിക്കാഴ്ചയിൽ നൽകിയ നിർദ്ദേശങ്ങളും കൂടി പരിഗണിച്ചാണ് കാര്യവട്ടം ക്യാമ്പസിലെ സുരക്ഷക്കായി ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്താൻ തീരുമാനിച്ചത്. സർവകലാ ശാലയുടെ പെർഫോമിംഗ് ആന്റ് വിഷ്വൽ ആർട്സിന്റെ പ്രവർത്തനസഹായമായി ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തുന്നു.

ഭൂരിപക്ഷം പേരും ബഡ്ജറ്റിനേക്കുറിച്ച് പോസിറ്റീവ് ആയ അഭിപ്രായമാണ് പറഞ്ഞത്. വിമർശനങ്ങളെ ശത്രുതാമനോഭാവത്തോടെ കാണുന്നില്ല. അതിനേയും പോസിറ്റീവ് ആയി സ്വീക രിക്കും. പക്ഷേ യാഥാർത്ഥ്യത്തെ മറന്നുകൊണ്ട് വിമർശനമുന്നയിക്കാൻ പാടില്ല. നമ്മുടെ പ്രവർത്തനങ്ങളെ വഴിതിരിച്ചുവിടാൻ ശ്രമിക്കുന്നവരുണ്ട്. അവരുടെ പ്രവർത്തനങ്ങളിൽ വീഴാതിരി ക്കുവാനുള്ള കരുത്തും ശേഷിയും ഇത്തരം സഭകൾക്കും അക്കാദമിക് സമൂഹത്തിനുമുണ്ടാകണം. വരാൻ പോകുന്ന തലമുറയുടെ അക്കാദമിക് മുന്നേറ്റത്തിൽ ഏറ്റവും നിർണായകമായ ഒന്നായി നമ്മുടെ മഹത്തായ സ്ഥാപനത്തെ മാറ്റുക എന്നുള്ളതാണ് ഈ ബഡ്ജറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികളെ മാത്രം കേന്ദ്രീകരിച്ചുള്ള പഠനവും ഗവേഷണവും പശ്ചാത്തല വികസനവും അനു

ബന്ധ പരിപാടികളുമാണ് ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബഹുമാന്യനായ ചാൻസിലർ പറഞ്ഞതുപോലെ നാമോരുത്തരും 365 ദിവസവും സെനറ്റ് മെമ്പർമാരായി പ്രവർത്തിച്ച് ഈ സർവ കലാശാലയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താനുള്ള പ്രവർത്തനങ്ങൽ കൂട്ടായി ഏറ്റെടു ക്കാം. എല്ലാ സങ്കുചിത താൽപര്യങ്ങളും രാഷ്ട്രീയ വ്യത്യാസങ്ങളും മാറ്റിവച്ച് ഒറ്റക്കെട്ടായി ഈ സർവകലാകാലയുടെ വളർച്ചക്കായി നമുക്ക് പ്രവർത്തിക്കാം. ഞാൻ സെനറ്റ് മെമ്പറായിരുമ്പോ ഴാണ് ഈ സർവകലാശാല വളർച്ചയുടെ പടവുകളിലേക്ക് എത്തിയത് എന്ന് നമുക്ക് ഓരോരു ത്തർക്കും അഭിമാനിക്കാൻ കഴിയുന്ന വിധത്തിൽ സർവകലാശാലയുടെ തുടർപ്രവർത്തനങ്ങളും നമുക്ക് ഏറ്റെടുക്കാം എന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാനെന്റെ മറുപടി പ്രസംഗം അവസാനിപ്പിക്കു ന്നു. ബഡ്ജറ്റ് അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

*The Vice-Chancellor declared that the Budget Speech and Budget Estimates for the financial year 2024-2025 are passed subject to the modification suggested by the Convenor, Standing Commitee of the Syndicate on Finance.*

**05. Annual Report of the University for the year 2024 –Review of the draft Annual Report– reg. (Ac.D)**

As per Sub-Section (5) Statute (10) in Chapter 6 of the Kerala University First Statutes 1977, the Annual Report of University of Kerala as approved by the Syndicate should be placed before the annual meeting of the Senate for review.

The meeting of the Syndicate held on 17.03.2025 vide Item No. 18.06 considered the Draft Annual Report of the University of Kerala for the year 2024 and resolved to approve the Draft Annual Report-2024 of the University and place the same before the Senate for consideration.

As per the orders of the Vice Chancellor, the Draft Annual Report of the University of Kerala for the year 2024 is placed before the Senate for approval.

**The House considered and approved the Annual Report of the University for the year 2024.**

==============================================================

*The Chair thanked the Members for their co-operation.*
*The meeting was adjourned at 04.00 p.m.*

**Sd/-**
**REGISTRAR**

**Sd/-**
**VICE-CHANCELLOR**

***University Buildings,***
***Thiruvananthapuram.***
***26.03.2025***